2017 ഏപ്രിൽ

# സ്വസ്തി

ത്രൈമാസിക



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

കവർ ചിത്രം: അക്കിത്തം നാരായണൻ


ശ്രുതി
എന്റർപ്രൈസസ് & പൂജാസ്റ്റോർ
പോലൂർ അമ്പലത്തിന് സമീപം
പോലൂർ, പറമ്പിൽ ബസാർ
ഫോൺ: 9747128858
9947281743, 9497453320
പൂജാപാത്രം, വെള്ളിക്കുടം,
വെള്ളിശംഖ്, ഹോമസെറ്റ്,
ഉരുളികൾ, കലശപ്പാനി,
ദ്രവ്യങ്ങൾ, പുഷ്പങ്ങൾ
തുടങ്ങി എല്ലാ സാധനങ്ങളും
ഒരു കുടക്കീഴിൽ
ക്ഷേത്രപരിപാടികൾക്കാവശ്യമായ എല്ലാ സാധനങ്ങളും
വാടകയ്ക്കും വിലയ്ക്കും എത്തിച്ചുകൊടുക്കുന്നു.
Props: രാധാകൃഷ്ണമാരാർ, അനീഷ്മാരാർ
email: aneeshpmarar@gmail.com

പുസ്തകം 1 | ലക്കം 2

# 2017 ഏപ്രിൽ

5119 ചൈത്രം (യുഗാബ്ദം) 1192 മേടം (കൊല്ലവർഷം)
ശ്വേതാശ്വരകല്പം-വൈവസ്വത മന്വന്തരം (7) വസന്ത ഋതു
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

# ആന്ധ്രയുടെ മാർഗ്ഗദർശനം

**അ**ഭിവാദയേ പരമേശ്വരശർമ്മാ*ഽ*ഹം ഭോ:

എല്ലാ സ്വസ്തി വായനക്കാർക്കും വിഷു ആശംസകൾ

ലോകപ്രശസ്ത ചിത്രകാരൻ അക്കിത്തം നാരായണൻ അവർകൾ പാരീസിൽ നിന്നും വരച്ച് അയച്ചുതന്ന ചിത്രം മുഖചിത്രമാക്കിയാണ് 'സ്വസ്തി'യുടെ ദ്വിതീയ ലക്കം ഇറക്കുന്നത്. അതോടൊപ്പം വൈവിദ്ധ്യമാർന്ന വിഭവങ്ങളും വായനക്കായി ചേർത്തിട്ടുണ്ട്.

ഋഷിതുല്യനായ മഹാകവി അക്കിത്തം ബാല്യത്തിൽ തനിക്ക് കവിതയുടെ ഉറവപൊട്ടിയ അനുഭവം പങ്കുവെക്കുന്നു. മുഖചിത്രകാരനായ അനുജനെക്കുറിച്ചും ചിലത് പറയുന്നുണ്ട്. അകാലത്തിൽ പൊലിയുന്നതിനു മുമ്പ് സ്ത്രീ ശാക്തീകരണ വിഷയത്തിൽ കേരളത്തിന്റെ സാമൂഹ്യ ചരിത്രാകാശത്തിൽ ധ്രുവതാരമായി സ്ഥാനംപിടിച്ച പാർവ്വതി നെന്മിനിമംഗലത്തിന്റെ ഒരു ഉജ്ജ്വല പ്രസംഗം ഇതിൽ ചേർത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ തൃക്കുറ്റിശ്ശേരിയിലെ ഒരു തറവാട്ടുമുറ്റത്ത് നാലു വർഷം മുമ്പ് ലോകത്തിലെ ഏറ്റവും വലിയ ശ്രീചക്ര മഹാമേരു പ്രതിഷ്ഠയുണ്ടായതിന്റെ കഥയാണ് 'ഇല്ലപ്പെരുമ'യിൽ വിവരിക്കുന്നത്. സ്വജീവിതം കൊണ്ട് ഊർജ്ജസ്വല മാതൃക കാട്ടുന്ന ചിലരെ പരിചയപ്പെടാം- 'സിനിമയിലല്ലാ'ട്ടോ.

ദിശാബോധത്തോടെ യോഗക്ഷേമസഭാ പ്രവർത്തനം നടത്താൻ 'സ്വസ്തി'യിലൂടെ ജില്ലാ നേതൃത്വം നിർദ്ദേശിക്കുന്നു. സംഘടനാ സംവിധാനത്തിന് ഊർജ്ജം പകരാനുള്ള സന്ദേശങ്ങൾ ആധുനിക ആശയ വിനിമയോപാധികളിലൂടെയെല്ലാം സഭാംഗങ്ങൾക്കു കിട്ടുന്നുണ്ടാകും. നേരിട്ടു വിളിച്ചുപറഞ്ഞും കത്തയച്ചും ആയിരുന്നു മുൻകാലങ്ങളിൽ ഇത്. യോഗക്ഷേമസഭയുടെ സംഘടനാ ദൗത്യത്തിൽ മുന്നിൽ പോകുന്ന സന്ദേശവാഹകന്റെ ധർമ്മമാണ് 'സ്വസ്തി'ക്ക് നിർവ്വഹിക്കാനുള്ളത്. 'സ്വസ്തി'ക്ക് വരിക്കാരും വായനക്കാരും ഉള്ള പ്രദേശങ്ങളിൽ സഭാ പ്രവർത്തനം ഭാവാത്മകമായിത്തീരും. അതിനാൽ സഭാ പ്രവർത്തകർക്ക് 'സ്വസ്തി'യുടെ കോപ്പികളുമായി ചെല്ലുമ്പോൾ എല്ലായിടത്തും സ്വാഗതം ലഭിക്കുന്നതാണ് പൊതു അനുഭവം.

യജ്ഞഭാവത്തോടെ കർമ്മങ്ങളനുഷ്ഠിച്ചിരുന്നവരുടെ പിൻതലമുറക്കാർക്ക് ആധുനിക മാനേജ്മെന്റിന്റെ സങ്കേതങ്ങൾ ദുർഗ്രഹമാകാൻ വഴിയില്ല. പാഠങ്ങൾ പകർന്നുതരാൻ സന്മനസ്സുള്ള ഒരു 'മാനേജ്മെന്റ് ഗുരു'വിനെ സ്വസ്തിയുടെ ഈ ലക്കത്തിലൂടെ പരിചയപ്പെടാം.

സനാതന ധർമ്മാധിഷ്ഠിതമായ സംഘടിത സമാജത്തിന്റെ ബലത്തിൽ ഭാരതത്തെ വികസനത്തിന്റെ പരമകാഷ്ഠയിൽ എത്തിക്കാനുള്ള പരിശ്രമങ്ങളോരോന്നും സ്വധർമ്മമാണെന്ന ബോദ്ധ്യത്തോടെ കർമ്മോത്സുകരാകാൻ നമുക്ക് കഴിയട്ടെ.

നമ്മുടെ പരശുരാമ ക്ഷേത്രത്തിൽ ബ്രഹ്മവർഗ്ഗത്തിനായി യാതൊരു സർക്കാർ സംവിധാനവും പ്രവർത്തിക്കുന്നില്ല; പ്രവർത്തിക്കണമെന്ന് ആർക്കും താല്പര്യമുള്ളതായും കാണുന്നില്ല. എന്നാൽ ആന്ധ്രപ്രദേശിലെ ബ്രാഹ്മണ ക്ഷേമ കോർപ്പറേഷൻ (എ.ബി.സി.) മുഴുവൻ ഭാരതത്തിനും മാതൃകയാണെന്ന് പറയേണ്ടിയിരിക്കുന്നു. യോഗക്ഷേമസഭയുടെയും ആൾ കേരള ബ്രാഹ്മണ ഫെഡറേഷന്റെയും നേതൃത്വത്തിൽ സോദ്ദേശ്യ നീക്കങ്ങൾ, സമാനമനസ്കരുമായി ആശയ വിനിമയങ്ങൾ, പൊതുസമൂഹത്തിലെ സജ്ജന ശക്തിയുടെ പിന്തുണയോടെ പ്രയോഗിച്ചുനോക്കാവുന്നതാണ്. അധികാരികൾ കണ്ണുതുറക്കുന്നതിനാവശ്യമായ സമാധാനപരമായ സമരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യാം. ആന്ധ്രപ്രദേശ് മുഖ്യമന്ത്രിയെ കേരള തലസ്ഥാനത്ത് ക്ഷണിച്ചുകൊണ്ടുവന്ന് ഒരു അനുമോദന യോഗം എന്തുകൊണ്ട് ചിന്തിച്ചുകൂടാ? ആന്ധ്രയിൽ എ.ബി.സി.ക്ക് ചുക്കാൻ പിടിക്കുന്നവരും അതിൽ ഉണ്ടാവണമെന്ന് താല്പര്യപ്പെടാം. യോഗക്ഷേമസഭയുടെ സംസ്ഥാന നേതൃത്വത്തിന്റെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊണ്ട് വിരാമസ്താവൽ.

**പത്രാധിപർ**

Swasthi Trimonthly | C/o K.M. Parameswaran | "Aryasree' | Arakkinar P.O | Kozhikode -673028 | Mob: 8089441634
Printed at Premier Printers | Annie Hall Road | Calicut-2 For private circulation only




# ആരൊക്കെ/ എന്തൊക്കെ

**ചീഫ് എഡിറ്റർ**
കൊയത്തൊടി ചെറുമുക്കു പരമേശ്വരൻ

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി

**മാനേജിംഗ് എഡിറ്റർ**
ഉമശ്രീ കിഴക്കുമ്പാട്

**അംഗങ്ങൾ**
ഡോ. വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി
വി.ഇ. നാരായണൻ നമ്പൂതിരി
വിനോദ് മങ്ങത്തായ
രവി മങ്ങത്തായ

**മാനേജിംഗ് കമ്മിറ്റി**
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി
(പ്രിന്റർ ആന്റ് പബ്ലിഷർ)
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്
(സർക്കുലേഷൻ മാനേജർ)
വിനീത്‌രാജ് കന്മന,
വിനീത് കണ്ടമംഗലം

**ഉപദേശക സമിതി**
പാലാഞ്ചീരി നാരായണൻ നമ്പൂതിരി
(യോഗക്ഷേമ സഭ സംസ്ഥാന സമിതി അംഗം)
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
(ജില്ലാ സെക്രട്ടറി)
രമേശൻ പുൽപ്പറമ്പിൽ
ഹേമലതാദേവി പാറക്കോട്
(ജില്ലാ വനിതാ സഭാ പ്രസിഡന്റ്)

**ആർട്ടിസ്റ്റ്**
മുഖചിത്രം- അക്കിത്തം നാരായണൻ
തലക്കെട്ട്- എം.പി.ചന്ദ്രദാസ്

**വര**
ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരി

**ഡിസൈനിംഗ്**
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട് -673001
9847941277

**5** **ആരാണക്കിത്തം?**
'ഇത്രയെല്ലാം കണ്ണീർ കണ്ടപ്പോൾ ഞാനങ്ങു തീരുമാനിച്ചിരിക്കാം. ശരി, ഭൂമിയിൽ ചെന്നു ജനിക്കുകതന്നെ.' തന്നിലുള്ള ഭഗവാനെ സ്വയം കണ്ടെത്തിയ സംഭവം മഹാകവി വിവരിക്കുന്നു.

**9** **സിനിമയിലല്ല.** സിനിമാക്കഥകളെ നിഷ്പ്രഭമാക്കുന്ന ജീവിതാനുഭവങ്ങളോടെ പൊതുസമൂഹത്തിന് അനുകരണീയ ജീവിതമാതൃകകളായ ഒരുപിടി അസ്മാദികൾ- ഇവരെയെല്ലാം നിങ്ങളറിയും.

**29** **മുഖചിത്രകാരൻ അക്കിത്തം നാരായണൻ.** മഹാകവിയുടെ കുഞ്ഞനുജൻ. 'സ്വസ്തി'ക്കായി ഒരു ചിത്രം അഭ്യർത്ഥിച്ചപ്പോൾ രണ്ടാമതൊന്നാലോചിക്കാതെ ഏൽക്കുകയും പാരീസിൽ തിരിച്ചെത്തി അയച്ചുതരികയും ചെയ്ത ലോകപ്രശസ്ത ചിത്രകാരൻ.

**20** **സൈബരാപുരത്തെ കണി.** സൈബർ ലോകത്തെ അതികായൻ സുക്കർബർഗ്ഗ് ഭഗവാൻ ശ്രീകൃഷ്ണന്റെ ആവശ്യപ്രകാരം വിഷുക്കണിയൊരുക്കാൻ ഉദ്യമിച്ചാൽ എങ്ങനെയിരിക്കും? ഒരു സാങ്കല്പിക ബിസിനസ് സംഭാഷണം

**23** നാം തീർച്ചയായും പരിചയപ്പെടേണ്ട ഒരു മാനേജ്മെന്റ് ഗുരു **ഐ.ഐ.എം.കെ. ഫാക്കൽറ്റി കൃഷ്ണൻ നമ്പൂതിരി**



കവർ സ്റ്റോറി

# സ്വപ്നം കണ്ടത് ശ്രീയായി

30

ലോകത്തിലെ ഏറ്റവും വലിയ ശ്രീചക്ര മഹാമേരു തൃക്കുറ്റിശ്ശേരി പാലക്കാട്ട് പ്രതിഷ്ഠിതമായതിന്റെ സംഭവ പരമ്പരകൾ ആണ് 'ഇല്ലപ്പെരുമ' വിഭാഗത്തിലെ കവർ സ്റ്റോറി.



**യോഗക്ഷേമസഭാ സംസ്ഥാന അദ്ധ്യക്ഷൻ / അഭിമുഖം**

7

യോഗക്ഷേമസഭാ സംസ്ഥാന അദ്ധ്യക്ഷൻ വൈക്കം പി.എൻ. നമ്പൂതിരിയുമായി കോഴിക്കോട് ജില്ലാ അദ്ധ്യക്ഷൻ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി നടത്തിയ അഭിമുഖം



**സമുന്നതിയും എ.ബി.സി.യും താരതമ്യം**

27

കേരള സർക്കാർ മുന്നോക്ക ക്ഷേമത്തിനും ആന്ധ്രാപ്രദേശ് സർക്കാർ ബ്രാഹ്മണ സമുദായ ക്ഷേമത്തിനുമായി ആവിഷ്കരിച്ച രണ്ട് പദ്ധതികൾ- സമുന്നതിയും എ.ബി.സി.യും താരതമ്യം ചെയ്യാൻ വായനക്കാർക്ക് ഒരവസരം.

42



**അത്ഭുതാദരങ്ങളോടെ**

40

സ്ത്രീശാക്തീകരണത്തിന്റെ യോഗക്ഷേമസഭാ മാതൃകയെന്ന് നിസ്സംശയം പറയാവുന്ന പാർവ്വതി നെന്മിനിമംഗലത്തെ ഏഴു പതിറ്റാണ്ടുകൾക്ക് ശേഷവും അത്ഭുതാദരങ്ങളോടെ ഓർത്തുപോകുന്നു.


**4, 26, 46, 48 പേജുകളിലായി നാലു കവിതകൾ, രണ്ടു ചെറുകഥകൾ (പേജ് 49, 51), സഭാ വാർത്തകൾ (പേജ് 54, 59, 60), ഉച്ചക്കാവിലെ കൃഷിയിറക്കൽ (പേജ് 38), രാമല്ലൂരിലെ മേളപ്പെരുക്കം (പേജ് 44)– അങ്ങിനെ ഒട്ടേറെ വിഭവങ്ങളുമായി വിഷുക്കണിയൊരുക്കിക്കൊണ്ട് സ്വസ്തിയുടെ ദ്വിതീയ ലക്കം.**


സ്വസ്തി
ത്രൈമാസിക

# എല്ലാം അറിയുന്ന കണ്ണൻ



വൈത്തല ശ്രീദേവി അന്തർജ്ജനം



മനംകൊണ്ട് നിത്യം ഞാൻ
പ്രദക്ഷിണം വെയ്ക്കുന്നു
അറിയുന്നതില്ലെ നീ കണ്ണാ
ഹരിനാമം ചൊല്ലി ഞാൻ
തിരുമുമ്പിലെത്തുമ്പോൾ
ഒഴുകുന്നു കണ്ണുനീർ കണ്ണാ

ഒരുപാടു കാര്യങ്ങൾ
പറയുവാനായി ഞാൻ
തിരുമുമ്പിൽ വന്നുവെന്നാലും
ഒന്നുമോർക്കാതെ ഞാൻ
കണ്ണുനീർ വാർത്തിട്ടു
മിഴിയടക്കാനേ കഴിയൂ...

നിമിഷങ്ങൾ ചെന്നപ്പോൾ
ഓർത്തുപോയ് ഞാൻ
എന്തേ പറയാഞ്ഞതൊന്നും?

എന്തിനു പറയുന്നു? കണ്ണനല്ലേ
നീ എല്ലാം അറിയുവോനല്ലേ
നീ എന്നെ അറിയുവോനല്ലേ....

# ആരാണക്കിത്തം?

കെ.എം.പരമേശ്വരൻ



**ഭാ**രത സർക്കാർ 'പത്മശ്രീ' നൽകി ആദരിച്ച മഹാകവി അക്കിത്തത്തിന് 'സ്വസ്തി' ത്രൈമാസികയുടെ ആദ്യ ലക്കം നൽകി അനുഗ്രഹം വാങ്ങാൻ അമേറ്റിക്കരയിലെ 'ദേവയാന'ത്തിലേക്ക് പോകുമ്പോൾ മനസ്സ് ചോദിക്കുന്നുണ്ടായിരുന്നു. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' രചിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ആറര പതിറ്റാണ്ടു മുമ്പേ അനഭിമതനായിത്തീർന്ന അദ്ദേഹം സ്വയം കമ്മ്യൂണിസ്റ്റുകാരൻ എന്നു വിശേഷിപ്പിച്ചാൽ പോലും കമ്മ്യൂണിസ്റ്റുകാർ സമ്മതിക്കുമെന്ന് തോന്നുന്നില്ല. 'ആത്മാവിൽ ആയിരം സൗരമണ്ഡലം ഉദിക്കുന്ന' ദുസ്വഭാവം അന്നേ ഉള്ളവനെ തികഞ്ഞ ഭൗതികവാദ പ്രസ്ഥാനമായ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ഉൾക്കൊള്ളാനുള്ള പ്രയാസം മനസ്സിലാക്കാവുന്നതേ ഉള്ളൂ.

എന്റെയല്ലെന്റെയല്ലീ
ക്കൊമ്പനാനകൾ
എന്റെയല്ലീ മഹാ
ക്ഷേത്രവും മക്കളെ...
ഗർഭഗൃഹത്തിലു
ണ്ടാശ്രിതവാത്സല്യ-
നിർഭരനായൊരാളെ
ന്റെയായെന്റെയായ്.
ഞാനുയിർക്കൊള്ളുന്നു വിശ്വാസശക്തിയാൽ...

എന്ന് പണ്ടത്തെ മേശാന്തിയിലൂടെ പ്രഖ്യാപിച്ച നമ്പൂരിമനുഷ്യന് സഖാവാകൽ അചിന്ത്യം തന്നെ. നമ്പൂരിയെ മനുഷ്യനാക്കാനും അവസാനം മനുഷ്യനെ നമ്പൂരിയാക്കാനും ആഹ്വാനം ചെയ്ത വി.ടി. രാമൻ ഭട്ടതിരിപ്പാടിന്റെ സഹയാത്രികന് നമ്പൂരിയും മനുഷ്യനും പര്യായപദങ്ങൾ മാത്രം.

'സോമതെസ്സാമത്തെ വെല്ലുന്നൊരു ലയ രോമാഞ്ചമായി ഞാൻ ഉയിർന്നിടുന്നു' എന്ന ഝങ്കാരവും അക്കിത്തം ഉൽഘോഷിച്ചിട്ടുണ്ട്. പത്ത് അതിരാത്രങ്ങൾ ഉണ്ടായ ഇല്ലത്ത് അവതാരം കൊണ്ട ഒരു ദിവ്യാത്മാവാണ് മഹാകവി അക്കിത്തം എന്നതൊരു തിരിച്ചറിവാണ്. ഇത് മഹാകവി തന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. സഹൃദയരുടെ ബോദ്ധ്യത്തിനായി 'എന്റെ കവിത'യിൽ അക്കിത്തം പറയുന്നതെന്താണെന്ന് ശ്രദ്ധിച്ചുനോക്കൂ:

അമേറ്റൂർ അക്കിത്തത്തുമന കുറ്റിമുടിയാതിരിക്കാൻ ആ ഇല്ലത്ത് ഉണ്ണിയുണ്ടാവണം.തിരുവോണമൂട്ടുകൾ, ഗണപതി ഹോമം, ഈശ്വരസേവകൾ, കാലുകഴുകിച്ചൂട്ടുകൾ, ജാതിമതഭേദമില്ലാതെ വരുന്നവർക്കൊക്കെ സദ്യയും എണ്ണയും മുണ്ടും, വലിയ പയറ്റുകണ്ടം മുഴുവൻ കായ്ച്ചുനിൽക്കുമ്പോൾ പശുക്കളെക്കൊണ്ടു തീറ്റുക, അത്, ഇത്! ഇത്രയെല്ലാം കണ്ണീർ കണ്ടപ്പോൾ ഞാനങ്ങു തീരുമാനിച്ചിരിക്കാം. ശരി, ഭൂമിയിൽ ചെന്നു ജനിക്കുകതന്നെ.

പക്ഷേ, ഉണ്ണിയുണ്ടായപ്പോൾ കാരണവന്മാർ പലതും ആശിച്ചു. ഓത്തനാക്കണം. നല്ലൊരു ഓതിക്കൻ, തേവാരി, 'ശാസ്ത്രവും' കടുകട്ടി, ബ്രാഹ്മണവും കടുകട്ടി എന്നെല്ലാം കേൾക്കണം. ഈ കൊതിയും വെച്ചാണ് പതിനാലു കൊല്ലം അച്ഛൻ പാടുപെട്ടത്. 'അടിയിലും മീതെ ഒടിയില്ല' എന്നായിരുന്നു പരമേശ്വരമുത്തഫന്റെ പ്രമാണം. തുറന്ന വാതിലടക്കണം, എടുത്ത കിണ്ടി കമിഴ്ത്തണം. കിടന്ന പായ മടക്കണം, ഇരുന്ന പലക ചാരണം... ഇങ്ങനെ ഒരു ചങ്ങലയായിട്ടാണ് മുത്തഫന്റെ തത്വോപദേശങ്ങൾ. പ്രഭാതത്തിൽ അഞ്ചു മണിക്ക് എണീറ്റാൽ പിന്നെ പകൽ പതിനൊന്നു മണിക്കാണ് പ്രാതൽ. രാത്രി പതിനൊന്നു മണിക്കാണ് ഉറക്കം. ശാരീരികവും മാനസികവുമായി ഞാനനുഭവിച്ച നോവിനൊരു കണക്കില്ല. 'അരുതു'കളുടെ വല്ലാത്ത ഒരു ലോകം. പക്ഷേ, എന്റെ അരയിൽ പൊന്നേലസ്സുണ്ടായിരുന്നു. മറ്റൊരു കാരണം കൂടി കാരണവന്മാരുടെ ഉത്ക്കണ്ഠാഗ്നിയിൽ നെയ്യൊഴിക്കാനുണ്ടായി. ആളുകൾ പറയാൻ തുടങ്ങി. അക്കിത്തത്തെ ഉണ്ണി ഇത്തിരി മന്ദബുദ്ധിയാണ്, മനോരാജ്യക്കാരനാണ്. കാര്യം നേരാണെന്ന് എനിക്കും തോന്നി. ആളുകൾ എന്റെ മുന്നിൽ വെച്ച് ഏറെ നേരം സംസാരിക്കുന്നു. കുറെ കഴിഞ്ഞാൽ എനിക്കൊരു സംശയം. "അപ്പോൾ എന്തേ പറഞ്ഞിരുന്നത്?"

ശരി. ഞാനൊരു മന്ദബുദ്ധി തന്നെ. എതിരില്ല. അതുകൊണ്ട് ഇടക്കിടെ അമ്പലങ്ങളിലുണ്ടാവുന്ന വാരങ്ങൾക്കും ഭഗവതി സേവകൾക്കും മറ്റും പോകുമ്പോൾ ഞാൻ ശ്രദ്ധിച്ചു. മറ്റുള്ളവരെപ്പോലെ കേമനല്ലാത്ത സ്ഥിതിക്ക് ഞാൻ ഒഴിഞ്ഞുനിന്നേക്കണം. അല്ലെങ്കിൽത്തന്നെ അധികം സംസാരിക്കുവാൻ എനിക്ക് അറിഞ്ഞുകൂടാ. ലജ്ജയുണ്ട്. പക്ഷേ, കളി കുട്ടികളുടെ അവകാശമാണല്ലോ. അതിനിടക്ക് ശക്തരായ കൂട്ടുകാർ ഈ ഭിണ്ണക്കനെ



അടിക്കും, കിഴുക്കും, കളിയാക്കി മശക്കും. ചെവിത്തട്ട കൂടുതൽ വലുതായതുകൊണ്ട് 'ആനച്ചെവിയൻ' എന്നാണ് ചിലർ വിളിക്കുക. നന്നെ ചെറുപ്പത്തിൽ ഒരു പൂച്ച കാലിന്മേലൊക്കെ കടിക്കുകയും മാന്തുകയും ചെയ്തിട്ടുണ്ടായിരുന്നതുകൊണ്ട് ചിലർ വിളിക്കുന്നത് പൂച്ചകടിയൻ എന്നായിരുന്നു. വിഡ്ഢിയാണ്, കാതിന്റെ തട്ട വലുതാണ്, തടിയനാണ്, അശക്തനാണ്. ഇക്കാര്യത്തിലൊക്കെ ഞാനും അവരുടെ ഭാഗത്തുതന്നെ. ഇതൊന്നും ഞാൻ ഹരജി കൊടുത്തു സമ്പാദിച്ചതല്ലല്ലോ എന്നൊരു വേദന മനസ്സിൽ കൂമ്പി നിന്നിരുന്നു. വിടരാൻ അതിന് ഭയമാണ്. തന്മൂലം പല ദിവസവും ഏകാന്തമായ രാത്രികളിൽ അല്ലെങ്കിൽ നിർജ്ജനമായ മൂലകളിൽ വെച്ച് ഞാൻ അന്തരാത്മാവിന്റെ ഇരുണ്ട അഗാധതകളിലേക്ക് ചുഴിഞ്ഞു ചുഴിഞ്ഞിറങ്ങി; തേങ്ങിത്തേങ്ങി കരഞ്ഞു.

ഇതിനിടക്ക് നിലത്തെഴുത്തും മറ്റും നടക്കുന്നുണ്ട്. ചിലപ്പോൾ അമ്മയുടെ അടുത്തിരുന്ന് കുറേശ്ശെ വായിക്കുകയും ചെയ്യും. ഉച്ചതിരിയുമ്പോഴാണ് അമ്മക്ക് 'ഒരിണശീല' വിരിച്ച് ഒന്നു നടുനിവർത്താനുള്ള നേരമാണത്. എഴുത്തച്ഛൻ കൃതികൾ മലർത്തിവെച്ച് മധുരമായ ഈണത്തോടുകൂടി നീട്ടിനീട്ടി മെല്ലെ മെല്ലെ വായിക്കുന്നുമുണ്ടാവും. എന്നെ കണ്ടാൽ അടുത്തു വിളിച്ചിരുത്തി വായിക്കേണ്ട വരികളെ വിരൽ വെച്ച് നിർദ്ദേശിച്ചുതരും. വിരലിന്റെ നീക്കത്തോടൊപ്പം ഓരോ അക്ഷരമായി ചൊല്ലുകയേ വേണ്ടൂ.

വഴിയെ കണ്ട ചുമരിന്മേലൊക്കെ ചിത്രം വരക്കുകയായി. എല്ലാ ചിത്രത്തിനു താഴെയും എഴുതും. 'അച്ചുതൻ ഉണ്ണി.'

എന്നല്ല, അന്നെനിക്ക് ചിത്രകലയെപ്പറ്റി ഒരു തത്വശാസ്ത്രം തന്നെ ഉണ്ടായിരുന്നു. ആ അമൂല്യമായ അനുഭവജ്ഞാനം ചിത്രകലാ വിദ്യാർത്ഥികൾക്കു വേണ്ടി താഴെ ചേർക്കുന്നു: മുഖം വരക്കാൻ പ്രയാസമില്ല. പാർശ്വവീക്ഷണം പ്രത്യേകിച്ചും. തലമുടി മൂലം മുമ്പോട്ടുള്ള തുറിപ്പ്, മൂക്ക്, വായ, കീഴ്ത്താടി എന്നിവ വരക്കുമ്പോഴുണ്ടാവുന്ന ചുരുളൻ വരകൾ എത്രകണ്ടാലും മതിയാവില്ല. ഏറ്റവുമധികം ക്ലേശമുള്ളത് കൈയിന്റെയും കാലിന്റെയും അടികൾ, വിശേഷിച്ചും വിരലുകൾ വരക്കാനാണ്.

ഏഴെട്ടു വയസ്സിലെ ആ ചിത്രമെഴുത്ത് കമ്പത്തിനിടയിലാണ് അരമംഗലത്തമ്പലത്തിന്റെ ചുവരുകളിൽ കുട്ടികൾ കുത്തിവരച്ച വികൃതരൂപങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് അലക്ക് കണക്കെഴുതുന്നതു പോലെ എഴുതിവെച്ചത്.

'അമ്പലങ്ങളിലീവണ്ണം
തുമ്പില്ലാതെ വരയ്ക്കുകിൽ
വമ്പനാമീശ്വരൻ വന്നി-
ട്ടെമ്പാടും നാശമാക്കിടും.'
– അച്ചുതൻ ഉണ്ണി

അതു കവിതയുടെ ആരംഭമാണെന്ന് ധരിച്ചില്ല. വയസ്സ് പതിനൊന്ന്. ഒരോനിച്ചുണ്ണി. അമ്പലത്തിൽ തൊഴുതുവരികയാണ്. പറങ്കിമാന്തോപ്പിലെത്തിയപ്പോഴുണ്ട് കുറേ 'കണ്ടാലൊരു വേശി'കളങ്ങനെ കാറ്റത്താടി നിൽക്കുന്നു, ചുവന്ന പ്രഭാതകിരണങ്ങളുമേറ്റ്. നമ്പൂതിരിക്ക് പറങ്കികളുടെ മാങ്ങ തിന്നാൻ പാടില്ല. ഓനിച്ചുണ്ണിക്ക് തീരെ അരുത്. തിന്നുപോയാൽ 'പാഹി' വേണം. 'അഴിച്ചുപനയനം' തന്നെ വേണ്ടേ? ഓനിക്കാത്ത ഉണ്ണിയാണെങ്കിൽ തേവാരം കഴിഞ്ഞു തീർത്ഥം സേവിക്കുന്നതിനു മുമ്പേ ജലപാനം പോലും നിഷിദ്ധവുമാണല്ലോ. ആ സ്ഥിതിക്ക് മാവിന്മേൽ കയറി രണ്ടോ നാലോ എണ്ണം അറുത്തു തിന്നുകതന്നെ! അതും കഴിഞ്ഞു യാത്ര ആരംഭിച്ചപ്പോഴാണ്– അപകടമുണ്ട്. ആരോ തലക്കകത്തു സംസാരിക്കുന്നു. ഇല്ലത്തെത്തിയപ്പോഴേക്കിതാ, ഗുരുവായൂരപ്പനെപ്പറ്റി അഞ്ചാറു ശ്ലോകങ്ങൾ– സ്രഗ്ദ്ധരയല്ലെങ്കിൽ ശാർദ്ദൂലവിക്രീഡിതമാണ് വൃത്തം. പ്രാസാനുപ്രാസ ബഹുലം. ആഹ്ലാദിക്കാതെ കഴിയുമോ? അതിലേറെ അമ്പരക്കുകയും ചെയ്തു. എന്നാൽ സ്രഗ്ദ്ധര, പ്രാസം എന്നൊക്കെയുള്ള പേച്ചുകൾ പല വർഷങ്ങൾക്കു ശേഷമാണ് ഞാൻ കേട്ടത്.

ഒരൊറ്റ ചിന്ത: എന്താണിനി വേണ്ടത്? കുറുക്കന് ആമയെ കിട്ടുക എന്നു കേട്ടിട്ടേയുള്ളൂ. ഞാനിതാ, ഒരുപക്ഷേ, കവിത നിർമ്മിച്ചിരിക്കുന്നു! നേരോ? എട്ടു വരി വീതമുണ്ട്. അത്രയും ശരി. വായിച്ചുനോക്കാനൊരാളെ കിട്ടണമല്ലോ. അറിവുള്ള ആളാവണം. പരിഹസിക്കുന്ന ആളാവരുത്.

ഭേഷ്! ഞാൻ തെക്കിനിയേടത്തേക്കോടി. ഒരു ഫർലോങ്. രണ്ടു മിനുട്ട്. മങ്ങാട്ടെ മഹളായ പാപ്പിയമ്മക്ക് എഴുത്തച്ഛൻ കൃതികളും മറ്റു പുരാണങ്ങളും പാട്ടുകളും നന്നായിട്ടു ചൊല്ലാനറിയാം. അർത്ഥവും പറഞ്ഞുതരും. എന്തെല്ലാം കഥകളാണവർ പറയുക?

''ഇതച്ചുതൻ തന്നെ എഴുതീതാണോ? അപ്പോൾ ഒരു പുതിയ കവി ജനിച്ചിരിക്കുന്നു.''

''അതേ..''

''ന്നാൽ കൊറേണ്ടേയ് അത്ഭുതം. എന്തൊരു ചേർച്ചയാ വാക്കിന്. ഞാനിതു കാണാണ്ടെ വെശാക്കും. എന്നിട്ടു ദിവസേന ഗുരുവായൂരപ്പനെ സേവിക്കും.''

(ഗുരുവായൂരെ ഓതിക്കൻ കുടുംബമായ മുന്നൂലം തിരൂർ കേരളാധീശ്വരപുരത്ത് മങ്ങാട്ടുമന എന്ന പേരിലാണ് അറിയപ്പെടുന്നത്. അവിടത്തെ മഹളാണ് തെക്കിനിയേടത്ത് പാപ്പിയമ്മ.)

അപ്പോഴേക്കും ഞാനൊരു കുടിച്ചു തളർന്ന തേനീച്ചയായിക്കഴിഞ്ഞിരിക്കുന്നു.

പാപ്പിയമ്മയാകട്ടെ, കണ്ടവരോടൊക്കെ പറയുകയായി, എന്റെ അമ്മയോടും– ''അച്ചുതന് കേമാ കവിതക്ക് വാസന.''

അയ്യായി. എനിക്കാരുടെ മുഖത്തും നേരെ നോക്കാൻ വയ്യ. എനിക്കുണ്ടോ കവിത? ഇതെങ്ങനെയോ ഒരാപത്തു പിടിച്ച മുഹൂർത്തത്തിൽ പുറത്തുചാടി എന്നല്ലാതെ? മിണ്ടേണ്ടിയിരുന്നില്ല.

പക്ഷേ, അമ്മ ഈ വാർത്ത കേട്ടപ്പോൾ അവർണ്ണനീയമായ വികാരങ്ങളാണനുഭവിച്ചത്. വെറുതെ ഒരു നിമിഷം എന്നെ ഊന്നിനോക്കി. പിന്നീട് വളരെനേരം മിണ്ടിയതുമില്ല. അങ്ങിനെയിരിക്കേ ആ കണ്ണുകൾ നിറഞ്ഞുതുളുമ്പുന്നുണ്ടെന്നെനിക്ക് മനസ്സിലായി.

കാരാഗൃഹസ്ഥയായ ദേവകിക്ക് തന്നെ ഉദരത്തിൽ നിന്നു പുറത്തേക്ക് വന്ന ശ്രീകൃഷ്ണൻ ശംഖുചക്രഗദാപദ്മധാരിയായി എണീറ്റുനിന്നപ്പോൾ കണ്ണീരല്ലേ വന്നത്? ''മകനേ! നീയീ അത്ഭുതരൂപമൊന്നുപേക്ഷിക്ക്'' എന്നാണല്ലോ ദേവകി പറഞ്ഞത്. അതിന്റെ അർത്ഥം. ''മറ്റൊന്നും വേണ്ടിയിരുന്നില്ല. ഇതിന്നായുസ്സുണ്ടായാൽ മതിയായിരുന്നു. നാക്കൂറാപ്പെടാഞ്ഞാൽ മതിയായിരുന്നു'' എന്നൊക്കെയാണല്ലോ. എന്റെ അമ്മയുടെ ഹൃദയവും ഇതേ വാക്കുകളാണ് മന്ത്രിച്ചത്. മനുഷ്യന്റെ സാഹസം കാണുമ്പോൾ ഇതേ വാക്കുകൾ ഈ ഭൂമിയുടെ ഹൃദയത്തിലും തുടിക്കാറില്ലേ? എങ്കിൽ എന്താണ് ഈ അമ്മ എന്നു പറയുന്ന ആശയം?

ആ ദിവസമാണ് എന്റെ ഹൃദയത്തിന് കണ്ണുണ്ടെന്നും അതൊരാകാശംപോലെ വിടർന്നുവരികയാണെന്നും മനസ്സിലായത്. ഈ ഭൂമിയിലെ എല്ലാ മനുഷ്യർക്കും അമ്മയുണ്ട്! ●

# ഏത് പാർട്ടിയിൽ വേണമെങ്കിലും അംഗമാകാം

വൈക്കം പി.എൻ.നമ്പൂതിരി ..... 1974ൽ നമ്പൂതിരി ഫെഡറേഷന്റെ രൂപീകരണത്തിൽ പ്രമുഖ പങ്ക് വഹിച്ചു. സംസ്ഥാന ട്രഷറർ ആയി പ്രവർത്തിച്ചു. 76 ൽ അന്ന് കേരളത്തിൽ ഉണ്ടായിരുന്ന നമ്പൂതിരി ഫെഡറേഷൻ, നമ്പൂതിരി സമാജം, നമ്പൂതിരി യോഗക്ഷേമസഭ, തുടങ്ങിയ ചെറുതും വലുതുമായ സമുദായ പ്രസ്ഥാനങ്ങളെ ഒന്നിച്ച് ചേർത്ത് യോഗക്ഷേമസഭക്ക് രൂപം നൽകിയപ്പോൾ പ്രഥമ സംസ്ഥാന ജോ: സിക്രട്ടറി. സംസ്ഥാന തലത്തിൽ വിവിധ ഭാരവാഹിത്വം വഹിച്ചു. ആദ്യത്തെ റിട്ടേണിംഗ് ഓഫീസർ, രണ്ട് തവണ CRO, പ്രഥമ രജിസ്ട്രാർ, കഴിഞ്ഞ വർഷം ഗുരുവായൂരിൽ വെച്ച് നടന്ന സംസ്ഥാന സമ്മേളനത്തിൽ താൽക്കാലികമായി രൂപീകരിച്ച അഡ്ഹോക്ക് കമ്മിറ്റിയിൽ അദ്ധ്യക്ഷനായിരുന്നു. ഈയിടെ നടന്ന തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ വീണ്ടും പ്രസിഡണ്ട് പദവിയിലേക്ക് : യോഗക്ഷേമസഭ സംസ്ഥാന അദ്ധ്യക്ഷൻ ബ്രഹ്മശ്രീ വടശ്ശേരി പരമേശ്വരൻ നീലകണ്ഠൻ നമ്പൂതിരി എന്ന
**വൈക്കം പി.എൻ നമ്പൂതിരി**, തന്റെ കാഴ്ചയും കാഴ്ചപ്പാടുകളും വ്യക്തമാക്കുന്നു



**തയ്യാറാക്കിയത്:**
**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി**

*ചോ: സഭയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനെ കുറിച്ച് അങ്ങയുടെ അഭിപ്രായം?*

ഉ: കേരളത്തിലെ എല്ലാ നമ്പൂതിമാരേയും അംഗങ്ങളാക്കി പുതിയ ഉപസഭകൾ രൂപീകരിക്കുക. കൂടാതെ കേരളത്തിന് വെളിയിൽ ഉള്ള സമുദായാംഗങ്ങളുടെ കൂട്ടായ്മകൾ സജീവമാക്കാനും സഭ ഉദ്ദേശിക്കുന്നുണ്ട്.. അതിന് കേരളത്തിലെ എല്ലാ ഉപസഭകളുടെയും സഭാംഗങ്ങളുടെയും സഹകരണം സംസ്ഥാനസമിതി പ്രതീക്ഷിക്കുന്നു...

*ചോ: അങ്ങയുടെ ഭരണസമിതിയുടെ*




വൈക്കം പി.എൻ.നമ്പൂതിരി .

*കാലയളവിൽ അങ്ങ് മുൻഗണന കൊടുക്കുന്ന പ്രവർത്തന ങ്ങൾ എന്തൊക്കെയാണ്?*

ഉ: യുവജനങ്ങൾ നേതൃസ്ഥാനങ്ങളിൽ വരണം. യുവജ നങ്ങൾക്ക് സ്റ്റാർട്ടപ്പ് വില്ലേജുകൾ, മൈക്രോ ഫൈനാൻസിം ഗ് പോലെയുള്ള പദ്ധതികളിലൂടെ സാമ്പത്തിക നേട്ടം ഉണ്ടാ ക്കാനുള്ള പദ്ധതികൾ വേണം. നമ്പൂതിരി സമുദായത്തിൽ സ്ത്രീ ശാക്തീകരണം നടക്കണം.. ഇന്നും പലയിടത്തും സ്ത്രീകൾ അന്തർജനങ്ങളായി തന്നെ കഴിയുകയാണ്.. മൈ ക്രോ ഫൈനാൻസിംഗ് പോലെയുള്ള പദ്ധതികൾ സ്ത്രീ കൾക്കിടയിൽ സജീവമാകണം.. മൊത്തം നമ്പൂതിരിമാരുടെ എണ്ണം (സഭാംഗങ്ങളല്ലാത്തവരേയും ചേർത്ത്) എത്രയാ ണെന്ന് കണ്ടെത്തുക. ഉപസഭകൾ ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരിക്കുക...

*ചോ: സമുന്നതി പോലുള്ള ഗവൺമെന്റ് സമിതികളിൽ നമുക്ക് പ്രാതിനിധ്യം ഉണ്ടാകാൻ സഭക്ക് എന്തൊക്കെ ചെ യ്യാൻ പറ്റും?*

ഉ: പ്രാതിനിധ്യത്തിന് ശ്രമിക്കുന്നുണ്ട്... പക്ഷേ രാഷ്ട്രീയ പരമായ പിൻബലത്തിലല്ലേ ആളുകളെ നിശ്ചയിക്കുന്നത്. എങ്കിലും പ്രാതിനിധ്യത്തിനു വേണ്ടി ഗവൺമെന്റിനോട് ശ ക്തമായി ആവശ്യപ്പെടാൻ സഭ തീരുമാനിച്ചിട്ടുണ്ട്...

ചോ: ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുമായി ചേരാൻ സഭ ഉദ്ദേശിക്കുന്നുണ്ടോ?

നമ്മുടെ സഭാംഗങ്ങൾക്ക് അവരവരുടെ അഭിരുചി ക്കനുസരിച്ച് ഏത് രാഷ്ട്രീയ പാർട്ടിയിൽ വേണമെങ്കിലും അംഗമാകാം..നമ്മുടെ ആളുകൾ രാഷ്ട്രീയ കക്ഷികളിൽ പോവുകയും അവരുടെ സ്വാധീനം നമുക്ക് ഗുണകരമാവു കയുമാണ് വേണ്ടത്..നമ്മുടെ സഭാംഗം തെരഞ്ഞെ ടുപ്പിൽ മൽസരിക്കുകയാണെങ്കിൽ കക്ഷിരാ ഷ്ട്രീയം നോക്കാതെ വിജയിപ്പിക്കുക...



ചോ: വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളുടെ സ്വാ ധീനം നമുക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?

ഉ: യോഗക്ഷേമ സഭയുടെ മുൻ വൈസ് പ്രസിഡന്റും ശ്രീ ശങ്കരാ ട്രസ്റ്റി ന്റെ പ്രവർത്തകനുമായിരുന്ന കിടങ്ങൂർ V.P നമ്പൂതിരി NDP പാർലിമെന്ററി ബോർഡ് മെമ്പർ ആയിരുന്നു. അദ്ദേ ഹം, മുൻ പാലക്കാട് MLA യും മുൻ മന്ത്രിയുമായിരുന്ന CM സുന്ദരം, NDP ചെ യർമാൻ കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള എന്നിവരുടെ സഹായത്തോടെ ശ്രീകൃഷ്ണപു രം VT ഭട്ടതിരി കോളേജിന് അനുമതി നേടി..

CPI യുടെ MLA KGN നമ്പൂതിരിപ്പാട് ശ്രീ ശങ്കരാട്രസ്റ്റി ന്റെ പ്രവർത്തകനായിരുന്ന സമയത്താണ് ട്രസ്റ്റിനു വേണ്ടി സർക്കാറിൽ നിന്ന് പലകാര്യങ്ങളും നേടാൻ കഴിഞ്ഞത്. കോൺഗ്രസ് സജീവ പ്രവർത്തകനും ആലപ്പുഴ DCC പ്രസി ഡൻറും ഒക്കെ ആയിരുന്ന വാസുദേവശർമ്മ ഉമ്മൻ ചാ ണ്ടിയുടെ പൊളിറ്റിക്കൽ സെക്രട്ടറി ആയിരുന്ന സമയത്തും അദ്ദേഹത്തിന്റെ സ്വാധീനം നമുക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

*ചോ: അക്കീരമൺ കാളിദാസ ഭട്ടതിരി BDJS ൽ പോയ തിൽ അങ്ങയുടെ അഭിപ്രായം?*

ഉ: യോഗക്ഷേമ സഭയുടെ നിലപാടനുസരിച്ച് ആർക്കും

*ചോ: അക്കീരമൺ കാളിദാസ ഭട്ടതിരി BDJS ൽ പോയതിൽ അങ്ങയുടെ അഭിപ്രായം?*

ഉ: യോഗക്ഷേമ സഭയുടെ നിലപാടനുസരിച്ച് ആർക്കും ഏത് രാഷ്ട്രീയ പാർട്ടിയിലും ചേരാവുന്ന താണ്... അദ്ദേഹം അന്ന് ചേർന്ന സാഹചര്യത്തി ന്റെ അടിസ്ഥാനത്തിലാണ് എതിർപ്പു വന്നതും പുറത്തു പോകേണ്ടി വന്നതും.. ഒരു സഭാംഗം ഒരു രാഷ്ട്രീയ കക്ഷിയിൽ ചേരുന്നതു കൊണ്ട് സഭ ആ രാഷ്ട്രീയ പാർട്ടിയിൽ ലയിക്കുകയില്ലല്ലോ...

ഏത് രാഷ്ട്രീയ പാർട്ടിയിലും ചേരാവുന്നതാണ്... അദ്ദേഹം അന്ന് ചേർന്ന സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ് എതിർപ്പു വന്നതും പുറത്തു പോകേണ്ടി വന്നതും.. ഒരു സ ഭാംഗം ഒരു രാഷ്ട്രീയ കക്ഷിയിൽ ചേരുന്നതു കൊണ്ട് സഭ ആ രാഷ്ട്രീയ പാർട്ടിയിൽ ലയിക്കുകയില്ലല്ലോ...

*ചോ: യോഗക്ഷേമസഭക്ക് സംവരണത്തെ കുറിച്ചുള്ള നിലപാട് എന്താണ്?*

ഉ: 2012 ൽ സിൻഹു കമ്മീഷൻ UPA കേന്ദ്ര ഗവർമെന്റി ന്റെ മുൻപിൽ ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്.. അതിൽ സാ മ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകണമെന്നാണ് പറഞ്ഞിരിക്കുന്നത്... അത് നടപ്പിലാ ക്കിയില്ല.. ഇപ്പോഴും ഒന്നുമായിട്ടില്ല.. ഓൾ ഇൻഡ്യ ബ്രാഹ്മിൻ ഫെഡറേഷൻ അതിന്റെ അനന്തര നടപടികൾ കൈകൊള്ളാൻ വേണ്ടി ശുപാർ ശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.. അതു തന്നെയാണ് യോഗക്ഷേമ സഭയുടേയും നിലപാട്...

*ചോ: മറ്റു ജാതികളിൽ നിന്ന് പെൺകുട്ടികളെ ദത്തെടുത്ത് വൈദിക ക്രിയ നടത്തി വേളി കഴിക്കുന്നതിൽ സഭയുടെ അഭിപ്രായം അല്ലെങ്കിൽ ആ വിഷയത്തിൽ ഒരു ചർച്ചയ്ക്ക് സഭ വേ ദി ഒരുക്കുന്നുണ്ടോ?*

ഉ : അതിനുള്ള ഒരു വേദി നമ്മൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.. ഇങ്ങനെ ഉണ്ടാ യ പല ബന്ധങ്ങളും പരാജയമായിട്ടുണ്ട് എന്ന് കേട്ടറിവുണ്ട്..എങ്കിലും വൈദികൻമാരേ പോലുള്ള ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിയുള്ള ഒരു വിശദമായ ചർച്ചയിലൂടെയെ മറുപടി പറയാനാകൂ...

*ചോ: രാഷ്ട്രീയത്തിലും മറ്റു അധികാരസ്ഥാനങ്ങളിലും നമ്പൂതിരിമാരുടെ പ്രാതിനിധ്യം കുറയുന്നില്ലേ?*

ഉ: ഉണ്ട്. നമ്മുടെ ആളുകൾ ഒരു ജോലി കിട്ടി കഴി ഞ്ഞാൽ ആ വഴിക്കങ്ങ് പോകുകയാണ്... ഇത്തരം കാര്യ ങ്ങളിൽ താൽപര്യം കാണിക്കുന്നില്ല.. ഐ.ടി മേഖലകളിൽ ജോലി നേടി അവരുടെ കാലം മുഴുവൻ അവിടെ തീരുകയാ ണ്.. സിവിൽ സർവ്വീസ്
പോലുള്ള മേഖലകളിൽ യുവാക്കൾ ശ്രമിക്കുന്നില്ല... അത് വലിയൊരു ന്യൂനത തന്നെയാണ്...

●



# സിനിമയിലല്ല

ചില സിനിമകൾ കാണുമ്പോൾ അതിലെ ചില കഥാപാത്രങ്ങളെ കാണുമ്പോൾ അറിയാതെ ചിലരെ ഓർത്തുപോവും. നമ്മുടെ പരിചയത്തിലുള്ള ചിലരെ. ഒന്നോർത്തു നോക്കൂ. അല്ലെങ്കിൽ വേണ്ട, ചിലരെ പരിചയപ്പെടാം.

മനസ്സിലേക്ക് കയറി വരുന്നുണ്ടോ ചില സിനിമാക്കഥകൾ? അതല്ലെങ്കിൽ കഥാപാത്രങ്ങൾ? ഹൗ ഓൾഡ് ആർ യൂ എന്ന പ്രശസ്തമായ സിനിമ. മഞ്ജു വാര്യരുടെ തിരിച്ചുവരവ് വൻ ഹിറ്റാക്കിമാറ്റിയ സിനിമ. അതിലെ ശക്തമായ കഥാപാത്രമാണ് നിരുപമ. നിരുപമയ്ക്കും മുമ്പ് പച്ചക്കറിയ്ക്ക് വിത്തിട്ട ഒരാളാണ് ചാത്തനാട്ടെ രാധ അന്തർജനം. യോഗക്ഷേമസഭ കക്കോടി ഉപസഭയുടെ പ്രസിഡന്റ് കൂടിയായ അവർ നിശ്ശബ്ദമായ കാർഷിക വിപ്ളവത്തിലാണ്. അവരുടെ കൃഷിയിടത്തിൽ നിന്ന് സ്വസ്തി ചിലത് പകർത്തി.

'ചിന്താവിഷ്ടയായ ശ്യാമള'യിലെ ശ്യാമള ഓഫ്ലൈനിലാണ് മുന്നോട്ടു പോയതെങ്കിൽ നമുക്കൊന്നും അത്ര പരിചയമില്ലാത്ത ഓൺലൈൻ വ്യാപാരത്തിലാണ് സുധയും ശിഖയും കൈവയ്ക്കുന്നത്.

ഒപ്പം എന്ന സിനിമയിലെ മോഹൻലാലിനെ മറക്കാൻ പറ്റില്ല. കണ്ണുകൾ മാത്രമല്ല മനസ്സും നനഞ്ഞു പോകും ചിലതു കണ്ടാൽ. ആ നനവിനെ നമ്മൾ ആർദ്രതയെന്നു വിളിയ്ക്കും. മങ്ങത്തായ പ്രവീണിനെ നമ്പൂതിരിമാരുടെ മുഖ്യധാരയിൽ ക്ഷേത്രത്തിലെ ശാന്തിക്കാരന്റെ റോളിലല്ല കാണുക.

കട്ടപ്പനയിലെ ഋത്വിക് റോഷനെ സിനിമയിൽ കണ്ടിട്ടുണ്ട്. എന്നാൽ നാടകത്തിലെ ഋത്വിക് റോഷനെയോ? ഇവിടെയുണ്ട് അയാൾ.

സന്മനസ്സുള്ളവർക്ക് സമാധാനം എന്നത് ഒരു സിനിമയുടെ തലക്കെട്ടാണ്. ഇവിടെ ആ സിനിമാക്കഥയിലെന്നപോലെ നന്മ ചെയ്ത പെരുമൺപുറയിലെ വാസുദേവൻ നമ്പൂതിരിക്ക് സമാധാനമില്ലാതെ കേസുകൾക്ക് പിറകെ പോകേണ്ട അവസ്ഥയാണ്.

വായിക്കുക.. തുടർ താളുകളിൽ...



# സിനിമയിലല്ല-1

**രവി മങ്ങത്തായ**

**രംഗം 1: സംസ്ഥാന ഹയർ സെക്കന്ററി സ്കൂൾ കലോത്സവ വേദി, കണ്ണൂർ**

"ഇപ്പോഴാണെടോ തമ്പുരാനായത്; മണ്ണിന്റെ മണമറിഞ്ഞ് മണ്ണിലുറങ്ങിയപ്പോൾ! മഴയുടെ സ്വാദറിഞ്ഞപ്പോൾ! കുടിലിൽ നിന്ന് വെള്ളം കുടിച്ചപ്പോൾ! നാട്ടുവെളിച്ചം കൈയിലേന്തിയപ്പോൾ.. നോം ഒരു തമ്പുരാനായി; ഉടയാടകളെല്ലാമണിഞ്ഞ സർവ്വനഗ്നനായ തമ്പുരാൻ."

നാടകം: നഗ്നനായ തമ്പുരാൻ: 4 രംഗങ്ങളുള്ള നാടകത്തിന്റെ അവസാന ഡയലോഗും കഴിഞ്ഞു. യവനിക വീണു. സദസ്സിലെങ്ങും കൈയടികൾ. പക്ഷേ, അത് പെട്ടെന്ന് നിലച്ചു. മറ്റൊരു കാഴ്ച സദസ്യരെയാകെ വിഷമിപ്പിച്ചു. അരങ്ങിൽ ബോധം കെട്ടു വീണ നായകനെ നാലഞ്ചു പേരെടുത്ത് പുറത്തേക്ക് കൊണ്ടുവരുന്നു. വേദിക്കരികിൽ ഒരു പായയിൽ കിടത്തി.






ചിലർ വിയർപ്പ് ഒപ്പി. വീശിക്കൊടുത്തു. മുഖത്ത് വെള്ളം തളിച്ചു. നടന്റെ അച്ഛനും അമ്മയുമടക്കമുള്ള കാണികൾ സ്തബ്ധരായിപ്പോയ ഉദ്വേഗ നിമിഷങ്ങൾ. ഒടുവിൽ അവൻ മെല്ലെ കണ്ണു തുറന്നു.

സർവ്വം മറന്ന് അരങ്ങു തകർത്ത തമ്പുരാൻ അതിന്റെ പരകോടിയിൽ ആടിത്തീർന്ന് ദേഹം വിട്ടുപോയതാവാം.. അങ്ങനെയേ കരുതാനാവൂ. ആത്മസമർപ്പണത്തിന്റെ 'എംപതി'യുടെ ഉച്ചസ്ഥായിയായിരുന്നു അത്. രാവും പകലുമില്ലാതെ, ഊണുറക്കമുപേക്ഷിച്ചുള്ള സ്വയംപരിത്യാഗവും, തുടർന്നൊരു പരകായപ്രവേശവും... ശരിക്കും ആ നായകനടൻ, 'ഈ ശരനേക്കാൾ സുന്ദരനും ധനികനുമായ' കല്ലിശ്ശേരി കുഞ്ഞികൃഷ്ണൻ തമ്പുരാനായി മാറുകയായിരുന്നു...!

ആരാണ് ആ നായകൻ? ഇതു വായിക്കുന്നവരൊക്കെ മനസ്സിൽ ഈ ചോദ്യം ചോദിച്ചുകഴിഞ്ഞിട്ടുണ്ടാവും. മറ്റാരുമല്ല; മൂന്നു മാസത്തെ നിരന്തരമായ അദ്ധ്വാനം കൊണ്ട് തന്റെ കഥാപാത്രത്തെ പ്രാണസമാനം നെഞ്ചേറ്റിയ നാടകത്തിലെ ഋത്വിക് റോഷൻ... പെരുമൺപുറയുടെ സ്വന്തം ഗോകുൽ!

**രംഗം 2: കോഴിക്കോട് ടൗൺ ഹാൾ**

ഒന്നര വർഷം മുമ്പ് ഒരു സായാഹ്നം. ഇവിടെ ഒരു നാടകം അരങ്ങേറാൻ പോവുന്നു. നാടകത്തോടുള്ള അടക്കാനാവാത്ത ഇഷ്ടം ഗോകുലിനെയും അവിടെ എത്തിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ തന്റെ അതേ യൂണിഫോമിട്ട മറ്റൊരാൾ ഇരിക്കുന്നു. പരിചയപ്പെട്ടു. പേര് സുബിൻ. ഇരുവരും നാടകത്തെപ്പറ്റിയായി ചർച്ച. "സ്കൂൾ കലോത്സവത്തിന് നമുക്കും ഒരു നാടകം കളിച്ചാലോ" എന്നതായി അടുത്ത ചിന്ത. ഏതു നല്ല കാര്യത്തിനും കുട്ടികൾക്കൊപ്പം നിൽക്കുന്ന, കലാകാരൻ കൂടിയായ ഹരീന്ദ്രനാഥൻ മാസ്റ്ററോട് പിറ്റേന്ന് തന്നെ കാര്യം അവതരിപ്പിച്ചു.

മാസ്റ്റർ സമ്മതിച്ചു. അങ്ങിനെയാണ് മാസ്റ്ററുടെ സുഹൃത്തും പ്രശസ്ത നാടക സംവിധായകനുമായ പി.കെ.പ്രിയദർശനിലേക്ക് ഈ ദൗത്യം വന്നുചേരുന്നത്.

നാടകത്തിന്റെ ഒഡിഷന് പക്ഷേ, ഗോകുലിന് മാത്രം പങ്കെടുക്കാനായില്ല. പനിച്ചു കിടപ്പായിരുന്നു. ദിവസങ്ങൾക്കു ശേഷം സ്കൂളിലെത്തിയപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. 10 പേരെ തിരഞ്ഞെടുത്തു എന്നറിഞ്ഞു. ''ഇതിൽ എന്തെങ്കിലും ഒരു റോൾ എനിക്കും തരോ'' യാചനാസ്വരത്തിൽ ഗോകുൽ സംവിധായകനോട് ചോദിച്ചു. പിന്നണിയിൽ ഒരാളായി നിന്നോളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആശയം അവതരിപ്പിച്ച ആൾ തന്നെ തഴയപ്പെട്ടു. ഗോകുലിന് വിഷമമായി. ഉള്ളുരുകി തിരിച്ചുപോരുമ്പോൾ സംവിധായകൻ കൈമാടി വീണ്ടും വരാൻ ആംഗ്യം കാണിക്കുന്നു. അടുത്തെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: ''ഞാൻ ചില സംഭവങ്ങൾ പറയാം. ഒന്നഭിനയിച്ചുകാണിക്ക്. ഇപ്പൊ പറ്റോ? അതോ നാളെയോ?'' ഗോകുലിന്റെ മറുപടി ഉടൻ വന്നു. ''ഞാൻ റെഡിയാണ് സാർ.''

ആദ്യം ഒരു കല്യാണവീട്ടിലെ കാരണവരായി, വേദന സഹിച്ച് സ്വയം മുറിവുകെട്ടുന്ന രോഗിയായി, പെയിന്റടിക്കാരനായി, കൃഷിക്കാരനായി.. ഒടുവിൽ അദ്ദേഹം പറഞ്ഞു. ''ഇനി തമ്പുരാനെ ഒന്നു കാണിക്ക്.'' സന്ദർഭം പറഞ്ഞുകൊടുത്തു. അവൻ അഭിനയിച്ചുകാണിച്ചു. ഗോകുലിന്റെ കൈയിൽ തമ്പുരാൻ ഭദ്രം. ''ഗോകുൽ, നീ തന്നെ നമ്മുടെനായകൻ... കുഞ്ഞികൃഷ്ണൻ തമ്പുരാനായി നീ തകർക്കും.'' പ്രിയദർശന്റെ പ്രവചനം.

ആ പറച്ചിൽ വെറുതെയായില്ല. റിഹേഴ്സൽ എന്ന കഠിനവ്രതം. മനസ്സിനെ മെരുക്കൽ...! പിന്നെ തിരിഞ്ഞുനോക്കേണ്ടിവന്നില്ല. തമ്പുരാൻ സബ്ജില്ലയിലും ജില്ലയിലും വിജയകിരീടം ചൂടി. ഇക്കഴിഞ്ഞ സംസ്ഥാന ഹയർ സെക്കന്ററി സ്കൂൾ കലോത്സവത്തിൽ മികച്ച നടനായി.. അഭിനയത്തിന്റെ തമ്പുരാനായി.. ഗോകുൽ!

നാടകം എന്ന കലാരൂപത്തിന്റെ പാരമ്പര്യ ശൈലീസങ്കേതങ്ങളിൽ ഒരു പൊളിച്ചെഴുത്ത് തന്നെയാണ് 'നഗ്നനായ തമ്പുരാൻ'. അതുകൊണ്ടുതന്നെ നാടകവിഭാഗങ്ങളിൽ ഇതിനെ പരീക്ഷണ നാടകങ്ങളുടെ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതാവും ഉചിതം. ഒരു കഥയുടെ മാത്രം പിൻബലത്തിൽ ഡയലോഗുകളിലും അവതരണത്തിലും പുതിയ പരീക്ഷണങ്ങളാണ് ഇതിന്റെ സംവിധായകൻ പ്രിയദർശൻ നടത്തിയിരിക്കുന്നത്. ഈ രീതിയാണ് ഏറ്റവും ആസ്വാദ്യകരമെന്ന് ഗോകുലും പറയുന്നു.

**രംഗം 3: കഥാകാരൻ എം.മുകുന്ദൻ പഠിച്ച സ്കൂൾ, മാഹി**

സ്കൂളിന്റെ വാർഷികാഘോഷത്തിന് ക്ഷണിക്കപ്പെട്ടു. നാടകം. വേദിയിലെത്താൻ നിമിഷങ്ങൾ മാത്രം. മുകുന്ദനും



*ഗോകുൽ അച്ഛനമ്മമാർക്കും ജ്യേഷ്ഠനുമൊപ്പം*

സഹധർമ്മിണിയും എത്തി സദസ്സിന്റെ മുൻനിരയിൽ ഇരുന്നു. എഴുതിയ ആൾ നേരിട്ടെത്തിയപ്പോൾ ഗോകുലിന്റെയും കൂട്ടുകാരുടെയും ആവേശം ഇരട്ടിയായി. അവർ ഉശിരൻ പ്രകടനം തന്നെ കാഴ്ചവെച്ചു. നാടകം ഏറെ ശ്രദ്ധേയമായി. കർട്ടൻ വീണ ഉടനെ മുകുന്ദൻസാർ ഞങ്ങൾക്കരികിലേക്ക് വന്നു. അദ്ദേഹം വാചാലനായി. ''പറയാൻ വാക്കുകളില്ല. ഞാൻ പോലും ചിന്തിക്കാത്ത ഒരു തലത്തിലേക്ക് നിങ്ങൾ അതിനെ ഉയർത്തിയിരിക്കുന്നു. എല്ലാവർക്കും നന്ദി''– ഗോകുൽ തുടർന്നു: ''എന്നെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു അദ്ദേഹം. ഇതിലും വലിയൊരു ഭാഗ്യമെന്താണ്''– മലയാളത്തിന്റെ മഹിമയുറ്റ എഴുത്തുകാരനെ നേരിട്ടു കണ്ട ചാരിതാർത്ഥ്യവും തിളക്കവും ഗോകുലിന്റെ മുഖത്ത്.

**രംഗം 4: പൂവ്വാട്ടുപറമ്പ് പെരുമൺപുറയിലെ കല്ലംവള്ളി ഇല്ലം.. ഗോകുലിന്റെ വസതി.**

ഇല്ലത്ത് എല്ലാവരുമുണ്ട്. അച്ഛൻ പ്രശസ്ത ജ്യോത്സ്യൻ രാമകൃഷ്ണ ഹരി നമ്പൂതിരി, അമ്മ ശ്രീജ അദ്ധ്യാപികയാണ്. ഏട്ടൻ തിരക്കുള്ള ഗ്രാഫിക് ഡിസൈനറും.

ഗോകുലിനെപ്പറ്റി ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളുമുള്ള, എന്തിനും അവനോടൊപ്പം കൂടെ നിൽക്കുന്ന അച്ഛനും അമ്മയും.. അവർ പറഞ്ഞുതുടങ്ങി: ''അവൻ മൂന്നാംക്ലാസ് തൊട്ട് മോണോ ആക്ട് മത്സരങ്ങളിൽ പങ്കെടുത്തു. സമ്മാനങ്ങളും കിട്ടി. ഏട്ടൻ രാഹുൽ തന്നെയായിരുന്നു പ്രചോദനം. പിന്നെ പ്രശസ്ത നടനും ഗായകനും മിമിക്രി ആർട്ടിസ്റ്റുമായ വിനോദ് കോവൂരിന്റെ ശിക്ഷണവും അവന് കിട്ടി.'' അവരുടെ കണ്ണുകളിൽ അഭിമാനത്തിന്റെ നക്ഷത്രത്തിളക്കം.

ഏഴാം ക്ലാസ് വരെ കുറ്റിക്കാട്ടൂർ സരസ്വതി വിദ്യാനികേതനിലും എട്ടു മുതൽ 10 വരെ പന്തീരാങ്കാവ് സരസ്വതി വിദ്യാനികേതനിലും പ്ലസ് വണ്ണിന് കോഴിക്കോട് സാമൂതിരി ഹയർ സെക്കന്ററി സ്കൂളിലുമായിരുന്നു ഗോകുലിന്റെ പഠനം. കമ്പ്യൂട്ടർ സയൻസ് ഐച്ഛിക വിഷയം. ഇപ്പോൾ പ്ലസ്ടു പരീക്ഷയെഴുതുന്ന ഗോകുലിന്റെ അഭിനയ നേട്ടങ്ങളിലേക്കുള്ള വഴി തുറന്നത്, ഈ രാജകലാലയം തന്നെ.

മികവ് തെളിയിച്ച ഒരു കായികതാരം കൂടിയാണ് ഗോകുൽ. ഒഡിഷയിൽ വെച്ച് നടന്ന നാഷണൽ റഗ്ബി ചാമ്പ്യൻഷിപ്പിൽ കേരള ടീം അംഗമായി കളിച്ചു. നാട്ടുകാർ റഗ്ബി എന്നൊരു കളിയെ അടുത്തറിയുന്നത് ഗോകുൽ അത് കളിച്ചപ്പോഴാണ് എന്നത് ഒരു വാസ്തവം. നാടകത്തെയും തമ്പുരാനെയും അതിന്റെ മറക്കാനാവാത്ത അനുഭവങ്ങളെയും കുറിച്ച് വിടർന്ന കണ്ണുകളും വശ്യമായ പുഞ്ചിരിയും വാക്കുകളുടെ പെയ്ത്തുമായി ആവേശലഹരിയോടെ ഗോകുൽ തുടരുകയാണ്.

'അങ്കമാലി ഡയറീസ്' എന്ന സിനിമയിൽ ഒരവസരം കിട്ടി. 20 മിനുട്ട് ദൈർഘ്യമുള്ള, നായകന്റെ കുട്ടിക്കാലം. നല്ലൊരവസരം വന്നിട്ടും നാടകത്തെ കൈവിടാൻ ഗോകുൽ തയ്യാറായില്ല. ''ഒരു നാടകം പാതിവഴിയിലാണ്. അടുത്ത പടത്തിലാവാം'' എന്ന് മറുപടി കൊടുത്തതോടെ സിനിമാമോഹത്തിൽ തൽക്കാലം കർട്ടൻ വീണു.

ഡിഗ്രി ഇംഗ്ലീഷിന് ചേരണം. ഒപ്പം നാടക, സിനിമാ രംഗങ്ങളിലും ഒരുകൈ നോക്കണം. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ തിയേറ്റർ ആർട്സിൽ പി.ജി. ചെയ്യണം. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് അഭിനയം പഠിക്കണം– ഗോകുലിന്റെ സ്വപ്നങ്ങൾ!

പ്രതിഭകളുടെ നാടാണ് പെരുമൺപുറ. ഏതു മേഖലയെടുത്താലും കഴിവ് തെളിയിച്ചവരേറെ. ഗോകുലിന്റെ ഈ നേട്ടം പെരുമൺപുറ പെരുമക്ക് ഒരു പൊൻതൂവൽ കൂടി ചാർത്തുകയാണ്. ഇത് ദൈവനിയോഗം. നടനവൈഭവത്തികവുമായി ശ്രീപെരുമൺപുരേശന്റെ പുണ്യഭൂമിയിലെത്തിയ ഗന്ധർവ്വകുമാരൻ.. അവൻ അശ്വമേധം തുടരട്ടെ. ഉയരങ്ങൾ അവനെ കാത്തിരിക്കട്ടെ. ജന്മസുകൃതത്തിന് ഈശ്വരകൃപ എന്നും കൂടെത്തന്നെയുണ്ടാവട്ടെ. ●

# ചിന്താവ
# ശ്യാ



**മലയാളി മറക്കില്ല ചിന്താവിഷ്ടയായ ശ്യാമളയെ. തേരാ പാരാ നടക്കുന്ന വിജയേട്ടനെ നേരെയാക്കാൻ പതിനെട്ട ടവും പയറ്റി തോറ്റിട്ടും തുന്നം പാടിയില്ല. തുന്നി ജയിച്ചു അവൾ. തുണിയല്ല ജീവിതം. വേറൊരു വഴിയുമുണ്ടായിരുന്നില്ല അവൾക്ക്.**

**എന്നാൽ, സുധയും ശിഖയും. ഒന്നും കിട്ടാത്തതു കൊണ്ടല്ല , കിട്ടിയ പലതും ഉപേക്ഷിച്ചാണ് ശ്യാമളമാരായത്.**

**ഹൗസ് വൈഫുമാരല്ല ഇവർ . ഒരാൾ ദേവകലയുടെ മാനേജിംഗ് പാർട്ട്ണർ. മറ്റേയാൾ പാർട്ട്ണർ. സ്വന്തം സമ്പാദ്യമായ രണ്ടു ലക്ഷം മുടക്കി സ്ഥാപിച്ച ബിസിനസ് പിച്ച വച്ചു തുടങ്ങിയതിന്റെ സന്തോഷത്തിലാണ് ഇരുവരും.**

### സുധ പിന്നിട്ട വഴികൾ

- Master of Social Works from Sree Narayana guru college Coimbatore
- H R Co - ordinater at Illustius Software Solutions Pvt. Ltd
- National institute of Technology Incubator Calicut
- Job Consultancy at Fame Logistics Bengaluru
- H R Executive at Sree Upasana Bengaluru
- H R Co ordinator at Mentor Perfomance Rating Pvt. Ltd Cyber Park Calicut

## അത്ര എളുപ്പമല്ല
## ഇത്രയും വേണം

- പഞ്ചായത്ത് ലൈസൻസ്
- വാറ്റ് റജിസ്ട്രേഷൻ
- പൊതുസ്ഥലത്ത് കൊമേഴ്സ്യൽ സ്ഥലം
- കമ്പനിയുടെ പേരിൽ പാൻ കാർഡ്
- ബാങ്കിൽ കറന്റ് അക്കൗണ്ട്
- മാസം തോറും വില്പന നികുതിയും

**പ**ഴയപോലെയൊന്നുമല്ല ഇപ്പോൾ.തുണിക്കടയിൽ ചെന്ന് ഒരോന്നും വലിച്ചിട്ട് പൊടി ശ്വസിച്ച് ശ്വാസം മുട്ടി നിൽക്കേണ്ട.സെറ്റ്മുണ്ടിനുമുണ്ട് ഓൺലൈൻ വ്യാപാരം. ഗൂഗിളിൽ ഒന്ന് സെർച്ച് ചെയ്തു നോക്കൂ. ഇങ്ങനെ കമ്പ്യൂട്ടറിനു മുന്നിൽ കൗതുകത്തോടെ കട തിരയുന്നവരുടെ മുന്നിൽ ഒരു ഓൺലൈൻ പോർട്ടലുണ്ട് ദേവകല.

ദേവകലയിൽ നിന്ന് വീണ്ടും മുന്നോട്ടു പോയാൽ 'മുഖി'യിലെത്തും.

'മുഖി'യെന്നാൽ ഇവർ നടത്തുന്ന ബ്രാൻഡഡ് ഓൺലൈൻ ഷോപ്.

ചന്ദനമുട്ടി ശില്പിയുടെ കയ്യിലെത്തിയാൽ ശില്പമാവില്ലേ? അതുപോലെയാണ് ഇവർക്ക് സെറ്റ് മുണ്ട് .ഒരു അസംസ്കൃത പദാർത്ഥം മാത്രം.

അത് ഡിസൈൻ ചെയ്താൽ മാത്രമാണ് ഡിസൈനർ ഡ്രെസ്സാവുന്നത്. അപ്പോൾമാത്ര

### വിപണനം ഇങ്ങനെ

ഫേസ് ബുക്ക് പേജിൽ കയറിയാൽ മുഖിയുടെ ഡിസൈനുകൾ കാണാം. ഇഷ്ടമുള്ളതിൽ ക്ലിക്ക് ചെയ്യാം. വിലയുൾപ്പെടെ വിശദാംശങ്ങൾ അറിയാം. പണം ഓൺലൈൻ ആയി അയയ്ക്കാം. രണ്ടാഴ്ചക്കുള്ളിൽ സാധനം തപാൽ വഴി വീട്ടിലെത്തും. അതല്ലെങ്കിൽ വാട്ട്സ് അപ് വഴി ഡിസൈനുകൾ ലഭ്യമാക്കും. ബൾക്ക് ഓഡറുകളും സ്വീകരിക്കും. അയനിയൂണിനും വേളിക്കും ഒക്കെ നൂറു കണക്കിന് വേഷ്ടി ഒരേ ഡിസൈനിൽ വേണ്ടി വന്നാൽ അങ്ങനെയും നൽകും. ഇറക്കുമതി ചെയ്ത ചൈനീസ് മെഷീനുണ്ട് കോഴിക്കോട്ട്. കമ്പ്യൂട്ടറിലെ ഡിസൈൻ പ്രകാരം ഓട്ടോമാറ്റിക് ആയി എംബ്രോയ്ഡറി ചെയ്യുന്നവ. അവരാണ് വർക്ക് ചെയ്യുന്നത്. പ്രിന്റിംഗും അങ്ങനെത്തന്നെ.

# ിഷ്ടയല്ല

# മള

മാണ് ബ്രാൻഡഡ് ആവുന്നത്. തുണിക്കടയിൽ കിട്ടുന്ന ഒരു സെറ്റ് മുണ്ട് വില്ക്കാനാണെങ്കിൽ ഈ അഭ്യാസമൊന്നും വേണ്ടല്ലൊ.

ഇവിടെയാണ് ശ്യാമളയുടെ ബുദ്ധി. വീട്ടിലിരുന്ന് അയൽക്കാരികളുടെ ബൗസ് തുന്നിയല്ല അവൾ രക്ഷപ്പെട്ടത്. റെഡിമെയ്ഡ് രംഗത്തേക്ക് കടന്നാണ്. സുധയും ശിവയും അതിനുമപ്പുറം കടന്നു. ഡിസൈനിംഗും ബ്രാൻഡിംഗും ഓൺ ലൈൻ ട്രേഡിംഗും മറ്റുമായി വീണ്ടും മുന്നോട്ട്. ഓൺലൈനായും ഓഫ് ലൈനായും.

അനുഭവം തന്നെ ഗുരു.

സ്വന്തം കല്യാണത്തിന് വലിയൊരു ഷോപ്പിൽ ചെന്നു .സെറ്റ് മുണ്ടിന് 4000 രൂപയെന്ന് കേട്ടപ്പോൾ ഞെട്ടിയില്ല. അതേ സ്റ്റൈഫ് 700 രൂപയ്ക്ക് കിട്ടുമെന്നറിഞ്ഞപ്പോഴും ഞെട്ടിയില്ല. പകരം, മനസ്സിൽ ലഡു പൊട്ടുകയായിരുന്നു. കേവലം ഒരു മുണ്ടിനെ ഡിസൈൻ കൊണ്ട് ബ്രാൻഡ് ചെയ്യുന്ന കല അന്നാണ് അറിഞ്ഞത്.

അല്പം ക്രിയേറ്റിവിറ്റി ഉണ്ടെങ്കിൽ വെറും മുണ്ടിനെ ഡിസൈനർ ഡ്രെസ്സാക്കാം. ഡിസൈനിനാണെങ്കിൽ പരിധിയോ പരിമിതിയോ ഇല്ല . കാണാത്ത ഡിസൈൻ എവിടെ കണ്ടാലും അത് സാരിയുടെ മുന്താണിയിലെങ്കിൽ എന്ന് സങ്കല്പിച്ചു നോക്കും. മനസ്സ് ഓക്കെ പറഞ്ഞാൽ അത് കമ്പ്യൂട്ടറിൽ പകർത്തുകയായി.

പിന്നെ നേരെ സാരിയിലോ ചുരിദാറിലോ മുന്താണിയിലോ ഒക്കെ അത് പറ്റിക്കൂടും. പെയിന്റിംഗ്, പ്രിന്റിംഗ്, അതല്ലെങ്കിൽ സ്റ്റിച്ചിംഗ്. ഏതാണ് ആവശ്യമെങ്കിൽ അതനുസരിച്ച് തയ്യാറാക്കും. മാച്ചിംഗ് ബ്ളൗസ് വേണ്ടവർക്ക് അതും. കസ്റ്റമർക്ക് ബഹു സന്തോഷം. വിലയല്ല പ്രധാനം, ക്വാളിറ്റിയാണ്.

അവസരം കിട്ടാത്ത മ്യൂറൽ പെയിന്റുകാരുണ്ട്. വയനാട്ടിലും ഗുരുവായൂരും ഒക്കെപ്പോയി ഇത്തരക്കാരെ കണ്ടെത്തി. ഇതു വരെ ആരും ചെയ്യാത്ത ഡിസൈനുകൾ അവരെക്കൊണ്ട് ചെയ്യിച്ചു. അവർക്കും വർക്ക് കിട്ടി. ●






contact@devakala.com
http://www.devakala.com
http://www.devakala.in
090378 83042
090378 83042


DEVAKALA
Where art meets divinity

### ബാലപാഠം ബെംഗളൂരുവിൽ

ഇരുവരും ഭർത്താക്കന്മാർക്കൊപ്പം ബെംഗളൂരുവിലായിരുന്നു. അവിടെ ചില ബി. പി. ഒ കളിൽ ജോലി ചെയ്ത അനുഭവത്തിൽ നിന്ന് ഒരു കാര്യം പഠിച്ചു. അത്രയും സമയം സ്വന്തമായി ബിസിനസ്സിന് നീക്കി വച്ചാൽ അഞ്ചിരട്ടിയെങ്കിലും ലാഭം കിട്ടും. ഈ കൊമേഴ്സുമായി അവിടന്ന് പരിചയവും കിട്ടി. 'മൂട്ടോളിയിൽ തുണിക്കട നടത്തുന്ന അന്തർജനങ്ങൾ' എന്ന പ്രൊഫൈൽ ആവരുത് തങ്ങൾക്കെന്ന് ആദ്യമേ തീരുമാനിച്ചു. അത് ഫലിക്കുകയും ചെയ്തു. ഇപ്പോൾ ഇവിടത്തെ ഉല്പന്നങ്ങൾ ചെന്നൈയിലും ഡൽഹിയിലും മുംബയിലും ഒക്കെയെത്തുന്നുണ്ട്. വാട്ട്സ് അപ് കോൺടാക്ട് വഴി നാട്ടിൻപുറങ്ങളിലും. ഡിസൈനിംഗ്, കോ ഓർഡിനേറ്റിംഗ്, മാർക്കറ്റിംഗ്. ഇത്രയുമാണ് ഇവരുടെ ബുദ്ധി.



**ഔഷധച്ചെടികൾ**

- തഴുതാമ
- കറ്റാർ വാഴ
- തുളസി
- കൃഷ്ണതുളസി
- പുളിയാരൽ
- കുറുന്തോട്ടി
- ബ്രഹ്മി
- മഞ്ഞൾ
- ഇഞ്ചി
- കസ്തൂരി മഞ്ഞൾ

# സ്റ്റാഫ് റിപ്പോർട്ടർ




14 വർഷത്തിനു ശേഷം മഞ്ജു വാര്യർ സിനിമയിൽ തിരിച്ചെത്തിയത് പച്ചക്കറി കൃഷിയിലൂടെ വിപ്ലവം നടത്തുന്ന നിരുപമയായിട്ടാണ്. 37 വർഷമായി ചാത്തനാട്ട് ഇല്ലത്ത് ഇവരുണ്ട്. പച്ചക്കറിയിലൂടെ അടുക്കളവിപ്ലവം നടത്തിക്കൊണ്ട്. അറിയുക. ഇവർക്കിപ്പോൾ അറുപത് കഴിഞ്ഞു.

**ഹൗ** ഓൾഡ് ആർ യൂ ?

ഈ ചോദ്യത്തിന് കൃത്യമായ ഉത്തരമുണ്ട്. അറുപത് കഴിഞ്ഞെന്ന് പറയാൻ ഒട്ടും മടിയില്ല.

മടിയില്ലാത്ത വേറെ ചിലതുകൂടിയുണ്ട്. കൈക്കോട്ട് എടുത്തു കിളയ്ക്കൽ.

''പോയി ചേമ്പ് കിളച്ചൂടേ?'' എന്ന് തമാശയ്ക്കു പോലും ചോദിക്കേണ്ട. അസ്സലായി വയ്ക്കും അതെല്ലാം.

150 മുരട് ചേമ്പിന് തടമൊരുക്കിയത് സ്വന്തം കൈ കൊണ്ട് . കഷ്ടിച്ച് അര മീറ്റർ ചതുരത്തിൽ വലിയ കുഴികൾ. ദിവസം മൂന്നെണ്ണം വീതം.

ഒരേക്കർ ഇല്ലപ്പറമ്പ്. വേനലിലും വറ്റാത്ത കുളം. തൊഴുത്തിൽ പശു. പാലിനു പുറമെ ചാണകവും ഗോമൂത്രവും. വളത്തിനും വെള്ളത്തിനും എങ്ങും പോണ്ട. കുളത്തിൽ അര എച്ച്.പി മോട്ടോർ. പിന്നെ, മെനക്കെടാനുള്ള സന്നദ്ധതയും.

> ഏതുകുട്ടിയ്ക്കും അഴിക്കാനും കെട്ടാനും മേയ്ക്കാനും കറക്കാനും പറ്റുന്ന ഒരു പശു. കുത്തും ചവിട്ടുമില്ല. ആടിന്റെ പൊക്കമേയുള്ളൂ. കാസർകോട് കുള്ളൻ ജനുസ്സിലെ അപൂർവഇനം. പത്തും ഇരുപതും ലിറ്റർ പാൽ കിട്ടില്ല. രണ്ടു ലിറ്റർ മാത്രം. ഒരു വീട്ടിലേക്ക് അതു മതിയല്ലോ.

ഭർത്താവ് ഗോവിന്ദൻ നമ്പൂതിരിപ്പാടാകട്ടെ കൃഷിയുടെ കണ്ണു കണ്ട കർഷകൻ. 37 കൊല്ലം മുമ്പാണ് തളിപ്പറമ്പിലെ മൂത്തേടത്ത് മല്ലിശ്ശേരി നിന്ന് കക്കോടിയിലെ ചാത്തനാട്ട് എത്തിയത്.

ഹൗ ഓൾഡ് ആർ യൂ എന്ന സിനിമയ്ക്കും മഞ്ജു വാര്യരുടെ നിരുപമയ്ക്കും മുമ്പു തന്നെ രാധാ അന്തർജ്ജനം ഇങ്ങനെയൊക്കെയാണ്. ഇപ്പോഴാകട്ടെ കക്കോടി ഉപസഭയുടെ പ്രസിഡണ്ടുമാണ്.

കക്കോടിയിൽ ഇപ്പോൾ മത്സരമാണ്.അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിൽ. മികച്ച തോട്ടത്തിന് ഉപസഭയുടെ വക സമ്മാനവുമുണ്ട്. ഹൗ ഓൾഡ് ആർ യൂ എന്ന സിനിമയിലെ നിരുപമയെപ്പോലെ ഒരു നാട്ടിലാകെ പച്ചക്കറി വിപ്ളവം നടത്തുകയാണ് ഇവർ. അറുപത് കഴിഞ്ഞ രാധേടത്തിക്ക് ആവാമെങ്കിൽ ..... എന്ന ചിന്ത മറ്റുള്ളവരിലേക്കും പടർന്നു കഴിഞ്ഞു. ചിലർക്ക് വിത്തു വേണം.മറ്റു ചിലർക്ക് കൃഷി രീതിയും പറഞ്ഞു കൊടുക്കണം. വേറെചിലർക്ക് വേണ്ടത് പച്ചക്കറിയാണ്. മാർക്കറ്റിലെ വില നൽകിയാൽ വിഷമില്ലാത്ത പച്ചക്കറി കിട്ടുമെന്ന ആശ്വാസം.

''മുമ്പൊരു പിറന്നാളുണ്ടായി. ഇവിടത്തെ പച്ചക്കറി തികഞ്ഞില്ല. പുറത്തു നിന്ന് കുറച്ച് വാങ്ങേണ്ടി വന്നു. ദേഹണ്ണക്കാരൻ എടുത്തു മുറിക്കും മുമ്പ് രണ്ടു മണിക്കൂർ നേരം അത് വെള്ളത്തിലിട്ടു വച്ചു. അയാൾക്ക് അദ്ഭുതം! കഴുകുക പോലും ചെയ്യാതെ നുറുക്കുന്നവരുണ്ടെന്ന് അയാൾ പറഞ്ഞു. അറിഞ്ഞു കൊണ്ട് നമ്മളെന്തിന് വിഷം കഴിക്കുന്നു.''

രാസവളമോ കീടനാശിനിയോ ഇല്ലപ്പറമ്പിൽ കയറ്റാറില്ല. എന്തിന് ഉറുമ്പുപൊടി പോലും. കീടനാശിനി തളിക്കാതെ കയ്പയൊക്കെ ഉണ്ടാവുമോ? ഇതാ ഈ തോട്ടം നോക്കൂ.










**ഇഷ്ട വരികൾ**

ഒരു തൈനടാം നമുക്കമ്മയ്ക്കു വേണ്ടി
ഒരു തൈനടാം കൊച്ചു മക്കൾക്കു വേണ്ടി
ഒരു തൈനടാം നൂറു കിളികൾക്കു വേണ്ടി
ഒരു തൈനടാം നല്ല നാളേയ്ക്കു വേണ്ടി

**പഴങ്ങൾ ഇതെല്ലാം**

നാരങ്ങ
സപ്പോട്ട
ഷുഗർ ഫ്രീ വാഴ
ഞാലിപ്പൂവൻ
കസ്തൂരിവല്ലി
കദളി
മൈസൂർ
മൊണ്ണൻ
ഫാഷൻ ഫ്രൂട്ട്
കറുമൂസ
വെള്ളക്കറുമൂസ
റെഡ് ലേഡി

**പച്ചക്കറികൾ**

മുരിങ്ങ
ചുവന്നചീര
പച്ചച്ചീര
വഴുതിന
കക്കിരി
വെണ്ട
ഇളവൻ
മത്തൻ
ചേമ്പ്
ചേന
തക്കാളി
കോവയ്ക്ക
കാബേജ്
പടവലങ്ങ

പ്രാണികൾക്കെതിരെ മൂന്നു കെണികൾഇതിലുണ്ട്.

കയ്പപ്പന്തലിൽ കെട്ടിത്തൂക്കിയ ചിരട്ടകൾ . അതിൽ ശർക്കരയും മൈസൂർപ്പഴവും ചേർത്തരച്ച ഒരു പേസ്റ്റ്. പ്രാണികൾ കയ്പയിൽ തൊടാതെ അതിൽ വന്നിരിക്കും . അവരും ഹാപ്പി , നമ്മളും ഹാപ്പി.

മറ്റൊന്ന്, പ്രാണികളെ ആകർഷിക്കുന്ന ചില മഞ്ഞ ബോർഡുകളാണ്. അത് തൊട്ടാലൊട്ടിയാണ്. ചിലന്തി വല പോലെ. നിരവധി പ്രാണികളുണ്ട് അതിൽ പറ്റി നിൽക്കുന്നു. ഒരിക്കലും രക്ഷയില്ല.

വേറൊന്ന് അല്പം കൂടി ശാസ്ത്രീയമായ കെണിയാണ്. പെണ്ണീച്ചയുടെ മണമുള്ള ഒരു കുപ്പി ! അത് തവനൂരിലെ കൃഷി വിജ്ഞാനകേന്ദ്രം വികസിപ്പിച്ചതാണ്. കുപ്പിക്കകത്ത് പെട്ടാൽപ്പിന്നെ ഒരു പ്രാണിയും പുറം ലോകം കാണില്ല. അതാണ് കെണി. ഈ മൂന്നു കെണിയും ഉള്ളതിനാൽ കയ്പയിൽ ജൈവകീടനാശിനി പോലും തളിക്കേണ്ട. ഒരു കയ്പയിലും പുഴുക്കുത്തില്ല.

സ്വന്തമായ ചില സൂത്രങ്ങൾ വേറെയുമുണ്ട്. പുളിപ്പിച്ച മോരിൽ മഞ്ഞപ്പൊടി കലക്കിയത്. ഗോമൂത്രം നേർപ്പിച്ച് വെള്ളുള്ളി ചതച്ചിട്ടത്. അങ്ങനെ ചിലത്. എന്നാലും ചില തണ്ടുതീനിപ്പുഴുക്കൾവരും. പടവലങ്ങയിലും മറ്റും . കൃഷി വകുപ്പ് നൽകുന്ന കുമിൾ ഉണ്ട് ഇതിന്. കെമിക്കൽ അല്ലാത്തതിനാൽ ആ തരത്തിലുള്ള ദോഷമില്ല.

കൃഷി കഴിഞ്ഞാൽ അടുക്കളയാണ് അരങ്ങ്.

''അടുക്കള ഒരു വിപ്ളവമായി എടുക്കണം'' പറയുക മാത്രമല്ല ചെയ്തു കാണിക്കുക കൂടിയാണ് ഈ ആത്തേമ്മാർ.

''കുട്ടി കരയുമ്പോഴേക്ക് ബിസ്കറ്റ് കൊടുക്കുന്നവരാണ് നമ്മൾ. പക്ഷേ, ഇവിടെ ബേക്കറി സാധനങ്ങൾ വാങ്ങാറില്ല. നമ്മുടെ തന്നെ പഴമയിലുണ്ടല്ലോ അനവധി പലഹാരങ്ങൾ.'' അന്തർജ്ജനം പറയുന്നു.

അട, ഗോതമ്പട, കൊഴക്കട്ട, നൂൽപ്പുട്ട്, അരിയുണ്ട, പഴം ചുട്ടത്, ഉഴുന്നു വട, പരിപ്പുവട, അരിക്കൊണ്ടാട്ടം, കപ്പക്കൊണ്ടാട്ടം, അങ്ങനെയങ്ങനെ. പേരക്കുട്ടി നിരഞ്ജന് മുത്തശ്ശിയുടെ പലഹാരങ്ങൾ നല്ല ഇഷ്ടവുമാണ്.

തവിട് കളയാത്ത ഉണങ്ങല്ലരിയും തേങ്ങയും ചേർത്ത് കനലിൽ ചുട്ടെടുക്കുന്ന അട നിരഞ്ജന് നല്ല ഇഷ്ടം.

കൂട്ടാനുണ്ടാക്കാൻ മൺചട്ടികൾ. സാമ്പാറിന് ഒന്ന് ,മോരൊഴിച്ചു വയ്ക്കാൻ മറ്റൊന്ന്. അധികവും വിറകിലാണ് ദേഹണ്ണം. പഴം ചുടാനും മറ്റും കനൽ വേണമല്ലൊ. പിന്നെ വെണ്ണീർ വളവുമാവും.

പഴങ്ങൾ മാത്രമല്ലചുടുന്നത്. ഉള്ളി, തേങ്ങാപ്പൂള്, മുളക്, തുടങ്ങി ചുട്ട സാധനങ്ങൾ കൊണ്ടുള്ള ചമ്മന്തി. അതൊന്നു വേറെത്തന്നെയാണ്.

രാവിലെ ഇഞ്ചി ചതച്ചിട്ട ഒരു കട്ടൻ. അതു പോലെ ഒരു സ്പൂൺ തേനൊഴിച്ച വെള്ളത്തിൽ ഒരു നുള്ള് മഞ്ഞളിട്ടതും. വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പുസ്തകങ്ങളാണ് ഇഷ്ടം. പിന്നെ പത്രങ്ങളിലെ കാർഷികപ്പേജും. പോരാത്തതിന് ഭക്ഷണം ഔഷധമാണെന്ന് അനുഭവിച്ചറിഞ്ഞിട്ടുമുണ്ട്. ●









സിനിമയിലല്ല-4

*യാത്രാവള്ളത്തിലെ സൂം ചെയ്ത ക്യാമറാ ഷോട്ടിൽ മലയാളത്തിന്റെ മെഗാസ്റ്റാർ മോഹൻലാൽ. അന്ധനാണ് ജയരാമൻ. എന്നാൽ കാഴ്ചയുള്ളവർ കാണാത്ത/കണ്ടെന്നു നടിക്കാത്ത പലതും കാണുന്നു. ജോയി, കൊച്ചിയിലെ ഫ്ളാറ്റു സമുച്ചയങ്ങളിലൊന്നിൽ കെയർ ടേക്കർ. അക്ഷരാർത്ഥത്തിൽ അന്തേവാസികളുടെ സർവ്വകാര്യങ്ങളും ശ്രദ്ധിച്ച് വേണ്ടതു ചെയ്യുന്ന ശ്രദ്ധാവാൻ. സിനിമയുടെ ഉൾപ്പിരിവുകളിൽ ജഡ്ജ് ആയി നെടുമുടിയുടെ മേനോൻസാർ താൻ വധശിക്ഷയ്ക്കു വിധിച്ച കുറ്റവാളി. സങ്കടം സഹിയാഞ്ഞ് കുടുംബമൊട്ടാകെ ആത്മഹത്യ ചെയ്തപ്പോൾ രക്ഷപ്പെട്ട കുഞ്ഞുമോൾ കേരളം മുഴുവൻ ഏറ്റുപാടിയ ശ്രേയയുടെ 'മിനുങ്ങും മിന്നാമിനുങ്ങേ' എന്ന നൊമ്പരപ്പാട്ടും- അതെ (ഒപ്പം) ആ സിനിമയുടെ പേരുമാത്രമായിരുന്നില്ല, അതുൾക്കൊള്ളുന്ന സന്ദേശം കൂടിയായിരുന്നു. കട്ട് പറയാതെ അടുത്ത സീനിലേക്ക് ഇനി വായിക്കുക*

# വേദനിക്കുന്നവർക്ക്

ഒപ്പം

## വിനോദ് മങ്ങത്തായ

**രം**ഗം ബംഗളൂരു ഖലാസി പാളയത്തിനടുത്തുള്ള ഒരു മലയാളി സെറ്റിൽമെന്റ് കോളനി. താഴ്ന്ന വരുമാനക്കാരായ വിവിധ സംസ്ഥാനക്കാരും ഒപ്പം ഇടത്തരക്കാരും തിങ്ങിത്താമസിക്കുന്ന നഗരകേന്ദ്രം. കെട്ടിയുണ്ടാക്കിയ താൽക്കാലിക ഹാളിൽ സന്നദ്ധ പ്രവർത്തകരുടെ പരിശീലനക്കളരി. എന്നു സൂചിപ്പിക്കുന്ന ബാനർ കസേരകൾ ഏതാണ്ട് നിറഞ്ഞിരിക്കുന്നു. അവതാരികയുടെ ശബ്ദം മുഴങ്ങുന്നു. We heartly welcome Sri. M.G. Praveen, Trainer to handle this work shop on paliative care.

### മെലിഞ്ഞു നീണ്ട രൂപം

ഔപചാരികതകളില്ലാതെ തുടങ്ങിയ പ്രസംഗം കിടപ്പിലായവർ, രോഗികൾ, വൃദ്ധർ എന്നിവരെയെല്ലാം നമ്മുടെ സഹജീവികളായിക്കണ്ട് പരിപാലിക്കേണ്ട സമൂഹത്തിന്റെ ഉത്തരവാദിത്തങ്ങൾ കടുപ്പിച്ചു പറയുന്ന പ്രസംഗം. നോക്കൂ, പാലിയേറ്റീവ് കെയർ എന്നാൽ അത്ര സുഖമുള്ള ജോലിയല്ല. അറപ്പും വെറുപ്പും ഉണ്ടാക്കാം. പഴുത്തളിഞ്ഞ വ്രണങ്ങൾ വൃത്തിയാക്കേണ്ടിവരാം. മലബന്ധമുള്ള രോഗിയുടെ മലദ്വാരത്തിൽ കൈയ്യിട്ട് തടസ്സം മാറ്റാൻ പരിശീലനം നേടേണ്ടി വരും. നമ്മുടെ പ്രിയപ്പെട്ടവരുടെ അസുഖംബാധിച്ച് ശരീരവും മനസ്സുമാണ് നാം പരിപാലിക്കേണ്ടത്. അതിന് മനസ്സിലുള്ളവർ മാത്രം, മനസ്സുകൾ ശുദ്ധമാക്കിയവർ മാത്രം ഇവിടെ നിൽക്കുക.

കണ്ടിട്ടും കാണാതെ പോയ കാഴ്ചകൾ സദസ്യരുടെ മുഖഭാവങ്ങളിൽ നിന്നും വായിച്ചെടുക്കാം. സാന്ത്വന ചികിത്സ എന്ന ആശയം ഫലപ്രദമായി അവരുടെ മനസ്സിലേക്കെത്തിക്കുകയായിരുന്നു.

ഒരു ടീബ്രേക്ക് കഴിഞ്ഞ് ഫ്ളാറ്റുകളിലൂടെ ഒരു യാത്ര.

ഉൾമുറികളിൽ പുതിയ കാഴ്ചകളായിത്തീരുന്ന അംഗങ്ങൾ കണ്ടത് ചെറിയ ബാൽക്കണികളിൽ പണ്ടു കണ്ടിരുന്ന രൂപങ്ങളിൽ പലരും കണ്ടാൽ തിരിച്ചറിയാനാകാതെ..കുറേപ്പേർ ഹോംനഴ്സുകളുടെ കാരുണ്യം കൊണ്ട് ജീവിതം കഴിച്ചു കൂട്ടുന്നവർ. കുളി, നഖംവെട്ട്, ക്ഷൗരം, വസ്ത്രധാരണം എന്തിന് മലമൂത്രവിസർജ്ജനം പോലും കൃത്യമായി ചെയ്യാൻ പറ്റാതായവർ. എല്ലാറ്റി

നും പരസഹായം വേണ്ടി വരുന്നതിനാൽ തന്നെ പലതും കൃത്യസമയത്തു നടക്കാതായി. പുറമേ വെടിപ്പായ പല ഫ്ളാറ്റുകളുടെയും അകമുറികളിൾ ചിലത് ദുർഗന്ധം നിറഞ്ഞവയായിരുന്നു.

ഇവരിൽ പലരും നല്ല ജോലികൾ ചെയ്തിരുന്നവരായിരുന്നു. സമൂഹത്തിലും വീട്ടിലും സ്വന്തമായ നിലയും വിലയും ഉള്ളവരായിരുന്നു. മാറാരോഗങ്ങൾ ബാധിച്ചവർ മുതൽ മാനസിക വിഭ്രാന്തിയിലമർന്ന് ഡിമൻഷ്യയും അൽഷിമേഴ്സും കീഴ്പ്പെടുത്തിയവർ വരെ. ഒന്നരാടൻ ഡയാലിസിസ് ചെയ്യേണ്ട അന്നാമ്മ, അകാലത്ത് ഭാര്യ മരിച്ച് സമനില തെറ്റി ആരെയെങ്കിലും ഒരു റമ്മി കളിക്കാൻ കിട്ടുമോ എന്നു നോക്കി പകച്ചിരിക്കുന്ന സോമേട്ടൻ. കിടപ്പ് വഴി ബെഡ്സോർ വന്ന് വ്രണങ്ങളായി പഴുത്തൊലിക്കുന്നവർ, മൂത്രം ഒഴിയാൻ ട്യൂബും ഭക്ഷണം പകരാൻ മറ്റു ട്യൂബുകളും വേണ്ട ഹതഭാഗ്യൻ.

ഇതൊരു സർവേ ആയിരുന്നില്ല. ആക്ഷൻ ഓറിയന്റഡ് ട്രിപ്പ് ആയിരുന്നു. പ്രദേശത്തെ രണ്ട് ഡോക്ടർമാരുടെ കൂടെ പ്രവീണിന്റെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരുടെ സംഘം പ്രവർത്തിച്ചു. ആവശ്യം കണ്ടെത്തിയ ഓരോ വീട്ടിലും. തുടർന്നുള്ള ദിനങ്ങളിൽ ചെയ്യേണ്ട ജോലികൾ കൂടി വീട്ടുകാരെ ബോധ്യപ്പെടുത്തി ചാർട്ട് ചെയ്തേ അവർ തിരിച്ചുപോന്നുള്ളൂ. വ്രണങ്ങൾ ഡ്രസ് ചെയ്യുമ്പോഴും മാറ്റാത്ത ബെഡ്ഷീറ്റ് ഭംഗിയായി വിരിച്ച് തങ്ങളുടെ പ്രിയപ്പെട്ടവരെ കിടത്തുമ്പോഴും തീരാവേദനകൾ ശമിക്കാൻ മോർഫിൻ പോലുള്ള വേദനസംഹാരികൾ ലഭ്യമാക്കുമ്പോഴും അവർ പുതിയ കാഴ്ചകൾ കാണുകയായിരുന്നു. ചിന്തയിലും പ്രവർത്തനത്തിലും അവരുടെ ഉൾക്കണ്ണുകൾ തുറന്നു തന്നെ ഇരുന്നു. അവിടം കേന്ദ്രീകരിച്ച് ഒരു സാന്ത്വനചികിത്സാ യൂനിറ്റ് പിറവികൊണ്ടു.

**ഇനി കഥാപാത്രം സംസാരിക്കട്ടെ**

ഞാൻ എം.ജി. പ്രവീൺ

മങ്ങത്തായ ഗോവിന്ദൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റേയും മകൻ

ഡോക്ടർ സുരേഷ്സാറും ഡോക്ടർ രാജഗോപാൽസാറും ആദ്യ പാലിയേറ്റീവ് നഴ്സ് ആയ മീനച്ചേച്ചി അടക്കമുള്ള ഒരു പറ്റം സന്നദ്ധ പ്രവർത്തകരും ചേർന്നു തുടങ്ങിയ പാലിയേറ്റീവ് പ്രസ്ഥാനത്തിൽ സന്നദ്ധ സേവകൻ. 23 വർഷമായി സാന്ത്വന ചികിത്സാരംഗത്താണ്.

കേരളത്തിലും പുറത്തും ഒട്ടേറെ ക്ലാസുകളും രോഗീപരിചരണവും നടത്തിയിട്ടുണ്ട്.

എത്രയെണ്ണമെന്ന് ചോദിക്കരുത്. സേവനങ്ങൾ കണക്കിൽ പറയാൻ/ഇഷ്ടപ്പെടുന്നില്ല.

ജോലികൊണ്ട് ഞാൻ കർഷകൻ. വരുമാനവും അതു തന്നെ.

സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾ എന്റെ ജോലിയല്ല. ജീവിതം തന്നെയാണ്.

അലങ്കാരങ്ങളായി എഴുതാൻ വലിയ ബിരുദങ്ങളില്ല. എന്നെ ദയവു ചെയ്ത് ഒരു സന്നദ്ധ പ്രവർത്തകൻ എന്നു മാത്രം വിശേഷിപ്പിക്കുക. ഒട്ടനവധി സുമനസ്സുകളെപ്പോലെ ഒരു സാധാരണക്കാരൻ.

പാലിയേറ്റീവ് കഴിഞ്ഞാൽ സ്വസ്ഥം, ഗൃഹഭരണം സഹധർമ്മിണി ജ്യോതി-എവിനും ജാഹ്നവിയും കുട്ടികൾ

**ഇനി നരേഷൻ തുടരട്ടെ**

എം.ജി. പ്രവീൺ സാന്ത്വന ചികിത്സയുടെ ഒരു വളണ്ടിയറോ ട്രെയിനറോ അല്ല. സാന്ത്വന ചികിത്സാ പ്രസ്ഥാനം വിപ്ലവമായി സമൂഹത്തിൽ പടർത്തിയവരിൽ മുന്നണിപ്പോരാളി. ''ഞങ്ങളുണ്ട് കൂടെ'' എന്ന പാലിയേറ്റീവ് മുദ്രാവാക്യം സമൂഹം ഏറ്റെടുത്തത് ഇവരുടെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയത്രെ.

വർഷങ്ങളോളം നൈബർഹുഡ് നെറ്റ്‌വർക്ക് ഇൻ പാലിയേറ്റീവ് കെയർ (NNPC)യുടെ സംസ്ഥാന ഭാരവാഹി. ഇയാൾ ഫിസിഷ്യനല്ല, പക്ഷേ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുന്നവരിൽ ഡോക്ടർമാർ ധാരാളം. സമൂഹത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്നേഹം ഗ്ലൂക്കോസിനൊപ്പം ചാലിച്ച് നൽകാൻ പാലിയേറ്റീവ് ശുശ്രൂഷകൾക്ക്/പ്രവർത്തനങ്ങൾക്ക് കഴിയുമെങ്കിൽ അതിന്റെ ക്രെഡിറ്റ് ഒരല്പമെങ്കിലും ഇയാൾക്കും അവകാശപ്പെട്ടതാണ്. ആതുര ശുശ്രൂഷ ഒരു സംസ്കാരമായി മാറിയ പാലിയേറ്റീവ് കെയർ. കേരളത്തിനകത്തും പുറത്തും നീണ്ട 24 വർഷങ്ങളുടെ പ്രവർത്തനം. 3000 ത്തിലധികം ക്ലാസുകൾ, ആയിരക്കണക്കായ രോഗീപരിചരണങ്ങൾ.

വീണ്ടും പറയട്ടെ കഥയല്ലിതു ജീവിതം

പാലിയേറ്റീവ് പ്രസ്ഥാനത്തിന്റെ പത്രവർണ്ണനകളിൽ ചിലപ്പോൾ നിങ്ങൾ ഈ പേര് കാണില്ല, ചുരുക്കം മാധ്യമങ്ങളിലല്ലാതെ. ഒന്നുകൂടി അറിയുക, ഒപ്പത്തിലെ ജയരാമനെ പോലെ അമൂല്യമായ സർവീസ് പാലിയേറ്റീവ് സേവനത്തിന്റെ നീണ്ട 23 വർഷങ്ങൾ പ്രതിഫലം വാങ്ങാതെയാണ് ഈ സുഹൃത്ത് ഒപ്പം നടന്നത്. അതെ ഒരു പ്രവീൺ. ഒരേ ഒരു പ്രവീൺ. ഒരു പക്ഷേ One and Only. സൈനിംഗ് ഓഫ് പറയുന്നതിനു മുമ്പ് അടുത്ത സീൻകൂടി

അരണ്ട വെളിച്ചത്തിൽ 85 വയസ്സായ കണ്ടനും 80 വയസ്സായ കാളിയും. അവർക്ക് ഭക്ഷണം നൽകി, മരുന്നുകൾ കൊടുത്ത്, വിസർജ്ജനത്തിനുള്ള ട്യൂബുകൾ മാറ്റി ഹോംകെയർ ടീമിന് നേതൃത്വം കൊടുക്കുന്ന പ്രവീൺ.

-അതെ

-അത് തുടരുക തന്നെയാണ്

-ക്ലാപ്പ് ബോർഡിൽ സിനിമയുടെ പേര് തിരുത്തട്ടെ

എന്നും വേദനിക്കുന്നവർക്ക് ഒപ്പം.

●



## ചില അപ്രിയ സത്യങ്ങൾ

- കേരളത്തിൽ ജനസംഖ്യയുടെ 16 ശതമാനത്തിലധികം രോഗികൾ
- അതായത് ഒരു പഞ്ചായത്തിൽ മൂവായിരത്തിനും നാലായിരത്തിനുമിടയിൽ
- അതിൽ പകുതിയോളം പേർ പരസഹായം വേണ്ടവർ
- ആയൂർദൈർഘ്യം കൂടി, പക്ഷേ പലപ്പോഴും ജീവിതം കിടപ്പറയിൽ ഒതുങ്ങേണ്ടി വരുന്നു.
- കേരളത്തിലെ ഏറ്റവും വലിയ കഷ്ടത ദാരിദ്ര്യമല്ല, രോഗവും രോഗക്കിടക്കയുമാണ്
- അനായാസേന മരണം പത്തിൽ 2 പേർക്ക് മാത്രമേ ഉള്ളൂ. ബാക്കി 80 ശതമാനം പേരും ദീനക്കിടക്കയിലെ നീണ്ട കിടപ്പിനു ശേഷം മാത്രം മരണത്തെ പുല്കുന്നവർ.
- ഓരോരുത്തരും സാന്ത്വന ചികിത്സയുടെ പ്രവർത്തകരാവുക. ഓർക്കുക, ഇന്ന് മറ്റുള്ളവർക്ക്, നാളെ നിങ്ങൾക്ക് വേണ്ടി തന്നെ.

പ്രവീൺ: 9447312341




# സന്മനസ്സുള്ളവർക്ക് സമാധാനമില്ല

## സ്റ്റാഫ് റിപ്പോർട്ടർ

നാടുമുഴുവൻ കുടിവെള്ളത്തിന് നെട്ടോട്ടമോടുമ്പോൾ തന്റെ സ്ഥലത്ത് പണം മുടക്കി വൻ ജലസമൃദ്ധിയൊരുക്കിയും പഞ്ചായത്ത് കുടിവെള്ള പദ്ധതിക്ക് 4 സെന്റ് ദാനം നൽകിയും നമ്പൂതിരിക്ക് ചൂണ്ടിക്കാണിക്കാൻ, അഭിമാനിക്കാൻ വകനൽകി, നന്മയുടെയും കാരുണ്യത്തിന്റെയും ആൾരൂപമായിത്തീർന്ന എടക്രമഞ്ചേരി വാസുദേവൻ നമ്പൂതിരി... ഇന്ന് ഇതിന്റെ പേരിൽ നേരിടുന്ന ഭീഷണികളും, അദ്ദേഹത്തിന്റെ വിഹ്വലതകളും...

നാം എത്രകാലം ജീവിക്കുന്നു എന്നതിലല്ല; എങ്ങനെ ജീവിക്കുന്നു എന്നതിലാണ് കാര്യം. മറ്റുള്ളവരുടെ നോവറിയാനും കണ്ണീരിന്റെ ഉപ്പ് നുണയാനും സമൂഹ മനസ്സിന്റെ ചെറുകോണിലെങ്കിലും സൂക്ഷിച്ചുവെക്കാവുന്ന എന്തെങ്കിലുമൊന്ന് ചെയ്യാനും കഴിഞ്ഞെങ്കിൽ ജന്മംകൊണ്ട് ആർക്കാണ് പ്രയോജനം? സ്വന്തം സ്ഥലം വേനലിന്റെ വറുതിത്തീയിൽ വേവുന്നവർക്ക്, ദാഹമകറ്റാൻ, തണ്ണീർ പകരാൻ കുടിവെള്ള പദ്ധതിക്ക് നാലു സെന്റ് സർക്കാരിന് ദാനം... കഴിഞ്ഞില്ല– ആർക്കും എപ്പോഴും കുടിവെള്ളമെടുക്കാൻ ആയിരത്തിലേറെ സ്ക്വയർഫീറ്റിൽ, സ്വന്തം ചെലവിൽ കുളം. കാരുണ്യത്തിന്റെ നീരുറവ നാടിന് നീട്ടിയ മഹാമനസ്സ്... ദാഹജലം നൽകുന്നതിലും മഹത്തായി മറ്റെന്തുണ്ട് നാടിനെ സേവിക്കാൻ!

ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവരേ ഇങ്ങനെയൊക്കെ ചിന്തിക്കൂ. എന്നാൽ 'സന്മനസ്സുള്ളവർക്ക് ഭൂമിയിൽ സമാധാനമില്ല' എന്ന് ബൈബിൾ വചനം തിരുത്തേണ്ട ദുരവസ്ഥയാണ് ഇപ്പോൾ എടക്രമഞ്ചേരി വാസുദേവൻ നമ്പൂതിരിയുടേത്.

വാസുദേവൻ നമ്പൂതിരിയെ അത്ഭുത മനുഷ്യനാക്കി, തിരപോലെ മാധ്യമങ്ങൾ വന്നു. വാഴ്ത്തിപ്പാടി പോയി. ഇപ്പോഴത്തെ അവസ്ഥ, സത്യം, ഒരാൾക്കും അറിയേണ്ട. അല്ലെങ്കിൽ ഇത് ആർക്കും ഒരു വാർത്തയല്ല. മനസ്സിലെ നീറ്റൽ വാസുദേവൻ നമ്പൂതിരിയുടെ മുഖത്ത് വ്യക്തമായി കാണാമായിരുന്നു. ഇതിനു കാരണം വേറൊന്നല്ല.. ഇപ്പോൾ ഇതിന്റെ പേരിൽ അദ്ദേഹം നേരിടുന്നത് നിരന്തരമായ ഭീഷണികളെയും നെഞ്ചു തുളക്കുന്ന കെട്ടിച്ചമച്ച പരാതിശരങ്ങളെയും, ഒന്നിനു പിറകെ മറ്റൊന്നായി വരുന്ന പ്രതിബന്ധങ്ങളെയുമാണ്. നന്മചെ

യ്യുന്ന ഒരാൾക്കും ഈ ഗതി വരുത്തരു തെന്നാണ് വാസുദേവൻ നമ്പൂതിരിയുടെ ഇപ്പോഴത്തെ പ്രാർത്ഥന.



> സ്വന്തം സ്ഥലം വേനലിന്റെ വറുതിത്തീയിൽ വേവുന്നവർക്ക്, ദാഹമകറ്റാൻ, തണ്ണീർ പകരാൻ കുടിവെള്ള പദ്ധതിക്ക് നാലു സെന്റ് സർക്കാരിന് ദാനം... കഴിഞ്ഞില്ല– ആർക്കും എപ്പോഴും കുടിവെള്ളമെടുക്കാൻ ആയിരത്തിലേറെ സ്ക്വയർഫീറ്റിൽ, സ്വന്തം ചെലവിൽ കുളം. കാരുണ്യത്തിന്റെ നീരുറവ നാടിന് നീട്ടിയ മഹാമനസ്സ്...

പെരുമണ്ണ ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതിക്കായി നൽകിയ സ്ഥലത്ത് സ്വന്തം കുളത്തിന്റെ നിർമ്മാണം നടക്കുന്ന സമയത്ത് വാസുദേവൻ നമ്പൂതിരിക്ക് ഒരുഫോൺ വന്നു. തൊട്ടടുത്ത് സ്ഥലമുള്ള വ്യക്തിയാണ്. ''ഒന്നു നേരിൽ കാണണം''എന്നു പറഞ്ഞു. വന്നു. വാസുദേവൻ നമ്പൂതിരിയുടെ സ്ഥലത്തിന്റെ തൊട്ടു കിഴക്കുഭാഗത്തുള്ള അയാളുടെ സ്ഥലം താൻ പറയുന്ന വിലയ്ക്ക് വാസുദേവൻ നമ്പൂതിരി വാങ്ങണം. അല്ലെങ്കിൽ അയാളുടെ ഭൂമിയിലേക്ക് റോഡ് ദാനം ചെയ്യണം. ഒരു പണവും നൽകാൻ അയാൾ തയ്യാറല്ല. ഇപ്പറഞ്ഞതിലേതെങ്കിലുമൊന്ന് അംഗീകരിച്ചില്ലെങ്കിൽ കുഴിച്ച കുളം മൂടും, സ്വസ്ഥമായി ജീവിക്കാൻ വിടില്ല, നിരന്തരം ശല്യം ചെയ്യും– ഭീഷണി.

നെൽവയൽ നികത്തുകയാണെന്ന പരാതി ഇയാൾ മുമ്പേ വില്ലേജോഫീസർക്ക് അയച്ചിരുന്നു. അതിന് നമ്പൂതിരിക്ക് സ്റ്റോപ്പ് മെമ്മോ...! പഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി താൻ നൽകിയ സ്ഥലത്ത് കുഴിക്കുന്ന കുളത്തിലെ ചളിമണ്ണ് മറ്റെവിടേക്കാണ് ഇടുക എന്ന് നമ്പൂതിരി ചോദിക്കുന്നു.

കാര്യം നടക്കാതായപ്പോൾ അയൽ സ്ഥലക്കാരൻ ഇതേ കാരണം കാണിച്ചു കലക്ടർക്ക് പരാതി നൽകി. തുടർന്ന് സമൻസുകൾ, പരിശോധനകൾ, ഉത്തരവുകൾ, റവന്യൂ ഇന്റലിജൻസ്, കലക്ടറുടെ ഹിയറിങ്ങിന് അയാൾ വക്കീലുമായി വന്നപ്പോൾ തനിക്ക് പറയാനുള്ളത് വാസ്തവം മാത്രമാണെന്നും അതു പറയാൻ താൻ മതിയെന്നുമായിരുന്നു വാസുദേവൻ നമ്പൂതിരിയുടെ നിലപാട്. സ്വാധീനങ്ങൾ നല്ല ആവശ്യങ്ങൾ നിറവേറാൻ ഉപയോഗിക്കണം. ആളുകളെ ദ്രോഹിക്കാനാവരുത് എന്നും വാസുദേവൻ നമ്പൂതിരി പറയുന്നു. ഇവിടെ നന്മ ചെയ്യുന്നതും അപരാധമാണ്. പരാതികൾക്ക് മറുപടി അയക്കാനും വിശദീകരണം നൽകാനും വില്ലേജ് ഓഫീസിലും കലക്ടറേറ്റിലും കയറിയിറങ്ങുകയാണ് ഇപ്പോഴും വാസുദേവൻ നമ്പൂതിരി.

സ്വന്തം സ്ഥലത്ത് കുളം കുഴിച്ചത് കൃഷി ആവശ്യങ്ങൾക്കും കുടിവെള്ളം വേണ്ടവർക്ക് ലഭ്യമാക്കാനും മാത്രമാണ്. അറ്റ വേനലിലും നെല്ലും പച്ചക്കറികളുമൊക്കെ കൃഷിചെയ്യുന്ന ഈ രണ്ടേക്കർ ഭൂമി രാപ്പകൽ പ്രയത്നിച്ചാണ് നമ്പൂതിരി ഫലപുഷ്ടിയോടെ പച്ചപ്പ് നഷ്ടമാകാതെ പരിപാലിക്കുന്നത്. പഞ്ചായത്തിന് വേണ്ടി കുളം കുഴിച്ച ചളിമണ്ണ് കയറ്റിയിട്ടത് വയൽ നികത്തലാണെന്ന് വ്യാഖ്യാനിച്ച് 'സ്റ്റോപ്പ് മെമ്മോ' നൽകിയ വില്ലേജ് ഓഫീസറുടെ നടപടി ഒരു വിശകലനവും നടത്താതെയാണെന്നതിന് മറ്റെന്തു തെളിവുവേണം?

പൂവാട്ടുപറമ്പ് ശ്രീപെരുമൺപുറ മഹാവിഷ്ണു ക്ഷേത്രത്തിൽ ക്ലർക്കായ വാസുദേവൻ നമ്പൂതിരി, ക്ഷേത്രത്തിനടുത്തുതന്നെ സഹധർമ്മിണിയും രണ്ടാൺമക്കളുമൊത്ത് താമസിക്കുന്നു. ഇനിയൊരു സത്കൃത്യം ചെയ്യാനുള്ള സന്മനസ്സ് വേണ്ടെന്ന് വെപ്പിക്കുകയാണ് ഈ അനുഭവങ്ങൾ.

നമ്പൂതിരി സർവ്വാധിപത്യത്തിന്റെ കാലത്തെ ഓർമ്മകളുടെ മുനവെച്ച്, നമ്പൂതിരിയെ സമൂഹത്തിന്റെ പൊതുശത്രുവാക്കി താറടിച്ചുകാണിക്കാനും വ്യക്തിപരമായി തേജോവധം ചെയ്യാനും, നമ്മുടെ സത്യസന്ധതയും ആത്മാർത്ഥതയും ചൂഷണം ചെയ്യാനും അത് മുതലെടുക്കാനും ശ്രമിക്കുന്ന സ്വാർത്ഥികളെ തിരിച്ചറിയാൻ, പ്രതികരിക്കാൻ ഇനിയൊട്ടും വൈകിക്കൂടാ. അതല്ലെങ്കിൽ ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന് നിത്യം പ്രാർത്ഥിക്കുന്ന നമുക്ക് പതിന്മടങ്ങ് അവഗണനകളുടെ നുകം തോളേറ്റേണ്ടിവന്നേക്കാം. മാത്രമല്ല, ഇനിയും ആലസ്യം വിട്ട് ഉണർന്നില്ലെങ്കിൽ വരുംകാലത്ത്, എല്ലാം സഹിച്ചും പൊറുത്തും നെഞ്ചുടഞ്ഞും കണ്ണിൽ നിന്ന് ചോര ഇറ്റിയും കാരുണ്യത്തിന്റെ പുണ്യതീർത്ഥം സമൂഹത്തിന് പകരാൻ ഇനിയൊരു വാസുദേവൻ നമ്പൂതിരി ഉണ്ടായെന്ന് വരില്ല..!! ●





**നീ സാർ സാർ എന്നു വിളിക്കാതെ നെനക്ക് ചെയ്യാൻ പറ്റ്വോന്ന് പറയ്. അംശാവതാരംന്ന് കേട്ട്ട്ട്ണ്ടോ നീ ? നമ്മുടെ മുഴുമൻ സിദ്ധീം ണ്ടാവില്ല്യ. എന്നാ ഒരൂട്ടൊക്കെ ണ്ടേനിം. ഏതാണ്ട് അങ്ങന്യൊന്നാ നിയ്യ് ണ്ടാക്കണ്ടത്. സൈബരാവതാരം. ഉരുളീൽ കേറി നിന്നാൽ അസ്സല് കണി ആണ്ന്ന് തോന്നണം.**

# സൈബരാപുരത്തെ കണി


## പദ്മനാഭൻ നമ്പൂതിരി




സർ പ്ളീസ് ടേക്ക് യുവർ സീറ്റ്. സാറല്ലേ നേരത്തെ അപ്പോയിന്റ്മെന്റ് വാങ്ങിയ മിസ്റ്റർ ഗോഡ് ഫ്രം ഇൻഡ്യാ.

എങ്ങനെ മനസ്സിലായി?

കോസ്റ്റ്യൂം കണ്ടാലറിയില്ലേ സാർ, സാറിന്റെ ഡ്രെസ്സ് യുണീക് ആണ് . ജസ്റ്റ് ലൈക്ക് കഥകളി. സാർ യുവർ ഗുഡ്നെയിം പ്ളീസ് ?.

നമ്മുടെ പേരെല്ലാം ഗുഡ്ഡാണ്. സഹസ്രനാമം കേട്ട്ട്ട്ണ്ടോ നീ ? നമുക്ക് ആയിരം പേരുണ്ട്.

ആന്റ് എബൗ ടെൻ തൗസന്റ് വൈഫുമാരും. അതും ഗോസിപ്പുകളിലുണ്ട് . സാറ് മാരക മാസ്സാണ് സാർ.

അതിന് നെന്റെ സാക്ഷ്യപത്രം വേണ്ട. അവറ്റോള്ക്ക് ചെലവിന് കൊടക്ക്ണത് നിയ്യല്ലല്ലൊ.

സോറി സാർ . തൗസന്റിൽ ഒരു പേരെങ്കിലും പറയൂ സാർ. യൂസർനെയിം ആക്കാനാണ് സാർ..

തല്കാലം ഒരു പേര് പറയാം. കൃഷ്ണൻ.

ഓ സ്വീറ്റ് നെയിം സാർ. പീറ്റാംബറാ....ഓ കൃസ്ന . ആ സോംഗിലുള്ള ഓ കൃസ്നൻ?

ഓ. കൃഷ്ണനല്ല, യു. കൃഷ്ണൻ.

എക്സ്പാൻഷൻ പ്ളീസ്. ?

യു. എൻ. എൻ. ഐ.

യൂന്നി കൃസ്നൻ . ദാറ്റ് മീൻസ് യൂനിവേഴ്സൽ. ഗൂഗിളിന്റെ ആസ്ഥാനത്തേക്ക് സാർ വെറുതേ വരില്ലല്ലൊ. പറയൂ സാർ. ഞങ്ങൾ സാറിനെ എങ്ങനെയാ ഹെൽപ് ചെയ്യേണ്ടത് ? ആക്ചലി എന്താണ് സാറിന്റെ റിക്വയർമെന്റ്. എനി ആപ്? സോഫ്റ്റ് വെയർ അപ്ഡേഷൻ? ഓർ മെയിന്റനൻസ് ഓഫ് യുവർ ഓൺ ഓപ്പറേറ്റിംഗ് സിസ്റ്റം?

ഓപ്പറേഷനൊന്നും വേണ്ട . വേറൊന്നിനാ വന്നത്.

പറയൂ സർ.

ഈരേഴുലകിലും നാമുണ്ട്. എന്നാൽ ഇയ്യിടെയായി വേറൊരു ലോകം കൂടി ഉള്ളതായി കേട്ടു.

യു മീൻ സൈബർ വേൾഡ്.

അ! അത് തന്നെ. നെന്റെ പേരെന്താന്നാ പറഞ്ഞത്?

സുക്കർ ബർഗ്.

നിയ്യാണോ ഈ ഗൂഗിളോകത്തെ മുഖ്യപ്രതിഷ്ഠ ? അതായത് പരബ്രഹ്മം?

അതേ സാർ സുപ്രീം പവർ ഓഫ് സൈബർ വേൾഡ്.സി.ഇ.ഒ എന്നും പറയാം.

അപ്പം, സുക്കറിന്റെ ബർഗ്ഗേ, വിഷുക്കണീടെ കാര്യത്തിൽ നിനക്കെന്താ ചെയ്യാൻ പറ്റ്വാ..

ഈ കെണി എന്നു പറയുന്നത് ഏതു കാറ്റഗറിയിൽ വരും സാർ. ഐ മീൻ ട്രാപ് ഓർ എന്റർടെയിൻമെന്റ്?

കെണിയല്ലെടോ കണി. മേടം ഒന്നിന് രാവിലെ നാല് മണിക്ക് എണീറ്റ് എല്ലാ വീടുകളിലും പോയി വിഷുക്കണീടെ ഉരുളിയിൽ കയറി നിന്ന് കൊട്ക്കണം. അവർക്ക് കണി കാണാൻ. ശ്ശി മെനക്കെടാണ്. അതൊന്ന് ലഘൂകരിച്ച് കിട്ടണം. അത്രേള്ളൂ. പിന്നെ സൈബരാപുരത്തൂം ണ്ടല്ലൊ ശ്ശി ആൾക്കാര്. അവരും കണ്ടോട്ടെ.

സാറാണോ ഉരുളിയിൽ കയറേണ്ടത്?

നാമാണ് പതിവ്.

സാർ ഒട്ടും ബുദ്ധിമുട്ടണ്ട. ഞങ്ങൾക്ക് ഔട്ട് സോഴ്സിംഗ് ടീമുണ്ട്.

മനസ്സിലായില്ല.

സാറിന് പകരം മറ്റാരെങ്കിലും ഉരുളിയിൽ കയറി നിന്നാൽ പോരേ?

അത് പോരാ. അത് ശെര്യാവില്ല്യ. മുമ്പ് മാവേലിയ്ക്ക് ഇതേ അബദ്ധം പറ്റീട്ട്ണ്ട്. ജോലി എളുപ്പാവാൻ വേണ്ടി അദ്ദേഹം ഓണക്കാലത്ത് കുറെപ്പേരെ ശട്ടം കെട്ടി. ആദ്യൊക്കെ ശബ്ദരൂപത്തിലായിരുന്നു. ദേ മാവേലി കൊമ്പത്ത് എന്നൊക്കെ. കൊച്ചീലെ ഒരു കോയ കരാറെട്ത്തു. കേട്ടാൽ മാവേലി അല്ലാന്ന് ഒരാളും പറയില്യ. അത്ര കേമം. അത് പോലെ കോഴിക്കോട്ട് ഒരു സെബാസ്റ്റ്യൻണ്ട്. മാവേലിയായി ഒടി മറയലാണ്

ആ വിദ്വാന് പണി. ഒരു ഓണം കഴിയുമ്പ ഴക്ക് മൂന്നും നാലും ലക്ഷാ കിട്ടണത് അ യാൾക്ക് . എന്തേപ്പം ണ്ടായീന്ന് വെച്ചാൽ , സാക്ഷാൽ മാവേലി ചെന്നാൽ ഒരു ശപ്പനും നോക്കാണ്ടായി. പഴംനുറുക്കും പപ്പടോം ഒന്നും മാവേലിയ്ക്ക് കിട്ടാണ്ടാ യി. ചെലത് അങ്ങനെയാ. ഡ്യൂപ്ളിക്കേറ്റ് ശീലായാൽ ഒറിജിനൽ വേണ്ടാന്നാവും.

അങ്ങനെയാണെങ്കിൽ പിന്നെ, സാറ് തന്നെ കണിയിൽ കയറി നിൽക്കുന്നതാ നല്ലത്.

അത് നീ പറഞ്ഞ് തരണ്ട. അനവധി കൊല്ലായി നാം നിക്കാൻ തൊടങ്ങീട്ട്. നീ വല്യ ബുക്കർ സുർഗ്ഗും സായിപ്പും ആയ തോണ്ടാ ഇവിടെ വരാന്ന് വച്ചത്. നിനക്ക് വയ്യെങ്കിൽ അത് പറയ്അ.

ഷുവർലി സാർ. സാറിന്റെ റിക്വയർമെന്റ് ഡീറ്റെയിലായിപ്പറയു.

എല്ലാവീട്ടിലും നാം പോയീല്ല്യാച്ചാലും വിഷു ഭംഗ്യാവണം. അമ്മമാരും മുത്തശ്ശി മാരൊക്കെ എത്ര കഷ്ടപ്പെട്ട്ട്ടാ കണി ഒരു ക്ക്ണത് ന്ന് നെനക്കറിയോ? തലേദിവസം ഉരുളീം വെളക്കും കഴുകി വൃത്തിയാക്കണം. തേങ്ങ,മാങ്ങ, കൊന്ന, ചക്ക, വെള്ളരിയ്ക്ക തുടങ്ങി നൂറുകൂട്ടം ഒർക്കണം . എന്നിട്ട് അ ലാറം വെച്ച് മൂന്നരയ്ക്ക് വിളിച്ചുണർത്തി കണി കാണിക്കേം വേണം. പോരാത്തതിന് കൈനീട്ടോം കൊട്ക്കണം. ആ വിദ്വാന്മാ രാണെങ്കിൽ രണ്ടര വരെയും വെറ്റിലേല് ചുണ്ണാമ്പും തേച്ച് ഓരോരോ യക്ഷ്യോളേം നോക്കി ഇരിക്ക്യാവും. വഷളന്മാർ.

യു മീൻ വാട്ട്സാപ്പ് ആന്റ് യു ട്യൂബ്?

അ! അത് തന്നെ. അസ്സല് കണി അ തിന് മുമ്പന്നെ ധാരാളം കണ്ട്ട്ട്ണ്ടാവും. അങ്ങനത്തെ വിദ്വാന്മാരുടെ ഉരുളീൽക്കേ റി നിക്കാൻ, എന്താ നിശ്ശല്ല്യ ഒരു മടി. എന്നാലോ, അവിട്യൊന്നും പോയീല്യാ ന്ന് വരാനും പാട്ല്യ. ആ മുത്തശ്ശിമാർക്ക് എന്താ തോന്ന്അ.

ഇത്ര ബുദ്ധിമുട്ടി സാറിന്റെ നാട്ടുകാർ കണി കാണുന്നത് എന്തിനാ സാർ? സാ റിനും ബുദ്ധിമുട്ട്.

കണി കാണ്ണത് ഐശ്വര്യത്തിനാ. പ്ളാവ് നെറയെ ചക്ക. തൊഴുത്ത് നെറയെ പശു. കൊല്ലത്തോട് കൊല്ലം ഉണ്ണാൻള്ള വക. പിന്നെ പറക്കണക്കില് വരിഷോം. ഇങ്ങനെ ആ കൊല്ലം മുഴ്വോൻ ഐശ്വര്യം ണ്ടാവാനാ കണി കാൺണത്.

അപ്പോൾ, ഒരു കൊല്ലമാണോ സാർ കണിയ്ക്ക് നൽകുന്ന വാറന്റി.

നാമായിട്ട് ഒന്നും കൊട്ക്ക്ണ്ല്ല്യ. ഓരോർത്തരും ഓരോന്ന് കാട്ടിക്കൂട്ടും . അതിനനുസരിച്ച് അവരവർക്ക് കിട്ടുകേം ചെയ്യും. നാം കൊട്ക്ക്ണതാന്ന് ചെലര് വിശ്വസിക്കും. അതല്ല, സ്വന്തം കേമത്തം കൊണ്ടാണെന്ന് വേറെ ചെലരും ധരിക്കും. അതെന്തായാലും നമ്മൾ ചെയ്യാന്ള്ളത് നമ്മൾ തന്നെ ചെയ്യണം.

ഇപ്പം മനസ്സിലായി സാറിന്റെ പ്രോബ് ളം.സൊല്യൂഷൻ ഉണ്ട് സർ.കുന്നംകുള ത്തുകാരൻ ഒരു വർക്കി ഒരു ഗാഡ്ഗറ്റുമായി വന്നിരുന്നു. സാറ് പറഞ്ഞ കണി പോലൊ ന്ന് തന്നെ. സൈബർ വെർഷൻ. അയാൾ അതിന്റെ പ്രോട്ടോടൈപ്പും കാട്ടിത്തന്നു. ഈ വിഷുവിന് ലോഞ്ച് ചെയ്യാനാണ്. ഡീ റ്റെയിൽസ് വർക്ക് ഔട്ട് ആയില്ല. ഞങ്ങടെ എൻജിനീയേഴ്സ് അത് റീ ഡിസൈൻ ചെ യ്യുകയാണ്. കണിയുടെ സമയമായാൽ ഒരു അലാറം മുഴങ്ങും . അപ്പോൾ സൈബർ ലോകത്തു നിന്ന് ഒരു ഓട്ടുരുളി ഉരുണ്ടു രുണ്ടു വരും.

ഇനി നാം പറയാം . ആ ഉരുളിയിൽ ഉണ്ണിക്കണ്ണൻ. കണിക്കൊന്ന. പൊന്നാര്യ ന്റെ പുന്നെല്ലരി. തെളിഞ്ഞു കത്തുന്ന നെ യ്ത്തിരി. തനിയ്ക്ക് ബുദ്ധിണ്ട് .

ഇല്ല സാർ. ആ ഉരുളി അതൊന്നും സപ്പോർട്ട് ചെയ്യില്ല. അത് ഏറ്റവും പുതിയ വെർഷനാണ്. അതിൽ ഒരു മോണിറ്റർ ഉണ്ടാവും . മോണിറ്ററിൽ ഒരു വിഷ്വൽ. കണി കാണുന്ന ആൾക്കനുസരിച്ച് അത് ചെയ്ഞ്ച് ചെയ്യും. നേരത്തെ പറഞ്ഞ വ റൈറ്റിയിൽപ്പെട്ട ന്യൂജെൻ ബ്രോസാണ് കാണുന്നതെങ്കിൽ അവരുടെ ഗേൾഫ്രണ്ട് ആവും സ്ക്രീനിൽ. ഫോർമാറ്റെല്ലാം സെ യിം. ചോയ്സ് ബട്ടൺ ഓപ്ഷനുണ്ട് സാർ. വീട്ടിലെ ഓൾഡ് ലേഡീസാണ് കാണുന്ന തെങ്കിൽ അവരുടെ മരിച്ചു പോയ ഹസ്ബ ന്റെ വിഷ്വൽ സ്ക്രീനിലെത്തും. കണ്ടു കഴിഞ്ഞാൽ ഒരു കൊല്ലത്തേക്കോ ഒരു മാസത്തേക്കോ ഒക്കെ ചാർജാവും. കാണു ന്നവരുടെ പേയിംഗ് കപ്പാസിറ്റിയ്ക്കനുസരി ച്ച് വാറന്റി പീര്യഡ് എക്സ്റ്റന്റ് ചെയ്യാം. ഒരു വർഷത്തേക്ക് ചാർജ് ആവുന്ന പേക്കേജ് ആണെങ്കിൽ ഒരു മാസത്തെ ബോണസ് ഓഫറുമുണ്ട്. ചുറ്റിലും എൽ. ഇ. ഡി ഇല്യൂമിനേഷൻ . തീപ്പിടിക്കാത്ത മേശപ്പൂവ്. പൊള്ളാത്ത കമ്പിത്തിരി. വോള്യം അഡ്ജ സ്റ്റ് ചെയ്യാവുന്ന പടക്കങ്ങൾ.ചൈനയിൽ നിന്ന് ഇമ്പോർട്ട് ചെയ്ത പ്ളാസ്റ്റിക് പൂക്കൾ . അങ്ങനെ കിഡ്സ് വെർഷനും. എല്ലാം ഹൈടെക് ആണ് സാർ. ഫുൾ ഓപ്ഷൻ വേണ്ടവർക്ക് ഇനിയും ഡീറ്റെയിൽസ് ആ ഡ് ചെയ്യാം. വേണമെങ്കിൽ ഫേവറിറ്റ് മോഡിൽ ഡീഫാൾട്ട് സെറ്റ് ചെയ്യാനും പറ്റും സാർ.

ആ നസ്രാണിക്ക് അതെന്തിനാ?

സാറിന്റെ നാട്ടിൽ തന്നെയാവും അത് ഡിസ്ട്രിബ്യൂട്ട് ചെയ്യുക. ഓപ്പൺ മാർക്ക റ്റല്ലേ സാർ, കോമ്പറ്റീഷനില്ലാതെ ബ്ളാങ്ക് ആയി കെടക്കുന്നത്. പ്രൊഡക്ട് മൂവായാൽ സാറിന്റെ മാർക്കറ്റ് ഷെയർ ഇടിയും .

നമ്മുടെ ഷെയറൊന്നും ഇടിയാൻ പോ ണില്ല്യ. നീ ഏത് മാപ്ളയ്ക്കും എന്ത് കുന്തം വേണേലും ണ്ടാക്കി കൊടുത്തോ .

അതു പോട്ടെ സാർ. അതിന്റെ പേരിൽ പ്രോബ്ളം ക്രിയേറ്റ് ചെയ്യണ്ട. ആ ഗാഡ് ഗെറ്റിൽ ചില മോഡിഫിക്കേഷൻസ് വരു ത്തിയാൽ സാറിന്റെ റിക്വയർമെന്റും മീറ്റ്ചെ യ്യാം. സാറിനാവുമ്പോൾ സോഫ്റ്റ് വെയർ സപ്പോർട്ടിംഗിന്റെ പ്രോബ്ളം ഉണ്ടാവില്ല. വിഷുവിന്റെ ഒറിജിനൽ പാറ്റന്റ് സാറിന്റെ പേരിലാണല്ലൊ.

അതെന്ത് വേണേലും ചെയ്തോ.

ഫോർ എക്സാമ്പിൾ, സാറ് സാറി ന്റെ ലൊക്കേഷനിൽത്തന്നെയിരിക്കുന്നു.കീ ബോർഡിൽ കൺട്രോൾ സി അടിച്ചാൽ സാർ കോപ്പീഡ് ആവും. പിന്നെ കൺ ട്രോൾ വി അടിച്ചാൽ ഏത് കണിയിൽ വേണമെങ്കിലും സാറിനെ പേസ്റ്റ് ചെയ്യാം.

ഇല്ല, നമ്മെ പേസ്റ്റാക്കാനൊന്നും പറ്റി ല്ല്യ.

ആ പേസ്റ്റ് അല്ല സാർ.

ഏത് പേസ്റ്റായാലും നടക്കില്ല.

അല്ല സാർ, പല ഓപ്ഷനുമുണ്ട്. കട്ട് ആൻഡ് പേസ്റ്റ്. അല്ലെങ്കിൽ കോപ്പി ആൻ ഡ് പേസ്റ്റ്. കട്ട് ആൻഡ് പേസ്റ്റ് ആണെ ങ്കിൽ ഒറിജിനൽ ലൊക്കേഷനിൽ നിന്ന് സാർ ഡിലീറ്റ് ആവും. കോപ്പി ആൻഡ് പേസ്റ്റ് ആണെങ്കിൽ ഒറിജിനൽ സ്ഥാനത്ത് സാറുണ്ടാവും. സാറിന്റെ കോപ്പി മാത്രമേ പേസ്റ്റാവൂ.

കോപ്പിയാണെങ്കിൽ നീ പേസ്റ്റോ പ ൽപ്പൊടിയോ എന്തു വേണമെങ്കിലും ആ ക്കിക്കോ.

എന്തായാലും സാർ സഹകരിക്കേണ്ടി വരും. സാറിനെ ഒന്ന് ഫോർമാറ്റ് ചെയ്യേ ണ്ടി വരും.

എടോ അരൂപിയായ നമ്മെ എങ്ങനെ ഫോർമാറ്റ് ചെയ്യും? രൂപമുള്ളതിനെ അല്ലേ രൂപം മാറ്റാൻ വെയ്ക്കൂ.

അതിനു വഴിയുണ്ട്. സാർ ഡീകോഡ് ചെയ്യാൻ സമ്മതിച്ചാൽ.

ഡീകോഡ് ചെയ്യാന്ന് വെച്ചാൽ?

സാറിനറിയാലോ ബേസിക്കലി നമ്മളെ ല്ലാം എലമെന്റ്സിന്റെ ഒരു കോമ്പിനേഷ നാണ്.

'പഞ്ചഭൂതാത്മകം തത്ത്വം' എന്നാണ് നമ്മുടെ നാട്ടിലൊക്കെ നമ്പൂരാര് പറയാറ്.

സാറ് സംസ്കൃതത്തിൽ പറയുന്നു . ഞാൻ ഇംഗ്ളീഷിലും . ദാറ്റ്സാൾ . രണ്ടും ഒന്നുതന്നെ സാർ.

നീ സാർ സാർ എന്നു വിളിക്കാതെ നെനക്ക് ചെയ്യാൻ പറ്റ്വോന്ന് പറയ്. അം ശാവതാരംന്ന് കേട്ട്ട്ട്ണ്ടോ നീ ? നമ്മുടെ മുഴുമൻ സിദ്ധീം ണ്ടാവില്ല്യ. എന്നാ ഒരു ട്ടൊക്കെ ണ്ടേനിം. ഏതാണ്ട് അങ്ങന്യൊ ന്നാ നിയ്യ്ണ്ടാക്കണ്ടത്. സൈബരാവതാരം. ഉരുളീൽ കേറി നിന്നാൽ അസ്സല് കണി ആണ്ന്ന് തോന്നണം.

അതു തന്നെ സാർ ഞാനും ഉദ്ദേശി ച്ചത്.അല്പം സോഫിസ്റ്റിക്കേറ്റഡ് ആവും. ഡ്യൂറബിലിറ്റി ഒരു കൊല്ലത്തേക്ക് പോരേ?

മതി. ധാരാളം.

അതിന് സാറിനെ ഡീകോഡ് ചെ യ്യാൻ പറ്റിയാലല്ലേ എൻകോഡിംഗ് നടക്കൂ. ഡീകോഡ് ചെയ്യാൻ സമ്മതിക്കണം സാർ. പ്ളീസ്.

നീ നമ്മെ ഡീകോഡാക്കി തനിക്ക്യാ ക്കോന്നാണ് ശങ്ക.

ഇല്ല സാർ. ബിസിനസിൽ ചതിയില്ല.

ദൈവാണ് സത്യം .

അപ്പോൾ നീയും നമ്മുടെ വിശ്വാസിയാണ് ല്ലേ?

അല്ല സാർ , ഞങ്ങൾ വേറെ വിശ്വാസികളാണ്. ഞങ്ങളുടെ സാറിന്റെ കോസ്റ്റ്യൂമും ഫോർമാറ്റും വേറെയാണ്. അതുപോട്ടെ, അതൊരു ഇഷ്യൂ ആക്കണ്ട. ഞങ്ങൾക്കാണെങ്കിൽ ബിസിനസ്സാണ് ഏറ്റവും വലിയ റിളിജ്യൺ. ഡോളറിലാണ് വിശ്വാസം. മറ്റെല്ലാം സെക്കൻഡറിയാണ് സാർ. സാറിന്റെ ലൊക്കേഷൻ പറയൂ. പിന്നെ ഡേറ്റ് ഓഫ് ബർത്ത്.

എടോ സർവവ്യാപിയ്ക്കെന്ത് ആസ്ഥാനം? ജനനമരണാദികൾ ഇല്ലാത്തവർക്ക് എന്ത് ജനനത്തീയതി ?

അപ്പോൾ സാറിന്റെ ഡേറ്റ് ഓഫ് ബർത്ത് ആഘോഷിക്കാൻ രണ്ടു വർഷം മുമ്പ് ചിലർ ഒര് ആപ്പിന് ഓർഡറുമായി വന്നതോ? എന്തോ ഒരു നെയിം പറഞ്ഞു. സാറിന്റെ പേരിലാണ് അത് സ്റ്റാർട്ട് ചെയ്യുന്നത്..

ശ്രീകൃഷ്ണജയന്തീന്നാണോ?

വെരി സെയിം. ആ പർട്ടിക്കുലർ ഡേയിൽ സാറിന്റെ വേഷത്തിൽ സ്മാൾ കിഡ്സിനെ റോഡിലിറക്കാനുള്ള ടെക്നിക് . അതായിരുന്നു അവർക്ക് വേണ്ടത്.

എന്നിട്ടോ, നിയ്യത് ഉണ്ടാക്കിക്കൊടുത്തോ?

വൈ നോട്ട്. അതല്ലേ സാർ കഴിഞ്ഞ രണ്ടു വർഷമായി സാറിൽ വിശ്വാസമില്ലാത്തവർ പോലും വേഷം കെട്ടി റോഡിലിറങ്ങുന്നത്. നെക്സ്റ്റ് ഇയറിനു വേണ്ടി അല്പം കൂടി മോഡിഫിക്കേഷൻ വരുത്തുന്നുണ്ട് സർ.

അതെന്താ?

എൽ.ഇ. ഡി വെർഷൻ. അതിൽ വിഷലിന്റെ കളർ അവരവരുടെ ഇഷ്ടം പോലെ മാറ്റാം. ബേസിക്കലി ഇത് സാറിന്റെ നാട്ടിലെ ലേഡീസിന് വേണ്ടി ഉണ്ടാക്കിയതാണ്. സാരിയുടെ നിറം മിനുട്ട് വെച്ച് മാറ്റാൻ. വേണമെങ്കിൽ സാറിന്റെ വൈഫുമാർക്കും യൂസ് ചെയ്യാം. 16008 വൈഫുമാരുണ്ടല്ലൊ സാറിന്. ആ ആപ്പിൽ ചില മോഡിഫിക്കേഷൻ വരുത്തിയാൽ മതി.

അമ്പലപ്പറമ്പിൽ ബാലെ കളിക്കുമ്പോൾ ബൾബിന്റെ മുന്നിൽ പല നെറമുള്ള പ്ളാസ്റ്റിക് വട്ട് കറക്കി സ്റ്റേജിന്റെ നെറം മാറ്റുന്നത് കണ്ടിട്ടുണ്ട്.

അതല്ല സാർ. അത്ര ചീപ്പായി കാണരുത് ഞങ്ങളെ. അല്പം കൂടി അഡ്വാൻസ്ഡ് ടെക്നോളജിയാണ്. ഫോർ എക്സാമ്പിൾ, സാറിന്റെ ബിലീവേഴ്സ് ആണ് ഇത് യൂസ് ചെയ്യുന്നതെങ്കിൽ സാറിനെ റോയൽ ബ്ളൂ കളറിലാവും കാണുക.

അതായത് ഇന്ദ്രനീലം?.

യെസ് സാർ. ഇത്രയും കാലം സാറിന്റെ ഐഡന്റിറ്റി തന്നെ ചോദ്യം ചെയ്തിരുന്ന മറ്റവൻമാരാണ് യൂസ് ചെയ്യുന്നതെങ്കിലോ? ചെങ്കൊടിയുടെ കളറിലാവും കാണുക. ബൈ ദ ബൈ സാറിനെപ്പറ്റിയുള്ള ചില സ്ളോഗനുകളിൽ പീറ്റാംബര ഉണ്ടല്ലൊ. അത് കളറാണോ കോസ്റ്റ്യൂമാണോ?

നീ അഞ്ജനംന്ന് കേട്ടിട്ട്ണ്ടോ. മഞ്ഞള് പോലെ വെള്ത്ത ഒരു സാധനം, അതിന്റെ നെറാണോന്. ശപ്പ ! നമ്മുടെ നെറോം ഗുണോം ഗന്ധോം ഒക്കെ മനസ്സിലാക്കി ഡീകോഡും ചെയ്ത് ഡ്യൂപ്ളിക്കേറ്റ് ണ്ടാക്കാനാണെങ്കിൽ, ഒരു കാര്യം നാം പറയാം.

അയ്യോ സാർ, ഞാൻ ആ ടൈപ്പല്ല.

ഏതു ടൈപ്പ് റൈറ്ററായാലും കൊള്ളാം. 'കർമ്മണ്യേ വാദികാരസ്ഥേ മാഫലേഷു കദാചന' എന്ന് കേട്ടിട്ടുണ്ടോ?

കടു കട്ടി സംസ്കൃതാണല്ലൊ സാർ. ഐ കാണ്ട് ഫോളോ.

നീയൊക്കെ കർമ്മം ചെയ്യലേണ്ടാവുള്ളൂ ഫലം കിട്ട്ല്ല്യാന്ന്.

അയ്യോ സാർ ,ശപിയ്ക്കരുത്.

എന്നാ ഒരു കാര്യം ചെയ്യ്. നമ്മെപ്പറ്റി നെന്റെ ഗൂഗിളോകത്തിൽ നന്നായി പ്രചാരം നടത്ത്. വിഷുവിന് കണി കാണാൻ പാകത്തിൽ നെനക്ക് അറിയാവുന്ന സൂത്രം എന്താ ണ്ടാക്കാൻ പറ്റ്ആ ച്ചാൽ അതും ചെയ്യ്.

തീർച്ചയായും സാർ. ഓട്ടോ ഡൗൺലോഡ് ആവുന്ന ഒരു വെർഷൻ റെഡിയാക്കാം, അത് ബ്രോമോൻമാരുടെ കമ്പ്യൂട്ടറിലേക്കും മൊബൈലിലേക്കും തനിയെ ഡൗൺലോഡ് ആവും സാർ. ഡിലീറ്റ് ചെയ്യാനും പറ്റില്ല. അതു പോരേ?

പോരാ.

പിന്നെന്തു വേണം സാർ?

'യോഗിഹൃദ്ധ്യാനഗമ്യം'.അവരുടെ ഹൃദയത്തിലേക്ക് വേണം ഗമിക്കാൻ.

ആദ്യം സാറ് പറഞ്ഞു ഉരുളിയിലേക്കാണ് മാനിഫെസ്റ്റേഷൻ നടത്തേണ്ടതെന്ന്. ആൻഡ് നൗ, ഹൃദയത്തിലേക്ക് വേണമെന്ന്. ഇതിലേതാണ് വേണ്ടത്. രണ്ടും കൂടി കൺഫ്യൂഷനാവുന്നു സാർ.

ഒന്നായ നമ്മെയിഹ രണ്ടെന്നു കണ്ടളവിൽ..... ഇണ്ടലോട് ഇണ്ടൽ അല്ലേ?

ഞങ്ങൾ ഡൈലമ്മയെന്ന് പറയുന്നതാണോ സാർ ഉദ്ദേശിച്ചത്.

നാം ഒന്നും ഉദ്ദേശിച്ചില്ല. ഒരു ഫലിതം പറഞ്ഞു, അത്രേള്ളു. അരസികൻ.

ഇവിടെ ഈ ജോലിത്തിരക്കിൽ ഞങ്ങൾക്കെവിടെ സാർ സംസ്കൃതൊക്കെ പഠിയ്ക്കാൻ സമയം. സാറ് ആ മാനിഫെസ്റ്റേഷന്റെ കാര്യം പറയൂ.

നീ ണ്ടാക്ക്ണ കുന്ത്രാണ്ടം കമ്പ്യൂട്ടറിലേക്ക് മാത്രം എറങ്ങിച്ചെന്നാൽ പോരാ. ചെക്കന്മാര്ടെ ഹൃദയത്തിലേക്കും എറങ്ങിച്ചെല്ലണം. അവിടെക്കെടന്നങ്ങനെ പ്രകാശം പരത്തണം.

എത്ര വാട്ട്സിന്റെ ലൈറ്റ് വേണ്ടി വരും സാർ?

കോടിസൂര്യസമപ്രഭ!

ഐ കാണ്ട് ഫോളോ യുവർ ലാംഗ്വേജ് സർ.

എന്നാൽ ചുരുക്ക്യങ്ങട് പറയാം.

'ശാന്താകാരം ഭുജഗശയനം പദ്മനാഭം സുരേശം , വിശ്വാധാരം ഗഗന സദൃശം മേഘവർണ്ണം ശുഭാംഗം, ലക്ഷ്മീകാന്തം കമല നയനം യോഗിഹൃദ്ധ്യാനഗമ്യം, വന്ദേ വിഷ്ണും ഭവഭയഹരം സർവലോകൈക നാഥം'. ഇങ്ങനെ തോന്നണം നിയ്യ്ണ്ടാക്ക്ണ യന്ത്രം കണ്ടാൽ. സാന്ദ്രാനന്ദമായ അവബോധവും ഉണ്ടായ്ക്കോട്ടെ.

ഓകെ സാർ. സാറിപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന സിസ്റ്റം ഇല്ലേ ? അതിന്റെ ഡീറ്റേൽസ് ഞങ്ങൾക്ക് തരൂ. ദാറ്റ് മീൻസ് അറ്റ് എ ടൈം നിരവധി സ്ഥലത്ത് അപ്പ്യേർ ചെയ്യുന്ന ടെക്നിക്. അതാണെങ്കിൽ പിക്ചർ ക്ളാരിറ്റി കൂടും. ടെൻ ബില്യൺ സ്ഥലത്തെങ്കിലും അറ്റ് എ ടൈം വിഷുക്കണി വിസിബിൾ ആവുന്ന സോഫ്റ്റ് വെയറും റെഡിയാക്കാം. സാറിനെ കംപ്ളീറ്റായി ഡീകോഡും ചെയ്യാം. പിന്നെ സാറിനെ റീക്രിയേറ്റ് ചെയ്യണമെങ്കിൽ മാസ്റ്റർ കോപ്പിയുടെ ഹാർഡ് ഡിസ്ക് സൂക്ഷിച്ചാൽ മതി.

അങ്ങനെ വരട്ടെ. എടാ മഹാവേന്ദ്രാ. ഭസ്മാസുരൻ ആവാനാണല്ലേ നെന്റെ പൊറപ്പാട്. ആ മോഹം കയ്യിൽ വെച്ചാൽ മതി.

ഇല്ല സാർ ആഷിന്റെ മോൺസ്റ്ററിനെ ഞാൻ അറിയുകയേയില്ല.

എന്നാൽ പറഞ്ഞു തരാം. ആ വിദ്വാന് പണ്ട് നാമൊരു വരം കൊടുത്തു. ചൂണ്ടം വെരലിലെ വിഷ്ണുപ്പടക്കം.അത് നമ്മുടെ നേരെ എറിയാൻ നോക്കി ആ ഏഭ്യൻ. നമ്മോടാ അവന്റെ കളി. അത് ആ മൊശകോടന്റെ നെറ്ന്തലേൽത്തന്നെ വീണ് പൊട്ടി. അതുപോലെ നമ്മുടെ വിവരം ചോർത്തി നമ്മുടെ ഡ്യൂപ്ളിക്കേറ്റ് ണ്ടാക്കി നമുക്കെതിരെ പ്രയോഗിക്കാനാ ഭാവംച്ചാൽ അത് നടക്ക്ല്ല്യ. നെന്റെ അന്ത്യം നമ്മുടെ കൈകൊണ്ട് തന്നെയാവും. സൈബരാന്തകൻ എന്ന് കേട്ടിട്ട്ണ്ടോ നീ. പതിനൊന്നാമതായി, അങ്ങനെ ഒരു അവതാരം കൂടി വേണ്ടി വരും. അത്രേള്ളൂ. സംഭവാമി യുഗേ യുഗേ.

ഇത് വൺ മിസ്റ്റർ കുമാരനുണ്ടായ സംഭവത്തിലെ വരികളല്ലേ സാർ?

നിന്നോടൊക്കെ സംസാരിക്കാൻ നിന്നാൽ ഏത് ദ്വാപരയുഗോം കല്യായിപ്പോവും. നാം പോണൂ.

അയ്യോ സാറേ പോവല്ലേ.

നിയ്യെന്താ ശ്രീനിവാസന് പഠിക്ക്യാ. എനിയ്ക്ക് പോവാതെ തരംല്ല്യ. നിർബന്ധച്ചാ വിഷൂന് കാണാം. ഇത്തവണ സൈബരാപുരത്തും ണ്ടാവും നാം.

അതെങ്ങനെ സാർ? ഞങ്ങൾ ആപ്പ് ഡെവലപ്പ് ചെയ്തില്ലല്ലൊ.

ഇനി നിയ്യൊന്നും ഒരാപ്പും കോപ്പും ണ്ടാക്കണ്ട . സർവവ്യാപീന്ന് പറഞ്ഞാൽ സൈബരാപുരോം അതിൽപ്പെടും . ഇന്നാ,എഴുതിപ്പഠിച്ച് മനഃപാഠമാക്ക്.

'സൈബരാഖ്യാമിതി പ്രോക്തം
സത്യബ്രഹ്മമിഹം പരം
സുതലാമതലാം ലോകേ
സർവവ്യാപീ നഃ സംശയഃ'

ശുഭമസ്തു.

●

# അത്രയ്ക്ക് പൂച്ചയല്ല ഈ ക്യാറ്റ്

ഈ മാഷിന്റെ ക്ളാസിൽ ഇരിക്കുന്ന കുട്ടികൾ അടയ്ക്കുന്ന ഫീസ് കേട്ടാൽ നമ്മൾ ഞെട്ടും. 15 ലക്ഷം രൂപ! സ്വകാര്യ സ്വാശ്രയ കോളേജിലെ മാനേജ്മെന്റ് ക്വാട്ടയിലല്ല. മെരിറ്റ് സീറ്റിലെ ഫീസാണ് ഇത്. ഇങ്ങനെ കടുകട്ടിയായ ഒരു ക്ളാസിൽ രണ്ടു വർഷം പഠിച്ചാലോ? അതു കഴിഞ്ഞ് എന്തു ജോലി കിട്ടിയാലാണ് അടച്ച ഫീസ് മുതലാവുക എന്നും നമ്മൾ ശങ്കിക്കും. അങ്ങനെ നമ്പൂരിശ്ശങ്ക വേണ്ട. ഈ വർഷം അഹമ്മദാബാദ് ഐ.ഐ.എമ്മിൽ നിന്ന് കോഴ്സ് കഴിഞ്ഞ കുട്ടിക്ക് ലഭിക്കുന്ന ഉയർന്ന വാർഷിക ശമ്പളം 1. 23 കോടി രൂപയാണ്.

### പ്രത്യേക ലേഖകൻ

**ഒ**രു നമ്പൂരി വേറൊരു നമ്പൂരിയെ ക്കണ്ടാൽ ചോദിക്കുന്ന സ്ഥിരം ചോദ്യമുണ്ട്.

എന്താ ഇല്ലപ്പേര് ?

തീർന്നില്ല.

എവിടെയാണ് അമ്മാത്ത്. അവിടേയും നിൽക്കില്ല.

ഏതെങ്കിലും വഴിയ്ക്ക് ചാർച്ചക്കാരെ കണ്ടെത്തുക കൂടി ചെയ്താൽ ക്ഷ ആയി.

അങ്ങനെ അല്ലാതെയും ക്ഷ ആവാലോ.

നമുക്ക് ഒരു നമ്പൂതിരിയെ പരിചയപ്പെടാം. ഗോത്രം, സൂത്രം,പ്രവരം.....അതൊക്കെ അവിടെ നിക്കട്ടെ. ആശ്വലായനാണോ?ആയിരിക്കാം. എന്താ ജോലി? മാഷാണ്.

നമുക്ക് പരിചയമുള്ള സാധാരണ മാഷല്ല ഈ നമ്പൂതിരി.

സി. എ. ടി ക്യാറ്റ് പൂച്ച. പണ്ട് ചൊല്ലിപ്പഠിച്ച പാഠം. ഇങ്ങനെയുള്ള കൊച്ചു പാഠങ്ങൾ പഠിപ്പിക്കുന്ന മാഷല്ല. എന്നാലും സി. എ. ടി ക്യാറ്റ് ഇവിടെയുണ്ട്. പക്ഷേ ഈ ക്യാറ്റ് പൂച്ചയല്ല പുലിയാണ്. ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റിലേക്ക് പ്രവേശനം കിട്ടാനുള്ള കോമൺ അഡ്മിഷൻ ടെസ്റ്റാണ് ഈ ക്യാറ്റ്. അങ്ങനെയുള്ള ക്യാറ്റ് കഴിഞ്ഞെത്തുന്ന സൂപ്പർ ബ്രെയിൻ ഉള്ളവരാണ് ഈ മാഷിന്റെ കുട്ടികൾ.

കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റിലെ അദ്ധ്യാപകൻ. പേര് കൃഷ്ണൻ. ഇല്ലപ്പേര് തൊഴുവാന്നൂർ.പഴയ വന്നേരിയിലാണ് ഇല്ലമെങ്കിലും ഇപ്പോൾ കുന്ദമംഗലത്തെ ക്യാമ്പസിലാണ് താമസം.

ഈ മാഷിന്റെ ക്ളാസിൽ ഇരിക്കുന്ന കുട്ടികൾ അടയ്ക്കുന്ന ഫീസ് കേട്ടാൽ നമ്മൾ ഞെട്ടും. 15 ലക്ഷം രൂപ!

സ്വകാര്യ സ്വാശ്രയ കോളേജിലെ മാനേജ്മെന്റ് ക്വാട്ടയിലല്ല. മെരിറ്റ് സീറ്റിലെ ഫീസാണ് ഇത്. എന്നാലോ അച്ഛൻ ഗൾഫിലാണെന്ന ബലത്തിൽ ലക്ഷങ്ങൾ മുടക്കിയാൽ കിട്ടുന്ന എൻ.ആ,ർ. ഐ സീറ്റുമല്ല ഇത്. എൻട്രൻസ് പരീക്ഷയെഴുതി കഴിവ് തെളിയിക്കണം.

ഒരു വർഷം രണ്ടര ലക്ഷം ബിരുദധാരികളാണ് ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റിലേക്ക് എൻട്രൻസ് പരീക്ഷയെഴുതുന്നത്. അതിൽ നിന്ന് പ്രവേശനം ലഭിക്കുന്നതോ 300 പേർക്ക് മാത്രം. കഷ്ടിച്ച് രണ്ടു ശതമാനം പേർക്ക് മാത്രമാണ് പ്രവേശനം! ഇങ്ങനെ കടുകട്ടിയായ ഒരു ക്ളാസിൽ രണ്ടു വർഷം പഠിച്ചാലോ? അതു കഴിഞ്ഞ് എന്തു ജോലി കിട്ടിയാലാണ് അടച്ച ഫീസ് മുതലാവുക എന്നും നമ്മൾ



ശങ്കിക്കും. അങ്ങനെ നമ്പൂരിശ്ശങ്ക വേണ്ട. ഈ വർഷം അഹമ്മദാബാദ് ഐ.ഐ.എ മ്മിൽ നിന്ന് കോഴ്സ് കഴിഞ്ഞ കുട്ടിക്ക് ലഭിക്കുന്ന ഉയർന്ന വാർഷിക ശമ്പളം 1. 23 കോടി രൂപയാണ്.

ഇന്ത്യയിൽ അപൂർവം ചില സംസ്ഥാ നങ്ങളിൽ മാത്രമേ ഐ.ഐ.എം ഉള്ളൂ.

ഐ.ഐ.എം എന്നാൽ ഇന്ത്യൻ ബിസി നസ് സ്കൂളിന്റെ തലതൊട്ടപ്പൻ. അതിന്റെ മുകളിൽ ഇന്ത്യയിൽ വേറെ സ്ഥാപനങ്ങ ളില്ല.കേരളത്തിൽ ഒന്നേയുള്ളൂ.അതാണ് കോഴിക്കോട്ടേത്.അതിൽ ഒരു നമ്പൂതിരിയേ യുള്ളൂ.അദ്ദേഹമാണ് ഇദ്ദേഹം. വൻ കോർ പറേറ്റുകളുടെ തലപ്പത്ത് മുടിചൂടാമന്നന്മാ രായി വിലസുന്ന മാനേജർമാരിൽ ചിലർ ഈ മാഷിന്റെ കുട്ടികളാണ് എന്നറിയുക. വിപ്രോയിലും ഇൻഫോസിസിലും ടാറ്റാ കൺസൾട്ടൻസിയിലും ഒക്കെ കാണും ഈ മാഷിന്റെ പിള്ളേർ.

മാഷെന്നല്ലപറയുക, ഫാക്കൽട്ടിയെ ന്നാണ്. അസോസിയേറ്റ് പ്രൊഫസർ. ഐ.ഐ.എമ്മിലെ ഹ്യൂമൺ റിസോഴ്സ് ഡിപ്പാർട്ടുമെന്റിൽ ഓർഗനൈസേഷണൽ ബിഹേവിയർ വിഭാഗത്തിലെ ഫാക്കൽട്ടി.

ആള് മാഷ് തന്നെയെങ്കിലും നമ്മൾ ക്ക് പരിചയമുള്ള നാട്ടിൻപുറത്തെ സ്കൂൾമാഷല്ല. ഇതൊരു വേറെ ജനുസ്സാണ്. എം.ബി.ബി.എസും മറ്റും കഴിഞ്ഞ കുട്ടി കൾപോലും ഇവിടത്തെ ബിരുദം കിട്ടാൻ എൻട്രൻസ് എഴുതി കാത്തിരിക്കുന്നുണ്ട് എന്നറിയുമ്പോഴാണ് സംഗതിയുടെ ലെവൽ വേറെയാണെന്ന് മനസ്സിലാവുക.

എസ്.എസ്.എൽ.സിക്കും.പ്ലസ് ടുവി നും 60ശതമാനം മാർക്ക് വേണം.ഡിഗ്രിയ്ക്ക് 50 ശതമാനവും. പിന്നെ എൻട്രൻസ് എഴുതണം. അതിൽ 90 ശതമാനത്തിനു മുകളിൽ വേണം. അതും കഴിഞ്ഞ് എസ്സേ റൈറ്റിംഗ്, പിന്നെ പ്രൊഫൈൽ ഇവാല്യു വേഷൻ, പിന്നെ ഗ്രൂപ്പ് ഡിസ്കഷനിലെ മികവ്. എല്ലാം കഴിഞ്ഞ് ഇന്റർവ്യൂ വേറെയും. ഇതൊക്കെ കഴിഞ്ഞാലോ ലക്ഷങ്ങളുടെ ഫീസും. ഇക്കൊല്ലത്തെ ഫീസ് എട്ടു ലക്ഷ മാണ്. അടുത്ത കൊല്ലം വീണ്ടും കൂടും. രണ്ടു കൊല്ലം പഠിച്ചാൽ 17 ലക്ഷത്തോളം രൂപ തീർന്നു കിട്ടും. വിദേശിയാണ് പഠി ക്കാൻ വരുന്നതെങ്കിൽ ഒരു കൊല്ലത്തിൽ മാത്രം 18 ലക്ഷം രൂപ ഫീസുണ്ട്.

ഇന്ത്യൻ പ്ലേയ്സ്മെന്റ്സ് റിപ്പോർ ട്ടിംഗ് സ്റ്റാന്റേർഡ്സ് എന്ന പേരിലൊരു കണക്കെടുപ്പുണ്ട്. അതായത് ഇന്ത്യയി ലെ കുട്ടികൾക്ക് കിട്ടുന്ന തൊഴിലും ശമ്പ ളവും സംബന്ധിച്ച കണക്ക്. ആ കണക്ക്



*ലോക ചെസ് ചാമ്പ്യൻ വിശ്വനാഥൻ ആനന്ദും അദ്ദേഹത്തിന്റെ ആദ്യത്തെ ടീം മാനേജർ തൊഴുവാനൂർ നാരായണൻ നമ്പൂതിരിയും- ഒരു പഴയ ചിത്രം*

നോക്കിയാൽ നമ്മൾഞെട്ടും. കോഴിക്കോട് ഐ.ഐ. എമ്മിലെ കുട്ടികൾക്ക് കിട്ടുന്ന ലക്ഷങ്ങളുടെ കണക്ക് അതിൽ കാണാം. അങ്ങനെയുള്ള വലിയ കുട്ടികളെ പഠിപ്പി ക്കുന്ന അതിലും വലിയ മാഷാണ് ഈ നമ്പൂതിരി.

മറ്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ എം.ബി.എ എന്ന പേരിൽ ബിരുദപഠനം നടത്തുമ്പോൾ പോസ്റ്റ് ഗ്രാജുവേറ്റ് പ്രോ ഗ്രാം ആണ് ഐ.ഐ. എം നടത്തുന്നത്. വേറൊരു കണക്കു കൂടി പറയാം. രണ്ടു വർഷം മുമ്പത്തേതാണ്. 2015ലേത്. കുട്ടി കളെത്തേടി എത്തിയത് 359 തൊഴിലവ സരങ്ങൾ. എന്നാൽ 347 വിദ്യാർത്ഥികളേ അപേക്ഷിക്കാൻ ഉണ്ടായിരുന്നുള്ളൂ.100 ശതമാനം പ്ലേയ്സ്മെന്റ് !

അങ്ങനെയുള്ള കുട്ടികളെയാണ് ഈ മാഷ് പഠിപ്പിക്കുന്നത്. 17. 53 ലക്ഷമായിരു ന്നു 2016ൽ ഇവിടത്തെ കുട്ടികൾക്ക് ശരാ ശരി വാർഷിക ശമ്പളം ഓഫർ ചെയ്തിരു ന്നത്. മാസം ഒന്നര ലക്ഷത്തിലേറെ രൂപ. അപ്പോൾ കോഴ്സിന് 15 ലക്ഷം ഫീസ് കൊടുത്താലും ഒരു കൊല്ലം കൊണ്ട് മുതലാവും. വെറും പത്തുദിവസം കൊണ്ട് ഇവിടത്തെ മുഴുവൻ കുട്ടികളെയും വൻ കമ്പനികൾ റാഞ്ചിക്കൊണ്ടു പോയത് ഐ.ഐ.എം ഡയറക്ടർ അദ്ഭുതത്തോടെ പറഞ്ഞത് ബിസിനസ് ടുഡേ രേഖപ്പെടു ത്തിയിട്ടുണ്ട്.

വേറൊരു കണക്കു പറയാം. ഏതെങ്കി ലും ഒരു കുട്ടിയ്ക്ക് കിട്ടിയ കോടികളുടെ കണക്കല്ല. കുറെപ്പേർക്ക് കിട്ടിയ ലക്ഷങ്ങ ളുടെ കണക്ക്.

ഏറ്റവും മികച്ച 25 കുട്ടികളുടെ ശരാ ശരി ശമ്പളം 29.94 ലക്ഷം രൂപ!

ഏറ്റവും മികച്ച 50 കുട്ടികളുടെ ശരാശ രി ശമ്പളം 25.93 ലക്ഷം രൂപ!!

ഏറ്റവും മികച്ച 100 കുട്ടികളുടെ ശരാ ശരി ശമ്പളം 22.89 ലക്ഷം രൂപ!!!

ഏതാനും വർഷം മുമ്പ് കുറുക്കൻ കു ന്നായി കിടന്നിരുന്ന കുന്നമംഗലത്തെ ഈ കുന്ന് കയറാൻ ഇപ്പോൾ സെക്യൂരിറ്റിയുടെ പെർമിഷൻ വാങ്ങണം. ഫാക്കൽട്ടിയെകാ ണാൻ അപ്പോയിന്റ്മെന്റും വാങ്ങണം. ലോ കമാനേജ്മെന്റിന്റെ പുത്തൻപാഠങ്ങളാണ് ഇവിടത്തെ അദ്ധ്യയനം. അമ്പ് തൊടുത്തു നിൽക്കുന്ന അർജുനനാണ് ഈ പാഠശാ ലയുടെ മോട്ടോവേഷൻ. മോട്ടോ ആകട്ടെ 'യോഗഃ കർമ്മസു കൗശലം' എന്ന ഗീതാ വചനവും.

കേരളത്തിൽ ആകപ്പാടെ ഒരിടത്തുമാ ത്രം പ്രവർത്തിക്കുന്ന ഈ വലിയ സ്ഥാപ നത്തിലുണ്ട് നമ്മളറിയുന്ന ഒരാൾ . നമ്മെ അറിയുന്ന ഒരാൾ. നമ്മളെപ്പോലെ സാധാ രണ നിലയിൽ നിന്ന് പഠിച്ചുയർന്ന ഒരാൾ. ആ ആളാണ് ഈ മാഷ്.

ഇല്ലപ്പേരും അമ്മാത്തും ഗോത്രവും ഒക്കെ ചോദിക്കുന്നതിനു പകരം വേറെ ചി ലത് ചോദിക്കാം.എങ്ങനെ ഇവിടെയെത്തി. എന്തായിരുന്നു പശ്ചാത്തലം. ആരായിരു ന്നു പ്രചോദനം. എത്രത്തോളം കടുകട്ടി യായിരുന്നു പ്രോഗ്രാം.

അച്ഛൻ വാസുദേവൻ നമ്പൂതിരി കോ യമ്പത്തൂരിൽ എൽ. ഐ.സിയിലായിരുന്നു.



*ഐ.ഐ.എം. കോഴിക്കോട്- പഠനമികവിന്റെ കേന്ദ്രം*

അതു കാരണം സ്കൂൾപഠനം കോയമ്പത്തൂരിലായി. പ്ലസ് ടു കഴിഞ്ഞു. അക്കാലത്ത് ആരോ പറഞ്ഞു കർണ്ണാലിലെ ഡെയറി ഡെവലപ്മെന്റ് ഇൻസ്റ്റിട്യൂട്ട് ബഹുകേമമാണെന്ന്. എൻട്രൻസ് എഴുതി. നല്ല റാങ്ക് കിട്ടി. കർണ്ണാലിൽ ഡെയറി ടെക്നോളജിയിൽ ബി.ടെകിന് പ്രവേശനവും തരായി.

നേരെ പൂനെയിലെ ഒരു ഡെയറി കമ്പനിയിൽ ജോലി. അതോടൊപ്പം അഹമ്മദാബാദ് ഐ.ഐ. എമ്മിൽ നിന്ന് പി. എച്ച്.ഡി. ഇതിനിടെ എട്ടുമാസം ചെന്നൈയിൽ മറ്റൊരു കമ്പനിയിലും. 2006ൽ പിഎച്ച്ഡി കഴിഞ്ഞതും കോഴിക്കോട് ഐ.ഐ.എമ്മിൽ ജോയിൻ ചെയ്തു. നേരത്തെ പഠനത്തിന്റെ ഇടവേളയിൽ ഗിവ് ഫൗണ്ടേഷൻ എന്ന എൻ. ജി.ഒ യിൽ സേവനവും ചെയ്തു.

അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവാനിയയിലെ വാർട്ടൻ സ്കൂൾ ഓഫ് ബിസിനസിൽ നിന്ന് ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പോടെ സീനിയർ റിസർച്ച് ഫൊല്ലോ.ഇത് ചിലർക്ക് മാത്രം അപൂർവമായി കിട്ടുന്ന ഒന്നാണ്. പ്രതിമാസം മൂന്നു ലക്ഷത്തോളം രൂപയാണ് ആ സ്കോളർഷിപ്പ്. അങ്ങനെ പഠനം കഴിയുവോളവും.

ഇതിനിടെ നിരവധി അന്താരാഷ്ട്ര സെമിനാറുകൾ. ബിസിനസ് മാഗസിനുകളിൽ പഠനലേഖനങ്ങൾ. അമേരിക്കയിലെ അക്കാഡമി ഓഫ് മാനേജ്മെന്റ് കോൺഫറൻസ്, ഏഷ്യാ അക്കാഡമി ഓഫ് മാനേജ്മെന്റ് കോൺഫറൻസ്, ഐ.ഐ.എം കോൺഫറൻസ് അങ്ങനെ പഠിപ്പിക്കലിനു പുറമെ ഇങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ. കോൺഫറൻസുകൾക്ക് മാത്രമല്ല, ചിലപ്പോൾ കൺസൾട്ടൻസിയായും പോവേണ്ടി വരും. വേറെ ചിലപ്പോൾ സാറ്റലറ്റ് വഴി കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്. കൊച്ചി സെന്ററിലെ എക്സിക്യൂട്ടീവ് പി.ജി.പിയ്ക്കാണെങ്കിൽ ക്ലാസെടുക്കാൻ അവിടെ പോവേണ്ടി വരും. ഇങ്ങനെ തിരക്കിന്റെ പൂരം.

**ഏതാനും വർഷം മുമ്പ് കുറുക്കൻ കുന്നായി കിടന്നിരുന്ന കുന്നമംഗലത്തെ ഈ കുന്ന് കയറാൻ ഇപ്പോൾ സെക്യൂരിറ്റിയുടെ പെർമിഷൻ വാങ്ങണം. ഫാക്കൽട്ടിയെകാണാൻ അപ്പോയിന്റ്മെന്റും വാങ്ങണം. ലോകമാനേജ്മെന്റിന്റെ പുത്തൻപാഠങ്ങളാണ് ഇവിടത്തെ അദ്ധ്യയനം. അമ്പ് തൊടുത്തു നിൽക്കുന്ന അർജുനനാണ് ഈ പാഠശാലയുടെ മോട്ടോവേഷൻ. മോട്ടോ ആകട്ടെ 'യോഗഃ കർമ്മസു കൗശലം' എന്ന ഗീതാ വചനവും.**

സ്വസ്തിയ്ക്കു വേണ്ടി കാണാൻ ചെല്ലാമെന്ന് ഏറ്റ ദിവസം പെട്ടെന്ന് ചെന്നൈയിലേക്ക് പോവേണ്ടി വന്നു. ക്യാറ്റ് റാങ്ക് ലിസ്റ്റിൽ നിന്ന് പുതിയ വർഷത്തെ കുട്ടികളെ ഇന്റർവ്യൂ ചെയ്യാൻ. രണ്ടര ലക്ഷം കുട്ടികളിൽ നിന്ന് ഷോർട്ട് ലിസ്റ്റ് ചെയ്ത ആദ്യത്തെ 4000 കുട്ടികളെ ഇന്റർവ്യൂ ചെയ്താണ് വിവിധ ഐ.ഐ.എമ്മുകൾ കുട്ടികളെ തിരഞ്ഞെടുക്കുന്നത്. അങ്ങനെയുള്ള പാനലിലും നിർണ്ണായക പങ്കാളിത്തം ഈ മാഷിനുണ്ട്.



വേറെ ചിലതു കൂടിപ്പറയാം. ഇന്ത്യയിലെ വൻകിട കമ്പനികളിലെ താക്കോൽ സ്ഥാനത്തിരിക്കുന്ന എക്സിക്യൂട്ടീവുകൾക്ക് ഏറ്റവും ഉയരത്തിലെത്താനുള്ള വഴിയാണ് ഈ മാഷിന്റെ ഇപ്പോഴത്തെ റിസർച്ച് ഏരിയകളിൽ ഒന്ന്. മന്ത്രവാദം കഴിച്ച് മാരണം നീക്കം ചെയ്താൽ കമ്പനിയിലെ ഉന്നത സ്ഥാനത്ത് എത്താമെന്ന് ഉപദേശിക്കുന്ന ജ്യോതിഷിയല്ല മാഷ്. മാനേജ്മെന്റിന്റെ പുതിയ വഴി പറഞ്ഞു കൊടുക്കും. ടാലന്റ് മാനേജ്മെന്റ് ആണ് ഇഷ്ടവാക്ക്. അതിലാണ് ഗവേഷണം. ഓർഗനൈസേഷണൽ ബിഹേവിയർ എങ്ങനെയാവണം എന്നതിന് ചില സൂത്രങ്ങൾ. അതു വഴി പിടിച്ചു കയറാനുള്ള വൈദഗ്ദ്ധ്യം.

ഇവിടെ മാത്രം പഠിപ്പിക്കലല്ല മാഷിന്റെ പണി. ടെക്സാസിലും തായ്‌വാനിലും ഷാൻഹായിലും മറ്റുമായി നിരവധി മാനേജ്മെന്റ് പ്രഭാഷണങ്ങൾ. മാനേജ്മെന്റ് സംബന്ധിയായ നിരവധി പ്രസിദ്ധീകരണങ്ങളും.

ഈ മാഷ് സങ്കടപ്പെടുന്നത് ഇതൊന്നും പ്രയോജനപ്പെടുത്താത്ത നമ്മെക്കുറിച്ചോർത്താണ്. മിടുക്കരായ എത്രയോ കുട്ടികൾ. ടാലന്റ് ഇല്ലാഞ്ഞിട്ടല്ല. അത് മാനേജ് ചെയ്യാഞ്ഞിട്ട് മാത്രം ഇവിടെയെത്താത്തവർ. മിടുക്കരായ കുട്ടികൾക്ക് വേണമെങ്കിൽ ഒരു കൈ നോക്കാം. പി.എച്ച്.ഡിക്ക് ചേരാൻ താല്പര്യപ്പെടുന്നവർ ഉണ്ടെങ്കിൽ അവർക്ക് നല്ല അവസരമുണ്ട്, പലരും പ്രയോജനപ്പെടുത്താത്തതാണ് ഇത്. മാനേജ്മെന്റിൽ തന്നെ പി.ജി വേണമെന്നില്ല. അഭിരുചിയാണ് പ്രധാനം.

ഇത്രയും പറഞ്ഞത് ഈ മാഷെപ്പറ്റി.

ഇനി മാഷിന്റെ അച്ഛനെപ്പറ്റി. വിശ്വനാഥൻ ആനന്ദ് എന്ന ലോക ചെസ് ചാമ്പ്യൻ ആദ്യമായി ജൂനിയർലോക ചാമ്പ്യനാവുമ്പോൾ ഈ മാഷിന്റെ അച്ഛനായിരുന്നു ഇന്ത്യൻ ടീമിന്റെ മാനേജർ. തമിഴ്നാട് ചെസ് അസോസിയേഷൻ സെക്രട്ടറി, ഇന്ത്യൻ ടീം മാനേജർ, തുടങ്ങിയ നിലകളിലും അച്ഛൻ നാരായണൻ നമ്പൂതിരി പ്രവർത്തിച്ചിട്ടുണ്ട്. 88ൽ തമിഴ്നാട് ചെസ് ചാമ്പ്യനുമായിരുന്നു.

കഥകളി സംഗീതജ്ഞൻ മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മകൾ സംഗീതയാണ് ഭാര്യ. അമ്മ പടിഞ്ഞാറ്റാട്ട് സാവിത്രി അന്തർജനം. മലാപറമ്പ് വേദവ്യാസയിലെ സാവിത്രിയും ആര്യയും മക്കൾ.

മറ്റൊന്നു കൂടി.

ഇത്രയുമൊക്കെ ആയ സ്ഥിതിയ്ക്ക് ആള് അമേരിക്കയിലെ സായിപ്പ് ആയിപ്പോയെന്ന് കരുതുന്നവരുണ്ടെങ്കിൽ തെറ്റി. ഒന്നും മറന്നിട്ടില്ല, ഒന്നും ഉപേക്ഷിച്ചിട്ടുമില്ല. ഒരു വർഷം മുമ്പ് തന്റെ ക്വാട്ടേഴ്സിൽ പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയെ ക്ഷണിച്ചുവരുത്തി സപ്താഹയജ്ഞം നടത്തിയതും ഈ മാഷാണ്! അതേ, അർജുനൻ വഴി കാണിക്കുന്ന പാഠശാലയിൽ, കൗടില്യന്റെ പേരിൽ ഗ്രന്ഥശാലയുള്ള സ്ഥാപനത്തിൽ, നളന്ദയും തക്ഷശിലയും പുനഃസൃഷ്ടിച്ച കാമ്പസിൽ സപ്താഹം അത്രയ്ക്ക് ചേർച്ചയില്ലാത്ത ഒന്നല്ല.

ഇനിയും അറിയണമെന്നുള്ളവർക്ക് വിളിക്കാം ഈ നമ്പറിൽ 9495721517. അപ്പോയിന്റ്മെന്റ് വേണ്ട, വിളിക്കുന്നത് ആരാന്ന് പറഞ്ഞാൽ മാത്രം മതി. ●





**നങ്ങേലി കൃഷ്ണൻ നമ്പൂതിരി**
(ചെറില്ലത്ത് കണ്ടമംഗലത്ത് ഇല്ലം)

# മോഹം ശമിക്കാത്ത ബാല്യം...

**അ**ന്നൊരുനാളിലാപ്പോയകാലത്തിന്റെ
വർണ്ണസ്മരണകളോർത്തു
വർണ്ണസ്മരണകളുള്ളിൽ നിറയവേ
മാവിൻചുവട്ടിൽ ഞാനെത്തീ.

മാവിൻചുവട്ടിലിരുന്ന നേരത്തൊരു
മാമ്പഴം തിന്നുവാൻ തോന്നീ
മാമ്പഴം തിന്നുവാൻ മോഹിച്ചുനിൽക്കവേ
അണ്ണാരക്കണ്ണനങ്ങെത്തീ.

അണ്ണാരക്കണ്ണനോടപ്പോഴെനിക്കൊരു
പുന്നാരം ചൊല്ലുവാൻ തോന്നീ
മാമ്പഴമൊന്നിട്ടുതന്നീടുവാൻ കെഞ്ചി
തിന്നാം തനിച്ചെന്നുമോർത്തു

തിന്നുവാൻ പറ്റില്ലനുജരാരെങ്കിലും
വന്നങ്ങു വാശിപിടിക്കും
വാശിപിടിച്ചും വികൃതികൾ കാട്ടിയും
പിന്നിട്ടു പോയൊരു കാലം.

പിന്നിട്ടു പോയൊരക്കാലത്തെയോർക്കവേ
വിമ്മിഷ്ടമാണെനിക്കുള്ളിൽ.
കൈവിട്ടു പോയൊരക്കാലത്തെയോർക്കവേ
കാതരമാകുന്നിതുള്ളം.

മാവിൻചുവട്ടിലെ വേരിലിരുന്നന്ന്
മാനത്തു നോക്കിയ നേരം
സായാഹ്നസന്ധ്യയെക്കാണുവാനെന്തൊരു
സിന്ദൂരച്ചാർത്തിന്റെ ഭംഗി.

സിന്ദൂരമാരാണുചാർത്തിയതെന്നു ഞാൻ
ചിന്തിച്ചനേരത്തു കണ്ടു.
ഉണ്ണിക്കതിരവനുണ്ട് ചിരിച്ചുകൊ
ണ്ടങ്ങനെ മാനത്തു നിൽപ്പൂ.

പുഞ്ചിരി തൂകിയും വർണ്ണാഭ നോക്കിയും
പിന്നിട്ടു പോയൊരു കാലം
പിന്നിട്ടു പോയൊരക്കാലത്തെയോർക്കവേ
വിമ്മിഷ്ടമാണെനിക്കുള്ളിൽ.

അക്ഷരമൊന്നും പഠിക്കാതെഴുതാതെ
പാഴിലായ് പ്പോയൊരു കാലം
പാഴായിപ്പോയൊരു കാലത്തെയോർക്കവേ
തീരാത്ത നൊമ്പരമുള്ളിൽ.

തീരാത്ത നൊമ്പരമുള്ളിൽ നിറഞ്ഞതിൽ
നേടിയെടുത്തോരറിവ്.
നേടിയെടുത്തോരറിവിന്നിതൾ കൊണ്ടു
മാല കെട്ടീടുവാൻ മോഹം.

മാല തീർത്തപ്പോൾ കൊതിച്ചുഞാനച്യുതൻ
മാറിലായ് ചാർത്തുവാൻ മാല്യം
കാലം തിരിച്ചു നടന്നെങ്കിൽ! ഓർത്തുഞാൻ
മോഹം ശമിക്കാത്ത ബാല്യം



# സമുന്നതി

## മുന്നാക്ക സമുദായക്കാർക്കൊരു സർക്കാർ കൈത്താങ്ങ്

**ഡോ. വി.പരമേശ്വരൻ നമ്പൂതിരി**

### ആമുഖം

സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽ നിന്നിരുന്ന കേരളത്തിലെ നമ്പൂതിരിമാരുടെ സാമ്പത്തികാവസ്ഥ 1950 കൾക്കു ശേഷം ശോചനീയമാവാൻ തുടങ്ങി. സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട സംവരണ തത്വങ്ങളും 1967 ലെ ഭൂപരിഷ്ക്കരണ നിയമവും സാമ്പത്തികം, തൊഴിൽ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മുന്നാക്ക സമുദായമെന്ന് നിർണ്ണയിക്കപ്പെട്ട നമ്പൂതിരിക്കു മുമ്പിൽ വെല്ലുവിളിയായി. കേരളത്തിലെ 26 ശതമാനം ജനങ്ങളാണ് മുന്നാക്ക വിഭാഗത്തിൽ ഇന്നുള്ളത്. സാമൂഹിക നീതിയുടെയും സമത്വത്തിന്റെയും പേരിൽ നിലവിൽ വന്ന സംവരണതത്വം മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരോടുള്ള നീതിനിഷേധമായി മാറി.

ബൗദ്ധികവും ശാരീരികവുമായ കഠിനശ്രമങ്ങളിലൂടെ നമ്പൂതിരിമാർ ഈ വെല്ലുവിളികളെ അതിജീവിക്കുന്നതിന്റെ സൂചനകളാണ് കേരളം പിന്നീട് കണ്ടത്. എങ്കിലും സാമ്പത്തികമായി ഏറെ പ്രയാസങ്ങളനുഭവിക്കുന്ന ധാരാളം നമ്പൂതിരി കുടുംബങ്ങൾ ഇന്നും കേരളത്തിലുണ്ട്.

യോഗക്ഷേമസഭയടക്കമുള്ള നിരവധി മുന്നാക്ക സമുദായ സംഘടനകളുടെ നിരന്തര പോരാട്ടവും സമ്മർദ്ദവും മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ രൂപീകരണത്തിന് വഴി തെളിച്ചു. ഏറെ വൈകിയാണെങ്കിലും കേരള സർക്കാർ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥ അനുഭവിക്കുന്നവർക്കായി ചില സഹായങ്ങൾ നൽകാൻ തീരുമാനിച്ചത് ആശ്വാസകരമാണ്. എന്നാൽ, ഇന്നും ഈ സംവിധാനത്തെക്കുറിച്ച് നമുക്കിടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല എന്ന തിരിച്ചറിവാണ് ഇത്തരം ഒരു രചനയ്ക്ക് ആധാരം. 'സമുന്നതി'യുടെ ഉദ്ദേശ്യങ്ങളും മുന്നോട്ടു വെയ്ക്കുന്ന പദ്ധതികളും പരിചയപ്പെടുത്തുകയാണിവിടെ.

**മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (KSWCFC)**

മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നതിക്കായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'സമുന്നതി'എന്ന പേരിലറിയപ്പെടുന്ന കെ.എസ്.ഡബ്ല്യു.സി.എഫ്.സി) 2012 നവംബർ 8 നാണ് ഈ കോർപ്പറേഷൻ സ്ഥാപിതമായത്. 2013-14 സാമ്പത്തിക വർഷം മുതൽ പ്രവർത്തനം ആരംഭിച്ചു.

**ഉദ്ദേശ്യങ്ങൾ**

- ❐ മുന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നതിയും, ശാക്തീകരണവും സംരക്ഷണവും ഉറപ്പാക്കൽ
- ❐ മുന്നാക്ക സമുദായത്തിലെ അംഗങ്ങൾക്കായി വൈവിധ്യമാർന്ന പദ്ധതികളും പരിപാടികളും സംഘടിപ്പിക്കൽ
- ❐ 'സമുന്നതി' പരിപാടിയെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കൽ
- ❐ വാണിജ്യം, ഉല്പാദനം എന്നീ മേഖലകളിൽ സഹായം ഉറപ്പാക്കൽ

**പ്രധാന പദ്ധതികൾ**

നാലു പദ്ധതികളാണ് സമുന്നതിയുടെ ഭാഗമായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്

1. വിദ്യാസമുന്നതി 2. സംരംഭ സമുന്നതി
3. നൈപുണ്യ സമുന്നതി 4. ഭവന സമുന്നതി

**1.വിദ്യാസമുന്നതി:** വിദ്യാ സമുന്നതിയിൽ രണ്ടു പ്രവർത്തന ശാഖകളാണുള്ളത്. എ- സ്കോളർഷിപ്പ് ബി. പരിശീലന സഹായ പരിപാടി

എ. സ്കോളർഷിപ്പ്: 9 തരം സ്കോളർഷിപ്പുകൾ ഇതിന്റെ ഭാഗമായി നൽകുന്നുണ്ട്.

**വിവിധ സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ**

| സ്കോളർഷിപ്പ് | വാർഷിക തുക | എണ്ണം |
|---|---|---|
| ഹൈസ്കൂൾ | 2000 രൂപ | 20,000 |
| ഹയർസെക്കന്ററി | 3000 രൂപ | 14,000 |
| ബിരുദം (നോൺ-പ്രൊഫ) | 5000 രൂപ | 3,500 |
| ഡിപ്ലോമ/സർട്ടിഫിക്കറ്റ് | 6000 രൂപ | 1,000 |
| ബിരുദാനന്തര ബിരുദം (നോൺ-പ്രൊഫഷണൽ) | 6000 രൂപ | 1667 |
| ബിരുദം (പ്രൊഫഷണൽ) | 7000 രൂപ | 2500 |
| ബിരുദാനന്തര ബിരുദം (പ്രൊഫഷണൽ) | 8000 രൂപ | 1250 |
| CA/1CWA/CS | 10000 രൂപ | 100 |
| ദേശീയസ്ഥാപനങ്ങൾ | 50,000 രൂപ | 120 |

**അപേക്ഷിക്കാനുള്ള യോഗ്യത**

1. കേരളത്തിൽ താമസിക്കുന്ന, സംവരണ വിഭാഗത്തിൽ ഉൾപ്പെടാത്തതും മുന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ
2. കുടുംബ വാർഷിക വരുമാനം എല്ലാ സ്രോതസ്സുകളും ഉൾപ്പെടെ 2 ലക്ഷത്തിനു താഴെ ആയിരിക്കണം

**അപേക്ഷിക്കുന്ന രീതി**

1. ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ (ഇതിനായി www.kswcfc.org-ൽ ലോഗിൻ ചെയ്യുക)
2. അപേക്ഷന് ഏതെങ്കിലും ഒരു അംഗീകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം

'സമുന്നതി' പദ്ധതിയുടെ സഹായം ആവശ്യമുള്ളവർ ഓൺലൈനായി പേർ രജിസ്റ്റർ ചെയ്യണം Samunnathi.com സന്ദർശിക്കുക.

**ബി. പരിശീലന സഹായ പദ്ധതി**

മുന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ്, സിവിൽ സർവ്വീസ്, ബാങ്ക്, പി.എസ്.സി. കോച്ചിംഗ് എന്നിവയ്ക്കായി 10000 രൂപ 840 പേർക്ക് പ്രതിവർഷം ലഭ്യമാക്കും. ഹയർസെക്കന്ററിക്ക് പഠിച്ചുകൊണ്ടിരിക്കുന്നവർക്കും ഹയർ സെക്കന്ററി പഠനം കഴിഞ്ഞ് രണ്ടു വർഷം വരെയായവർക്കും ഈ സഹായത്തിന് അർഹതയുണ്ട്.

കൂടാതെ വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് ബാങ്ക്, യു.പി.എസ്.സി, പി.എസ്.സി. എന്നീ പരീക്ഷകളുടെ കോച്ചിംഗിനായി 6000/- രൂപ വീതം 700 പേർക്ക് സാമ്പത്തിക സഹായം ലഭിക്കും.

സിവിൽ സർവ്വീസ് പരീക്ഷ പ്രിലിമിനറി 15000 രൂപ, പ്രധാന പരീക്ഷ 25000 രൂപ, ഇന്റർവ്യൂ 30000 രൂപ എന്ന തോതിൽ ലഭ്യമാക്കും

**അപേക്ഷിക്കാനുള്ള യോഗ്യത**

1. കേരളത്തിൽ താമസിക്കുന്ന മുന്നാക്ക സമൂദായത്തിൽപ്പെട്ട സംവരണാനുകൂല്യമില്ലാത്തയാൾ
2. പ്രതിവർഷ കുടുംബ വരുമാനം രണ്ടുലക്ഷത്തിനു താഴെ
3. കോച്ചിംഗ് സെന്ററുകൾ അപേക്ഷകനു തെരഞ്ഞെടുക്കാം. എന്നാൽ അവയുടെ നിലവാരം കോർപ്പറേഷൻ നിശ്ചയിക്കും.
4. മുൻവർഷം ഇതേ ആനുകൂല്യം ലഭിച്ചവർ ഈ വർഷം അപേക്ഷിക്കാൻ പാടില്ല.

**അപേക്ഷിക്കുന്ന രീതി**

1. അപേക്ഷ ഓൺ ലൈനായി നൽകണം (www.kswcfc.org)
2. ഏതെങ്കിലും ഒരു അംഗീകൃതബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

**3.2. സംരംഭ സമുന്നതി**

എസ്.എച്ച്.ജി (Self Help Group), ജെ.എൽ.ജി (Joint Liablility Group) എന്നീ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആറ് ലക്ഷം രൂപ വരെയുള്ള ലോണുകൾക്ക് 4 ശതമാനം പലിശ ഇളവ് അനുവദിക്കുന്ന പദ്ധതി. കൂടാതെ കാർഷിക മേഖലയിലുള്ള, Micro, Small, Medium Enterprises (MSME) യ്ക്ക് വ്യക്തിഗത ലോണുകൾക്കും പലിശ ഇളവു നൽകുന്നുണ്ട്. IDBI ബാങ്കുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 1200 ലക്ഷം രൂപ 200 സംരംഭകർക്ക് 5 ശതമാനം പലിശ ഇളവിൽ ലഭ്യമാക്കുന്നു. വിശദാംശങ്ങൾക്ക് സമുന്നതി വെബ്സൈറ്റ് കാണുക.

**3.3. നൈപുണ്യ സമുന്നതി**

Kerala Acadamy for Skill Exellence (KASE) യുമായി സഹകരിച്ച് മുന്നാക്ക സമുദായത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾക്കു വേണ്ടി 'സമുന്നതി'യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പരിപാടിയാണ് 'നൈപുണ്യ സമുന്നതി' ഉദ്യോഗാർത്ഥിയുടെ അഭിരുചി, നൈപുണ്യം എന്നിവ കണ്ടെത്തുകയും അവ വികസിപ്പിക്കുകയും ചെയ്ത് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കാൻ ഈ പരിപാടി ലക്ഷ്യമിടുന്നു. രണ്ടുഘട്ടങ്ങളിലായാണ് ഈ പ്രക്രിയ നടക്കുന്നത്. ആദ്യഘട്ടത്തിൽ കൗൺസിലിംഗിനും കരിയർ ഗൈഡൻസിനും വിധേയരാക്കുന്നു. രണ്ടാംഘട്ടത്തിൽ സോഫ്ട് സ്കിൽ, ഇംഗ്ലീഷ് ഭാഷാ പരിശീലനം (ASSET) ലഭ്യമാക്കുന്നു. ഒരു മാസം, 120 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനമാണ് കോർപ്പറേഷൻ സംഘടിപ്പിക്കുക. ഇത് വിജയകരമായി പൂർത്തിയാക്കുന്നവർക്കായി തൊഴിൽ മേളകൾ സംഘടിപ്പിക്കും.

കുറഞ്ഞത് 50 ശതമാനം പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കും.

**അപേക്ഷിക്കാനുള്ള യോഗ്യത**

1. കേരളത്തിലെ മുന്നാക്ക സമുദായത്തിൽപ്പെടുന്നവരായിക്കണം
2. കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷത്തിനു താഴെയായിരിക്കണം
3. 18 നും 30 നും ഇടയിൽ വയസ്സുള്ളവരായിരിക്കണം
4. ഹയർ സെക്കന്ററി വിജയിച്ചിരിക്കണം

**മറ്റു വിവരങ്ങൾ**

1. ഐ.ടി/ഐ.ടി.ഇ, റിറ്റെയിൽ (വില്പന) ബാങ്കിങ് സാമ്പത്തികം, ആതിഥേയത്വം എന്നീ മേഖലകളിലായിരിക്കും പരിശീലനം.
2. കൗൺസിലിംഗ് ആന്റ് ഗൈഡൻസിന് 100 രൂപയും അസെറ്റ് പരിപാടിയ്ക്ക് 250 രൂപയുമാണ് ഫീസ്
3. പരിശീലന ഫീസും മറ്റു ചെലവുകളും കോർപ്പറേഷൻ വഹിക്കും
4. കണ്ണൂർ, തൃശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ നാലു ജില്ലകളിൽ വെച്ചായിരിക്കും പരിശീലനം. പരിശീലനാർഥികൾക്ക് സൗകര്യപ്രദമായ സ്ഥലം തിരഞ്ഞെടുക്കാം.
5. തിരഞ്ഞെടുക്കുന്ന സെന്ററിന്റെ പേര് അപേക്ഷ അയക്കുന്ന കവറിന്റെ പുറത്ത് എഴുതണം.

**3.4. ഭവന സമുന്നതി**

തമിഴ് ബ്രാഹ്മണരുടെ അഗ്രഹാരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്. അവ നവീകരിക്കുന്നതിനായി 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 200 യൂണിറ്റുകൾക്ക് 2 ലക്ഷം രൂപ വീതം അനുവദിക്കും

**4. 'സമുന്നതി' യുടെ ഭാവി**

സമുന്നതിയുടെ നിലവിലുള്ള സാധ്യതകൾ പഠിച്ച് യോഗ്യരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാനുള്ള അവസരമൊരുക്കണം. കൂടാതെ മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിനും സമുദായാംഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികളും നിർദ്ദേശങ്ങളും രൂപീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിനും ശ്രമങ്ങൾ വേണം. ●



**ഒറ്റവാചകം**

കലയുടെ കമ്പോളത്തിൽ ഏറ്റവും മൂല്യമുള്ള ഇന്ത്യൻ ചിത്രകാരന്മാരിൽ അഗ്രഗാമി

**അവാർഡുകൾ**

2009 കെ.സി. എസ് പണിക്കർ അവാർഡ് കേരള ലളിത കലാഅക്കാഡമി

1972 നാലാമത് അന്താരാഷ്ട്ര പെയിൻറിംഗ് ഫെസ്റ്റിവൽ അവാർഡ്

1966 ചെന്നൈ ലളിത കലാഅക്കാഡമി അവാർഡ്

1965 അസോ. ഓഫ് യങ് പെയിൻറേഴ്സ് അവാർഡ് ചെന്നൈ

1963 ചെന്നൈ ലളിത കലാഅക്കാഡമി അവാർഡ്

**അക്കാഡമിക് രംഗം**

1961 മദിരാശി സ്കൂൾ ഓഫ് ആർട്സിൽ നിന്ന് ഡിപ്ളോമ

1962 64 ചിത്രകലാപഠനത്തിന് ഇന്ത്യാ ഗവ. സ്കോളർഷിപ്പ്

1967 70 ചിത്രകലാപഠനത്തിന് ഫ്രഞ്ച് ഗവ. സ്കോളർഷിപ്പ്

2006 ചെന്നൈ ചോളമണ്ഡലം കലാഗ്രാമം ഫൗണ്ടർ മെമ്പർ

**പ്രദർശനങ്ങൾ**

2015 പാരിസ് സിയോൾ ഗ്യാലറി ദ.കൊറിയ

2011 ഗ്യാലറി എച്ച്. യു. എസ്, പാരിസ്

2010 ഹൗസ് ഓഫ് റിസർച്ചേഴ്സ്, പാരിസ്

2009 ഇൻഡിഗോ ആർട്ട്ഗ്യാലറി, സിംഗപ്പൂർ

2007 ഗ്യാലറി നോർമണ്ട്, പാരിസ്

2006 ആർട്ട് അലൈവ് ഗ്യാലറി, കോലലമ്പൂർ

2005 പുൻഡോൾ ആർട്ട് ഗ്യാലറി, മുബയ്

2002 ഗ്യാലറി,എം ആൻഡ് ആർ, ജർമ്മനി

1995 ചാറ്റേ ഡേ ടാൽസി, ഫ്രാൻസ്

1988 ഗ്യാലറി, സെയ്ബു, ടോക്കിയോ.

1986 മുക്കായ് ഗ്യാലറി, ടോക്കിയോ.

# മുഖചിത്രകാരനെപ്പറ്റി മഹാകവി അക്കിത്തം

'സ്വസ്തി' ത്രൈമാസികയുടെ ദ്വിതീയ ലക്കത്തിന്റെ മുഖചിത്രം ലോകപ്രശസ്തനായ ഒരു മലയാളി ചിത്രകാരന്റേതാണ്– പാരീസ് ആസ്ഥാനമാക്കി കലാജീവിതം നയിക്കുന്ന അക്കിത്തം നാരായണന്റേത്. തറവാട്ടു സുകൃതത്തിനായി തങ്ങളുടെ കാരണവന്മാർ അനുഷ്ഠിച്ചിരുന്ന ചില സുകൃത കർമ്മങ്ങളെക്കുറിച്ച് മഹാകവി തന്നെ വിവരിക്കുന്നുണ്ട്.

'സ്വസ്തി'യുടെ ആദ്യലക്കം അക്കിത്തം നാരായണന് നേരിട്ടു നൽകിയ സന്ദർഭത്തിൽ ദ്വിതീയ ലക്കത്തിൽ, മഹാകവി അക്കിത്തത്തെക്കുറിച്ചുള്ള ഒരു ലേഖനമുണ്ടെന്നും അതേ ലക്കത്തിന്റെ മുഖചിത്രം അങ്ങയുടെ ഒരു ചിത്രമായാൽ ഉചിതമായിരിക്കുമെന്നും പറഞ്ഞപ്പോൾ രണ്ടാമതൊന്ന് ആലോചിക്കാതെ, പാരീസിൽ പോയി തയ്യാറാക്കി അയച്ചുതരാമെന്ന് സമ്മതിക്കുകയായിരുന്നു. ഇവരെല്ലാം മാതൃസമാജത്തോട് കാട്ടുന്ന മമതക്കും സ്നേഹത്തിനും മുമ്പിൽ 'സ്വസ്തി'യുടെ പ്രണാമം.

തന്നേക്കാൾ പതിനൊന്നു വയസ്സിന്റെ പ്രായക്കുറവുള്ള അനുജന്റെ കലാജീവിതത്തെക്കുറിച്ച് മഹാകവിയോടുതന്നെ ചോദിച്ചു:

നാരായണന് ചിത്രകലയോടുള്ള ജന്മസിദ്ധമായ വാസന ശ്രദ്ധയിൽപ്പെട്ടപ്പോൾ മദ്രാസിൽ കെ.സി.എസ്. പണിക്കരുടെ നേതൃത്വത്തിലുള്ള ചിത്ര– ശില്പ കലാലയത്തിൽ ചേർത്ത് പഠിപ്പിക്കാൻ മുൻകൈ എടുത്തത് ഞാൻ തന്നെയായിരുന്നു. നാലു കൊല്ലം നീണ്ടുനിൽക്കുന്ന കോഴ്സാണ് അവിടെയുണ്ടായിരുന്നത്. പ്രതിമാസം നൂറു രൂപ ചെലവിന് അയച്ചുകൊടുത്തുതുടങ്ങി.

മദ്രാസിൽ എത്തി ചിത്രകലാ ഗുരുക്കന്മാരുടെ പ്രാഥമിക പരീക്ഷയിൽ തന്നെ, അവിടെ രണ്ടു വർഷം പഠിക്കേണ്ട കാര്യങ്ങളെല്ലാം നാരായണൻ സ്വായത്തമാക്കിയതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് മൂന്നാം വർഷത്തെ പരിശീലന ക്ലാസിലേക്കാണ് നേരിട്ട് പ്രവേശനം ലഭിച്ചത്. താമസിയാതെ അക്കിത്തം നാരായണൻ എന്ന ചിത്രകലാ വിദ്യാർത്ഥിയുടെ സൃഷ്ടികൾ ഇന്ത്യയിലും പാശ്ചാത്യ ലോകത്തും ശ്രദ്ധിക്കപ്പെടാൻ സന്ദർഭങ്ങളുണ്ടായി. മദ്രാസിലെ പഠനത്തിന്റെ തുടർപഠനം പാരീസിലാണുണ്ടായത്. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള കലാവിദ്യാർത്ഥികൾ മാത്രമല്ല, ഏഷ്യയിലും അമേരിക്കയിലുമുള്ള കലാവിദ്യാർത്ഥികളും അവിടെ പഠിക്കാൻ എത്തിച്ചേർന്നിരുന്നു.

നമ്മുടെ പഴയ തന്ത്രശാസ്ത്ര ഗ്രന്ഥങ്ങളും മറ്റും നാരായണൻ സവിശേഷ പഠനത്തിന് വിധേയമാക്കുകയും അവ സ്വാംശീകരിച്ച് ചിത്രങ്ങൾക്ക് വിഷയമാക്കിയതായും തോന്നാറുണ്ട്.

അനുജന്റെ കുടുംബവിശേഷം?



ഉപകരണ സംഗീതത്തിൽ ഉപരിപഠനത്തിനെത്തിയ സചികോ ഷിമ്പോറി എന്ന ജപ്പാൻകാരിയാണ് അക്കിത്തം നാരായണന്റെ സഹധർമ്മിണി. യശഃശരീരനായ കുത്തുള്ളി കൃഷ്ണൻ നമ്പൂതിരിയാണ് അക്കിത്തം തറവാട്ടിൽ വെച്ച് നടന്ന വൈദിക വിവാഹ ചടങ്ങുകൾക്ക് പൗരോഹിത്യം നിർവ്വഹിച്ചത്. അന്തർജ്ജനങ്ങളുടെ നേതൃത്വത്തിൽ നടുമുറ്റത്ത് കുടിവെപ്പുമുണ്ടായി.

അക്കിത്തം നാരായണൻ– സചികോ ദാമ്പത്യത്തിൽ പിറന്ന ഉണ്ണിക്ക് അഗ്നിശർമ്മൻ എന്നു വിധിപ്രകാരം പേരിട്ടു. അഗ്നി എന്ന ചുരുക്കപ്പേരിൽ വിളിക്കുന്നു. സൗണ്ട് എഞ്ചിനീയറായി ജോലിചെയ്യുന്ന മുപ്പത്തഞ്ചുകാരനായ അഗ്നിയുടെ പത്നി ഫ്രഞ്ചുകാരിയായ ഫെലിസി. അവർക്ക് നാലു വയസ്സുള്ള ഒരു മകളുണ്ട്. പേര് സായി. ●

# സ്വപ്നം
# ശ്രീയായി




ചക്രങ്ങളിൽ രാജാവായ ശ്രീചക്രത്തിന്റെ പ്രതിഷ്ഠ കോഴിക്കോട് ജില്ലയിലെ ഒരില്ലത്താണെന്നത് നമുക്കേവർക്കും അഭിമാനിക്കാവുന്ന ഒന്നാണ്. ഇല്ലപ്പെരുമയിൽ ഇത്തവണ ആ ഇല്ലത്തെക്കുറിച്ചാവട്ടെ. തൃക്കുറ്റിശ്ശേരിയിലെ പാലക്കാട്ടില്ലത്തെ വിശേഷങ്ങൾ പങ്കുവെക്കാം ഇവിടെ... സ്വസ്തിയുടെ രണ്ടാം ലക്കത്തിൽ.

### സ്റ്റാഫ് പ്രതിനിധി

**ഒ**രു സ്വപ്നത്തിൽ നിന്നായിരുന്നു തുടക്കം. അത് യാഥ്യർത്ഥ്യമായപ്പോൾ ലോകത്തിലെ ഏറ്റവും വലിയ ശ്രീചക്ര മഹാമേരുവായി മാറി. ഇപ്പോഴിതാ, ദൂരസ്ഥലങ്ങളിൽ നിന്നുപോലും തൃക്കുറ്റിശ്ശേരിയിലേക്ക് ആളുകളെത്തുന്നു. മിക്കവരും ഇതേപ്പറ്റി കേട്ടറിഞ്ഞവർ. അതൊന്നു കാണാൻ.

താന്ത്രികയന്ത്രങ്ങളിൽ രാജാവാണ് ശ്രീചക്രം. ഐശ്വര്യത്തിന് നല്ലതാണ് ശ്രീചക്രോപാസന. അത് ലോകത്തിലെ ഏറ്റവും വലിയ ശ്രീചക്രം കൂടിയായാലോ? ഭക്തരെ ഇവിടേക്ക് ആകർഷിക്കുന്നത് ഇതിന്റെ വലിപ്പമാണ്. താന്ത്രികമായ പ്രത്യേകതകൾ, വലിപ്പംകൊണ്ടുള്ള വിസ്മയം, കാഴ്ചയിലെ അസാധാരണത്വം, ഉപാസനയിലെ വ്യത്യാസം അങ്ങനെ ഒരുപാടുകാര്യങ്ങൾ ശ്രീചക്രമഹാമേരുവിനെ വ്യത്യസ്തമാക്കുന്നു.

താന്ത്രികവിദ്യാർത്ഥികൾക്ക് പഠിക്കാൻ പലതും കാണും, അപൂർവമായ ഒന്നാവുമ്പോൾ പ്രത്യേകിച്ചും. ഭക്തിപൂർവമെത്തുന്നവർ മാത്രമല്ല, താന്ത്രികമായ താല്പര്യം മുൻനിർത്തി വരുന്നവരുമുണ്ട്. അപൂർവമായ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നവർക്കും ശ്രീചക്രമഹാമേരു വിസ്മയം തീർക്കുന്നു.


കോഴിക്കോട് ജില്ലയിലെ തൃക്കുറ്റിശ്ശേരി പാലക്കാട്ടില്ലത്ത് ലോകത്തിലെ അതിബൃഹത്തായ ശ്രീചക്ര മഹാമേരു കാണുവാനും പൗർണമിക്ക് ചന്ദ്രോദയാനന്തരം നടക്കുന്ന ശ്രീചക്ര പൂജയിൽ പങ്കുകൊള്ളാനും ശ്രീദേവീഭക്തർ അറിഞ്ഞുവരാൻ തുടങ്ങിയിരിക്കുന്നു.

ബാലുശ്ശേരി– കൂട്ടാലിട റോഡിലാണ് തൃക്കുറ്റിശ്ശേരി. ബസ് സ്റ്റോപ്പിൽ നിന്നും അര കിലോമീറ്റർ പടിഞ്ഞാറാണ് പാലക്കാട് തറവാട്. ഇല്ലത്തിന്റെ അഗ്നികോണിൽ (തെക്കുകിഴക്ക്) വെട്ടുകല്ലിൽ പടുത്ത പീഠോപരിഭാഗത്ത് ചെമ്പിൽ പൊതിഞ്ഞ ശ്രീചക്രമഹാമേരുവിന്റെ ഉയരം പത്തടിയാണ്. അടിഭാഗം പത്തടി സമചതുരം. തറവാട്ടിലെ പൂജാമുറിയിലുള്ള പീഠത്തിൽ മേരുരൂപത്തിൽ ശ്രീചക്രത്തെ തലമുറകളായി ഉപാസിച്ചുവന്ന നീലകണ്ഠൻ നമ്പൂതിരി തന്നെയാണ് ഈ ബൃഹദ് മേരുവിന്റെയും ആർക്കിടെക്ട്. കണക്കും അളവും എല്ലാം അദ്ദേഹം തന്നെയാണ് തയ്യാറാക്കിയത്. പ്രതിഷ്ഠാ കർമ്മം നിർവ്വഹിച്ചത് അദ്ദേഹമായിരുന്നില്ല. ഇളയ മകൻ ശ്രീപ്രസാദിനാണ് അതിനുള്ള നിയോഗമുണ്ടായത്.

വാസ്തവത്തിൽ ശ്രീപ്രസാദിന് ആറു വർഷം മുമ്പുണ്ടായ സ്വപ്നദർശനമാണ് ഇതിന്റെ തുടക്കം. പുരാണ പ്രസിദ്ധമായ, കനകപ്രഭയിൽ കുളിച്ചുനിൽക്കുന്ന, എവറസ്റ്റിനേക്കാൾ നോക്കെത്താ ഉയരമുള്ള ദിവ്യ മഹാമേരുവിന്റെ സ്വപ്നദർശനം. പത്നിയോടും അച്ഛനോടും അമ്മയോടും ഏട്ടന്മാരോടുമെല്ലാം ഇതു പറയാതിരിക്കാനും ശ്രീപ്രസാദിനായില്ല. തറവാട്ടിലെ പൂജാമുറിയിലുള്ള മേരുചക്രമാണ് ബൃഹദാകാരം പൂണ്ട് പ്രത്യക്ഷപ്പെട്ടതെന്നും ഭക്തജനങ്ങൾക്കും ഉപാസകർക്കും ദർശനസൗഭാഗ്യമരുളുന്ന "ശ്രീചക്ര മഹാമേരുവിന്റെ സാക്ഷാൽക്കാരത്തിനായി ശ്രമം തുടങ്ങൂ" എന്ന ഒരു ഉൾവിളിയായി അതു മാറാൻ താമസമുണ്ടായില്ല.

# ണ്ടത്





*ശ്രീപ്രസാദ് നമ്പൂതിരി*

പിന്നെ അതിനായി ശ്രമം.

സ്വപ്നത്തിൽ കണ്ടപോലൊരു മഹാമേരു എവിടെയാണ് ഉള്ളത്? അന്വേഷണമായി.

ഇല്ലത്ത് തേവാരമേരു ഉണ്ടെങ്കിലും അത് ചെറുതാണ്. ആ വിഗ്രഹത്തേക്കാൾ വലുതായ ശ്രീചക്രമേരു എവിടെയെല്ലാമുണ്ട് എന്ന് അന്വേഷിക്കാൻ തുടങ്ങി.. കാഞ്ചീപുരത്തു പഞ്ചലോഹത്തിൽ നിർമ്മിച്ചു പ്രതിഷ്ഠിച്ച ശ്രീചക്ര മഹാമേരു ഉണ്ടെന്നറിയാം. പക്ഷെ അതിന്റെ ഉയരം കൃത്യമായി അറിയില്ല . അന്വേഷണത്തിൽ അതിനു അഞ്ചടി ആണ് ഉയരം എന്നറിഞ്ഞു. അതിനേക്കാൾ വലുതുണ്ടോ എന്ന് അന്വേഷണം തുടർന്നു. തമിഴ്നാട്ടിലെ ഏർക്കാട് എന്ന സ്ഥലത്ത് എട്ടര അടി ഉയരമുള്ളതും കരിങ്കല്ലിൽ തീർത്തതുമായ ശ്രീചക്രമേരുവുണ്ടെന്നും അതാണ് നിലവിൽ ഏറ്റവും വലുതെന്നും മനസ്സിലായി. അതിനാൽ അവയേക്കാളെല്ലാം ബൃഹത്തായ ശ്രീചക്ര മഹാമേരു തന്നെ ഇല്ലത്ത് പ്രതിഷ്ഠിക്കണമെന്ന് മനസ്സിൽ ഉറപ്പിച്ചു. 'നടക്കാത്ത മോഹ'ങ്ങളുടെ പട്ടികയിൽ പെടുത്താനാണ് വളരെ വേണ്ടപ്പെട്ടവർ പോലും ഉപദേശിച്ചത്. മുതിർന്നവർ പലരും ശാസിക്കാൻ പോലും മുതിർന്നു. പക്ഷെ അമ്മമാരുടെ സ്വതസ്സിദ്ധമായ വാത്സല്യവും പ്രോത്സാഹനവും എന്നും മക്കളോടൊപ്പമാണല്ലോ. അകത്തളത്തിൽ നിശബ്ദയായി വാത്സല്യത്തോടെ അമ്മ ആര്യ അന്തർജ്ജനം ശ്രീപ്രസാദിനെ പ്രോത്സാഹിപ്പിച്ചു. നിരുത്സാഹപ്പെടുത്തലുകൾ ചുറ്റിലുമുണ്ടായിട്ടും സ്വപ്നസാക്ഷാൽക്കാരത്തിനുള്ള മകന്റെ ദൃഢനിശ്ചയം ബോദ്ധ്യമായപ്പോൾ അച്ഛൻ നീലകണ്ഠൻ നമ്പൂതിരി തന്നെ അതിന്റെ കണക്കുകൾ തയ്യാറാക്കി സ്ഥാനം നിശ്ചയിക്കുകയായിരുന്നു. ഏട്ടന്മാരായ ശിവപ്രസാദും ഹരിപ്രസാദും എല്ലാകാര്യങ്ങൾക്കും ശ്രീപ്രസാദിന് തുണയായി നിന്നു.

പക്ഷേ,അതുകൊണ്ടായില്ലല്ലൊ.

എന്ത് ഉപയോഗിച്ച് നിർമിക്കണം?

# ശ്രീചക്രമഹാമേരു



പ്രധാനമായും ഐശ്വര്യം, സമ്പത്തു എന്നിവകൾക്കായി ഒരു ഭവനത്തിൽ വച്ച് ആരാധിക്കുന്ന ഏറ്റവും വിശിഷ്ടമായ യന്ത്രമാണ് ശ്രീചക്രം. ആദിപരാശക്തിയായ ദേവിയെ ലളിതാംബിക എന്ന ഭാവത്തിൽ ശ്രീചക്രം ഉൾക്കൊള്ളുന്നു. യന്ത്രങ്ങളുടെ അഥവാ ചക്രങ്ങളുടെ രാജാവായാണ് ശ്രീചക്രത്തെ അറിയപ്പെടുന്നത്. സകല ദേവീദേവന്മാരുടെയും ഉത്ഭവകാരണവും രക്ഷാകർത്തൃത്വവും ദേവിയിൽ അധിഷ്ഠിതമാണ്. അതുകൊണ്ടു തന്നെ ലളിതാംബികയുടെ വാസസ്ഥാനമായ ശ്രീചക്രത്തെ ഉപാസിക്കുന്നതു വിശിഷ്ടമായ ഒരു കാര്യമായി വിശ്വസിക്കപ്പെടുന്നു. അത്രയും വിശിഷ്ടമായ കാര്യമായതിനാൽ ശ്രീചക്രനിർമാണത്തിനും വളരെയേറെ ശ്രദ്ധ നൽകേണ്ടതുണ്ടായിരുന്നു. അളവുകൾ പിഴക്കുന്നത് ദോഷകരമായി ഭവിക്കാനുള്ള സാധ്യതകൂടി ഉണ്ട്. ഒരുപക്ഷെ പലരും ശ്രീപ്രസാദിനെ ഈ ഉദ്യമത്തിൽ നിന്നു പിന്തിരിപ്പിക്കാൻ ശ്രമിച്ചത് അതുകൊണ്ടാവാം. എങ്കിലും അദ്ദേഹം  അച്ഛന്റെയും ഏട്ടന്മാരുടെയും പിന്തുണയോടെ തന്റെ ദൃഢനിശ്ചയത്തിൽ നിന്നു പിന്മാറാതെ തൻ കണ്ട സ്വപ്നത്തെ യാഥാർഥ്യമാക്കുകയായിരുന്നു ..

പാലക്കാട്ടെ മഹാമേരു നിലവിൽ വരുന്നതിനു മുൻപ് തമിഴ്നാട്ടിലെ ഏർക്കാട് എന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന എട്ടര അടി ഉയരമുള്ള ശ്രീചക്രമഹാമേരു ആയിരുന്നു ഏറ്റവും വലുത്. ഇപ്പോൾ നിലവിലുള്ളതിൽ ഏറ്റവും വലുതാണ് പാലക്കാട്ട് ഇല്ലത്തെ ശ്രീചക്രമഹാമേരു. ഇതിന്റെ ഉയരം കൃത്യമായി പറഞ്ഞാൽ പത്തടി പത്തിഞ്ചു ആണ്. ചുറ്റളവ്   പത്തടി പത്തിഞ്ചു സമചതുരത്തിലും ആണ്. ശ്രീചക്രനിർമ്മാണത്തിൽ ഭൂപ്രസ്താരം, അർദ്ധമേരു, സ്തനമേരു, കൈലാസമേരു, അധോഗ്രമേരു, മഹാമേരു തുടങ്ങി പലതരത്തിലുണ്ട്. മഹാമേരു രൂപത്തിലാണ് പാലക്കാട്ടില്ലത്തു നിർമ്മിച്ചിരിക്കുന്നത്. ശ്രീചക്രനിർമ്മാണത്തിൽ മഹാമേരു നിർമ്മാണം  ശ്രേഷ്ഠകരമായ ഒന്നാണ്. ഇതിന്റെ കോണുകൾ, ദളങ്ങൾ, വൃത്തങ്ങൾ, ഭൂപുരങ്ങൾ എന്നിവയെല്ലാം വിധിപ്രകാരമുള്ള കൃത്യമായ അളവിൽ തന്നെയാണ് ഇവിടെ നിർമ്മിച്ചിരിക്കുന്നത്.

നീലകണ്ഠൻ നമ്പൂതിരിയുടെ നിർദേശത്തിൽ പാലക്കാട്ട് ഇല്ലത്തെ പത്മനാഭൻ നമ്പൂതിരിയുടെ മകൻ സുഭാഷാണ് ശില്പി. ചിത്രരചനയിൽ ഇദ്ദേഹം നീലകണ്ഠൻ നമ്പൂതിരിയുടെ ശിഷ്യനാണ്. ശ്രീചക്രമഹാമേരു ചെമ്പിൽ പൊതിഞ്ഞത് ഇരിഞ്ഞാലക്കുടയിലെ ശ്രീനിവാസനും കൂട്ടരുമാണ്.

ത്രിമാനരൂപിയായ മഹമേരുചക്ര നിർമ്മാണം അതിന്റെ യാഥാർഥ്യത്തിലെത്താൻ ഒരുപാടു മനസ്സുകളുടെയും കരങ്ങളുടെയും കൂടിച്ചേരലുകൾ ഉണ്ടായിട്ടുണ്ട്.

നല്ല കളിമണ്ണ് എവിടെ കിട്ടുമെന്നായി അന്വേഷണം. നടുവണ്ണൂരിനടുത്ത് ഊരല്ലൂരിൽ മികച്ചയിനം കളിമണ്ണ് കിട്ടുമെന്ന് അറിഞ്ഞു. 100 കൊട്ട കളിമണ്ണ് അവിടെ നിന്ന് ഇറക്കുമതി ചെയ്തു. അതിന് കൊടുക്കേണ്ട വില കേട്ട് ഞെട്ടിപ്പോയി.. ഇരുപത്തെട്ടായിരം രൂപ!

ഇങ്ങനെ 200 ലോഡെങ്കിലും വേണ്ടിവരുമെന്ന് അറിഞ്ഞപ്പോൾ കളിമണ്ണും താങ്ങാനാവില്ലെന്ന് ബോദ്ധ്യമായി. രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. കളിമൺ പരിപാടി നിർത്തി വച്ചു. കൊണ്ടു വന്ന കളിമണ്ണ് വെട്ടുകല്ലിൽ പീഠം നിർമ്മിക്കാൻ ഉപയോഗിച്ചു. ബാക്കിയുള്ളത് പടവിനും മറ്റും ഉപയോഗിച്ചു.

തറ നിർമ്മിച്ചുകൊണ്ട് കുറച്ചുകാലം കിടന്നു. ഇനി എന്ത് എന്നതായി എല്ലായ്പ്പോഴും ചിന്ത. കടുത്ത മാനസിക സംഘർഷം; സാമ്പത്തിക പ്രയാസങ്ങളും.



*മുത്തച്ഛൻ പാലക്കാട് വലിയ നീലകണ്ഠൻ നമ്പൂതിരി*

ശ്രീചക്രം പഞ്ച ലോഹത്തിലാണ് നിർമ്മിക്കേണ്ടത്. ഇത്ര വലിയ ഒന്ന് പഞ്ചലോഹത്തിൽ നിർമ്മിക്കാൻ ഒരു ഇല്ലക്കാർ മാത്രം വിചാരിച്ചാൽ നടക്കില്ല. പിന്നെയുള്ളത് മരമാണ്.ചന്ദനം മുതൽ പരിഗണിക്കാം. അതും വിലക്കൂടുതലാണ്. പിന്നെ എന്താണ് വഴി?

പഞ്ചലോഹവും കരിങ്കല്ലുമൊന്നും തന്റെ പരിധിയിൽ പെടുന്നതല്ലെന്ന് ബോദ്ധ്യമായി. അതിനാൽ കളിമണ്ണ് കൊണ്ടാവട്ടെ ശ്രീചക്രമേരു എന്ന് തീരുമാനിച്ചു.നല്ല കളിമണ്ണ് എവിടെ കിട്ടുമെന്നായി അന്വേഷണം. നടുവണ്ണൂരിനടുത്ത് ഊരല്ലൂരിൽ മികച്ചയിനം കളിമണ്ണ് കിട്ടുമെന്ന് അറിഞ്ഞു. 100 കൊട്ട കളിമണ്ണ് അവിടെ നിന്ന് ഇറക്കുമതി ചെയ്തു. അതിന് കൊടുക്കേണ്ട വില കേട്ട് ഞെട്ടിപ്പോയി.. ഇരുപത്തെട്ടായിരം രൂപ!

ഇങ്ങനെ 200 ലോഡെങ്കിലും വേണ്ടിവരുമെന്ന് അറിഞ്ഞപ്പോൾ കളിമണ്ണും താങ്ങാനാവില്ലെന്ന് ബോദ്ധ്യമായി. രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. കളിമൺ പരിപാടി നിർത്തി വച്ചു. കൊണ്ടു വന്ന കളിമണ്ണ് വെട്ടുകല്ലിൽ പീഠം നിർമ്മിക്കാൻ ഉപയോഗിച്ചു. ബാക്കിയുള്ളത് പടവിനും മറ്റും ഉപയോഗിച്ചു.

തറ നിർമ്മിച്ചുകൊണ്ട് കുറച്ചുകാലം കിടന്നു. ഇനി എന്ത് എന്നതായി എല്ലായ്പ്പോഴും ചിന്ത. കടുത്ത മാനസിക സംഘർഷം; സാമ്പത്തിക പ്രയാസങ്ങളും. അക്കാലത്ത് ശ്രീപ്രസാദിന്റെ സഹധർമ്മിണിയുടെ അനുജത്തിയെ വിവാഹം ചെയ്ത പാലത്തോൾ മോഹൻദാസുമായി ഈ വിഷയം വിശദമായി സംസാരിച്ചു.

മോഹൻദാസിന്റെ പ്രോത്സാഹനവും പിന്തുണയും ഉറപ്പായതോടെ സിമന്റിൽ ശ്രീചക്ര മഹാമേരു ശില്പത്തിന്റെ പണി തുടങ്ങാമെന്നായി.

അപ്പോഴേക്കും ശുഭസൂചകമെന്നോണം ചില ഇടപാടുകളിൽ നിന്നും രണ്ടു ലക്ഷത്തിലേറെ ലാഭം കിട്ടി. അതുവെച്ച് രണ്ടും കല്പിച്ച് പണി തുടങ്ങി. അഭ്യുദയകാംക്ഷികളായ പലരും പല രീതിയിൽ സഹായവുമായി മുന്നോട്ടുവന്നുതുടങ്ങി. ഏട്ടന്മാരായ ശിവപ്രസാദിന്റെയും ഹരിപ്രസാദിന്റെയും സ്വാധീനവും സഹായകമായി.

ഏറ്റവും വിസ്മയകരമായത് ഒരാളുടെ മഹാമനസ്കതയാണ്.

തമിഴ്നാട്ടിൽ നിന്നുള്ള ഒരു ഭക്തൻ ശ്രീചക്ര മഹാമേരു ചെമ്പുതകിട് കൊണ്ടു പൊതിയാനുള്ള ചെലവ് വഹിക്കാൻ തയ്യാറായതും ദേവീകടാക്ഷമല്ലാതെ മറ്റെന്താണ്!!

2013 ജനുവരി 16 തൃക്കുറ്റിശ്ശേരി പാലക്കാട്ട് ഇല്ലത്തിന്റെ തിരുമുറ്റത്ത് അഗ്നികോണിലായി ശ്രീചക്രമഹാമേരുവിന്റെ പ്രതിഷ്ഠാ കർമ്മം ഉത്സവാന്തരീക്ഷത്തിലാണ് നടന്നത്. അതിനു മുന്നോടിയായി വൈദിക താന്ത്രിക ചടങ്ങുകളെല്ലാം വിശിഷ്ടരായ നിരവധി തന്ത്രി പ്രമുഖരുടെ സാന്നിധ്യത്തിൽ നടന്നു. കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമുള്ള പ്രഗത്ഭ വ്യക്തികൾ പ്രതിഷ്ഠാദിനമഹോത്സവത്തിൽ സംബന്ധിച്ചു. ചിത്രാ പരമേശ്വരന്റെ നടനവിസ്മയം ഉത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ടു. സംഗീതകച്ചേരി, അഷ്ടപദി, തായമ്പക, പ്രഗദ്ഭവ്യക്തികളെ ആദരിക്കൽ തുടങ്ങിയ വിവിധപരിപാടികൾ അതിന്റേതായ പൂർണ്ണതയിൽ മഹാമേരുസമർപ്പണത്തിന്റെ ഭാഗമായി നടന്നു. പാലക്കാട്ടില്ലപരിസരം ജനസഹസ്രങ്ങളെകൊണ്ട് നിറഞ്ഞ് കവിഞ്ഞു. ദേശക്ഷേത്രമായ തൃക്കുറ്റിശ്ശേരി മഹാദേവ ക്ഷേത്രത്തിൽ പോലും അടുത്ത കാലത്ത് ഇതുപോലൊരു മഹോത്സവം നടന്നിട്ടുണ്ടാവില്ല. ഐശ്വര്യദേവതയുടെ നിത്യസാന്നിദ്ധ്യം ശ്രീചക്ര മഹാമേരു രൂപത്തിൽ സമാഗതമായിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ദർശനമായിരുന്നു അതെന്ന് പ്രതിഷ്ഠാ കർമ്മം നിർവ്വഹിച്ച ശ്രീപ്രസാദ് നമ്പൂതിരിയും ഏട്ടന്മാരും കൃതാർത്ഥതയോടെ അനുസ്മരിക്കുന്നു.

എല്ലാ വർഷവും ജനുവരി 16 ശ്രീചക്രമഹാമേരുവിന്റെ പ്രതിഷ്ഠാ ദിനമായി ആഘോഷിക്കാൻ തുടങ്ങിയിട്ടുണ്ട്. നവാവരണ പൂജ, കൂശ്മാണ്ഡി, സുകൃതഹോമം തുടങ്ങിയ വിശേഷാൽ ചടങ്ങുകൾ ഉത്സവത്തിന്റെ ഭാഗമായിട്ടുണ്ട്. എല്ലാ വെളുത്ത വാവിനും രാത്രിക്ക് ചന്ദ്രോദയത്തിന് ശേഷം ശ്രീചക്രപൂജയും പുറമെനിന്നും ഭക്തജനങ്ങളും ഉപാസകരും ഈ സന്ദർഭങ്ങളിൽ ധാരാളം എത്താറുണ്ട്. ജ്യേഷ്ഠന്മാരായ ശിവപ്രസാദ്, ഹരിപ്രസാദ് എന്നിവരോ ശ്രീപ്രസാദോ ആരെങ്കിലുമൊരാൾ തന്നെ



*ശ്രീചക്രപൂജ ചെയ്യുന്ന ഹരിപ്രസാദ് നമ്പൂതിരി*

പ്രതിമാസ ശ്രീചക്രപൂജ നിർവ്വഹിക്കുകയാണ് പതിവ്.

ശ്രീചക്ര മഹാമേരു പ്രതിഷ്ഠക്ക് നേതൃത്വം നൽകിയ പാലക്കാട് നീലകണ്ഠൻ നമ്പൂതിരി കഴിഞ്ഞ വർഷം 2016 മാർച്ച് 14 ന് (മീനം രോഹിണി) നിര്യാതനായി.

ആദ്യ പ്രതിഷ്ഠാ ദിനം മുതൽ ഒരു കെടാവിളക്ക് ഇവിടെ ജ്വലിച്ചുവരുന്നു. അമ്മ ആര്യാ അന്തർജ്ജനം തന്നെ സന്ധ്യാദീപവുമായി ഇവിടെയെത്തുന്നു. രക്തേശ്വരി, വൈഷ്ണവ കിരാതൻ (കന്നിക്കൽ കരുമകൻ) എന്നീ ഉപാസനാമൂർത്തികളെ കുടിവെച്ചിട്ടുള്ളതിന്റെ നേരെ നടയിൽ തന്നെയാണ് ശ്രീചക്ര മഹാമേരുവിന്റെയും പ്രതിഷ്ഠക്ക് സ്ഥാനം കണ്ടതെന്ന സവിശേഷതയുമുണ്ട്.

അതിഥികൾക്കായി പത്തായപ്പുരയും പുതുക്കിപ്പണിതു സജ്ജമാക്കിയിരിക്കുന്നു. ഇല്ലത്തെ പറമ്പിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യങ്ങളും ധാരാളമുണ്ട്. തൃക്കുറ്റിശ്ശേരി ബസ് സ്റ്റോപ്പിൽ നിന്നും പാലക്കാട്, കക്കഞ്ചേരി കളം തുടങ്ങിയ ഇല്ലങ്ങളുടെ ശാഖകളിലേക്കുള്ള ചെമ്മൺപാതയുടെ കുറച്ചുദൂരം പഞ്ചായത്ത് അധികൃതർ പുതുതായി ടാർ ചെയ്തിട്ടുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ ശ്രീചക്ര മഹാമേരു കാണാൻ ഇവിടേക്ക് ഇനിയും സന്ദർശക പ്രവാഹമുണ്ടാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. വി.വി.ഐ.പി.കളും അക്കൂട്ടത്തിൽ നിശ്ചയമായും ഉണ്ടാകും. അടുത്ത പ്രതിഷ്ഠാവാർഷികത്തിനു മുമ്പായി ഭേദപ്പെട്ട യാത്രാസൗകര്യം അധികൃതരുടെ ഭാഗത്തു നിന്നും ഒരുക്കുമെന്ന് പാലക്കാട്ടില്ലത്തുള്ളവരും നാട്ടുകാരും



*അച്ഛൻ യശശ്ശരീരനായ നീലകണ്ഠൻ നമ്പൂതിരിയും അമ്മ ആര്യാ അന്തർജ്ജനവും*



*ശ്രീപ്രസാദ്, വിദ്യ, ശിവപ്രസാദ്, മീര, ഹരിപ്രസാദ്, ലീല*

പ്രത്യാശിക്കുന്നു.

കക്ഷിരാഷ്ട്രീയ വ്യത്യാസങ്ങൾക്കുപരി വലിയൊരു ഭക്തസമൂഹത്തിന്റെ മനസ്സ് ആകർഷിക്കാൻ ശ്രീചക്ര മഹാമേരുവിന്റെ പ്രതിഷ്ഠകൊണ്ട് കഴിഞ്ഞിരിക്കുന്നു. മൂകാംബിക മുതൽ കന്യാകുമാരി വരെയും കാഞ്ചിവരെയും നീളുന്ന തീർത്ഥാടന ടൂറിസത്തിന്റെ കണ്ണിയായി തൃക്കുറ്റിശ്ശേരി പാലക്കാട്ടെ ശ്രീചക്രമേരുവും ഉൾപ്പെടുമെന്ന് പ്രത്യാശിക്കാം. ഒരു പരസ്യവുമില്ലാതെ ആളുകൾ അന്വേഷിച്ചു കണ്ടെത്തുന്നതാണല്ലോ ഭാരതീയ രീതി. ഈശ്വര ചൈതന്യവർദ്ധകമായ തപസ്സ് നിരന്തരം നടക്കുമ്പോൾ, സന്ദർശനാനുഭൂതി വരുന്നവർക്കുണ്ടാകുമ്പോൾ, ബഹളങ്ങളിൽ നിന്നും മാറി ശാന്തമായി ഉപാസനയനുഷ്ഠിക്കാനുള്ള ഒരു തപോഭൂമി ഇവിടെ ഒരുക്കിയിരിക്കുന്നു. വിദ്യാരംഭത്തിനും അരങ്ങേറ്റത്തിനും എല്ലാം കുട്ടികളെയും കൊണ്ട് രക്ഷിതാക്കൾക്ക് ഇവിടെ വരാം- വിശേഷാവസരങ്ങളിൽ.

കോയമ്പത്തൂരിലെ പ്രസിദ്ധമായ സിദ്ധാപുത്തൂർ അയ്യപ്പ ക്ഷേത്രത്തിലെ തന്ത്രിമാർ കൂടിയാണിവർ. രണ്ടാമത്തെ ശബരിമല എന്നാണ് സിദ്ധാപത്തൂർ അയ്യപ്പക്ഷേത്രം ഭക്തർക്കിടയിൽ അറിയപ്പെടുന്നത്. 1969 മിഥുനത്തിലെ ചിത്ര നാളിൽ പാലക്കാട്ട് ഇല്ലത്തു വലിയ നീലകണ്ഠൻ നമ്പൂതിരി (ശിവഹരിശ്രീപ്രസാദ് നമ്പൂതിരിമാരുടെ മുത്തച്ഛൻ ) സിദ്ധപ്പുത്തൂർ അയ്യപ്പക്ഷേത്രത്തിലെ തന്ത്രിസ്ഥാനം ഏറ്റെടുത്തു. അവിടുത്തെ നിത്യകർമ്മത്തിന്റെ ഭാഗമായ പന്തീരടിപൂജ നിർവഹിക്കേണ്ടത് തന്ത്രിമാരായ പാലക്കാട്ടില്ലക്കാരാണ്. സഹോദരർ മൂന്നുപേരിൽ ആരെങ്കിലുമൊരാൾ കോയമ്പത്തൂരിൽ ഉണ്ടാവും. കേരളത്തിലും തമിഴ്നാടിന്റെ മറ്റുപലഭാഗങ്ങളിലും ഇവർക്ക് താന്ത്രികാധികാരമുള്ള ക്ഷേത്രങ്ങൾ ഉണ്ട്.

ഇല്ലപ്പേരും ദേശപ്പേരും ഒന്നായ നമ്പൂതിരി ഗൃഹങ്ങൾ കേരളത്തിൽ ഒരു ഡസനിലേറെയുണ്ട്. എന്നാൽ കേരളത്തിലെ ഒരു ജില്ലയുടെ പേര് വഹിക്കുന്ന ഇല്ലം പാലക്കാട് മാത്രം. കോഴിക്കോട് ജില്ലയിലെ തൃക്കുറ്റിശ്ശേരിയിലും പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂരിലും തൃശൂർ ജില്ലയിലെ കുറ്റിമുക്കിലും പാലക്കാട് ഉണ്ട്. ഇവിടെ 'ഇല്ല'മെന്ന പേരിലും അവിടെ 'മന' എന്ന പേരിലും ആ ഭവനങ്ങൾ അറിയപ്പെടുന്നു. ആലത്തിയൂർ ശുകപുരം, തൃശൂർ ഗ്രാമക്കാരും ഋഗ്വേദികളുമായ ഈ ഇല്ലക്കാർ വ്യത്യസ്ത ഗോത്രക്കാരത്രേ. മദ്രാസ് സംസ്ഥാനത്തിന്റെ കീഴിൽ മലബാർ ജില്ലയായി ഭരിക്കപ്പെട്ടപ്പോഴും നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ പുരാതന നമ്പൂതിരി ഗൃഹങ്ങൾ ഇവിടെയുണ്ടായിരുന്നു. തൃക്കുറ്റിശ്ശേരി പാലക്കാടിന്റേത് ഭാർഗ്ഗവഗോത്രമാണ്. ഓതിക്കൻ ആലത്തിയൂർ പാവേരിയും. ഓങ്ങല്ലൂർ പാലക്കാട് വിശ്വാമിത്ര ഗോത്രക്കാരും കുറ്റിമുക്ക് പാലക്കാട് കശ്യപ ഗോത്രക്കാരുമാണ്.



*ഗൗതം, നന്ദിത, കാർത്തിക, കൃഷ്ണ, അളക. പാലക്കാട്ടെ നാലാം തലമുറ*



ശിവപ്രസാദ് നമ്പൂതിരി

തൃക്കുറ്റിശ്ശേരി പാലക്കാടും തൃക്കുറ്റിശ്ശേരി പുതുശ്ശേരിയും പുലബന്ധമുള്ളവരാണ്. ഇവരും കക്കഞ്ചേരികളവും വലമ്പുതുശ്ശേരിയും ദേശക്ഷേത്രത്തിന്റെ പാരമ്പര്യ ട്രസ്റ്റിമാരുമാണ്.

കേരള നമ്പൂതിരി സമാജത്തിന്റേയും അതുലയിച്ചുണ്ടായ യോഗക്ഷേമ സഭയുടെയും നേതൃത്വത്തിൽ 'പി.വി.' എന്ന് അറിയപ്പെട്ട യശഃശരീരനായ പാലക്കാട് വാസുദേവൻ നമ്പൂതിരിയുണ്ടായിരുന്നു. വിഷ്ണുനമ്പൂതിരി മാഷും അടുത്ത കാലം വരെ ബാലുശ്ശേരി ഉപസഭാ നേതൃത്വത്തിൽ സജീവമായിരുന്നു. ഇപ്പോൾ പാലക്കാട്ടെ ശാഖകളിൽ മുതിർന്ന അംഗം അദ്ദേഹമാണ്.

1969-ൽ (മിഥുനം ചിത്ര) സിദ്ധാപുത്തൂർ അയ്യപ്പ ക്ഷേത്രത്തിന്റെ പ്രതിഷ്ഠാവേളയിൽ കുംഭാഭിഷേകം നടത്തി അവിടത്തെ തന്ത്രിസ്ഥാനം കൈവരിച്ച പാലക്കാട് വലിയ നീലകണ്ഠൻ നമ്പൂതിരിയുടെ മകൻ നീലകണ്ഠൻ നമ്പൂതിരിയുടെയും മക്കാടില്ലത്തെ (മേപ്പയ്യൂർ) മകൾ ആര്യ അന്തർജ്ജനത്തിന്റെയും പുത്രന്മാരാണ് ശിവ- ഹരി- ശ്രീപ്രസാദ് നമ്പൂതിരിമാർ. കവി. എൻ.എൻ. കക്കാടിന്റെ അച്ഛൻ കക്കാട് നാരായണൻ നമ്പൂതിരിയിൽ നിന്നാണ് പാലക്കാട് വലിയ നീലകണ്ഠൻ നമ്പൂതിരി (ശിവ- ഹരി- ശ്രീപ്രസാദ് നമ്പൂതിരിമാരുടെ മുത്തശ്ശൻ) ശ്രീചക്ര പൂജയും മറ്റും അഭ്യസിച്ചതും ഉപദേശം കൊണ്ടതും എന്നാണ് പറഞ്ഞുകേട്ടത്. 1978 ചിങ്ങം ഉത്രം നാളിൽ കുട്ടൻകുളങ്ങര പുറത്തില്ലം മരുമകനായിരുന്ന പാലക്കാട് വലിയ നീലകണ്ഠൻ നമ്പൂതിരി ദിവംഗതനായി. പിന്നീട് സിദ്ധാപുത്തൂരിലെ തന്ത്രവും ഇല്ലത്തെ ശ്രീചക്രോപാസനയും മകൻ നീലകണ്ഠൻ നമ്പൂതിരി നിർവ്വഹിച്ചു. ശ്രീചക്ര മഹാമേരു പ്രതിഷ്ഠയുടെ മൂന്നാം വാർഷികം കഴിഞ്ഞാണ് അദ്ദേഹം നിര്യാതനായത്. ഇപ്പോൾ മൂന്ന് സഹോദരന്മാരും ചേർന്നാണ് പാലക്കാട്ടെ തന്ത്രം നടത്തുന്നത്. ഹരിപ്രസാദ് തന്ത്രവിദ്യാപീഠത്തിൽ നിന്ന് പഠനം കഴിഞ്ഞു വന്ന വ്യക്തിയാണ്.

തറവാട്ടിൽ അമ്മ ആര്യാ അന്തർജ്ജനവും മൂത്ത മകൻ ശിവപ്രസാദിന്റെയും രണ്ടാമത്തെ മകൻ ഹരിപ്രസാദിന്റെയും കുടുംബങ്ങളാണ് ഉള്ളത്. തിരുവില്വാമല മുണ്ടക്കൽ മനയിലെ മീരയാണ് ശിവപ്രസാദിന്റെ സഹധർമ്മിണി. കാർത്തികയും നന്ദിതയും കുട്ടികൾ.

ശ്രീപ്രസാദിന്റെ സഹധർമ്മിണി കുരുശ്ശാരൂർ മനയിലെ വിദ്യ തൃശൂർ വിവേകോദയം ഹൈസ്കൂൾ അദ്ധ്യാപികയായതിനാൽ തൃശൂർ തലോറാണ് ശ്രീപ്രസാദിന്റെ താമസം. അളകയും കൃഷ്ണയും ശ്രീപ്രസാദ് - വിദ്യ ദമ്പതികളുടെ മക്കൾ.

ഞാളൂർ മനയിലെ ലീല ഹരിപ്രസാദിന്റെ സഹധർമ്മിണി. ഗൗതം മകൻ.

പാലക്കാട്ടെ നാലാം തലമുറയിലെ ഉണ്ണി ഗൗതമിനെ ഗായത്രി- ശ്രീവിദ്യാ ഉപാസനകളുടെ പാതയിലേക്ക് ഉപനയിക്കുന്ന ചടങ്ങായിരിക്കും അടുത്ത തറവാട്ടുവിശേഷം.



*കഥകളിയിൽ ഗൗതമും നന്ദിതയും കൃഷ്ണവേഷത്തിൽ അരങ്ങേറ്റം കുറിച്ചപ്പോൾ*

# കലാദേവതയുടെ അനുഗ്രഹം

ഒരു കുടുംബം മുഴുവൻ കലാകാരന്മാരും കലാകാരികളുമാവുക. അതൊരു സൗഭാഗ്യമാണ്. ഈശ്വരൻ കനിഞ്ഞനുഗ്രഹിക്കണം അതിന്. ഐശ്വര്യദേവതയുടെ കടാക്ഷവും കലാദേവതയുടെ കടാക്ഷവും പാലക്കാട്ട് ഇല്ലത്തെ എല്ലാവരെയും അനുഗ്രഹിച്ചിരിക്കുന്നു. അച്ഛൻ നീലകണ്ഠൻ നമ്പൂതിരി ചിത്രകലാ അദ്ധ്യാപകനായിരുന്നു. മഹാമേരുവിന്റെ അളവ് തിട്ടപ്പെടുത്തിയതും അദ്ദേഹമാണല്ലോ. ശിവപ്രസാദിനും അനിയൻ ശ്രീപ്രസാദിനും അച്ഛന്റെ പാരമ്പര്യം ലഭിച്ചിരിക്കുന്നു. ഇരുവരും ചിത്രകല അഭ്യസിച്ചിട്ടുമുണ്ട്. കൂടാതെ ശിവപ്രസാദും ഹരിപ്രസാദും ശ്രീപ്രസാദും ചെണ്ടമേളത്തിൽ കേമന്മാരാണ്. സഹോദരന്മാർ ചേർന്നുള്ള തായമ്പക പലയിടത്തും അവതരിപ്പിക്കപ്പെടാറുണ്ട്.

ശ്രീപ്രസാദ് കവിയും കവിത ഭംഗിയായി അവതരിപ്പിക്കാൻ കഴിവുമുള്ള ഒരു വ്യക്തിയാണ്. കൂടാതെ അദ്ദേഹം ചാക്യാർകൂത്ത് പഠിക്കുകയും നിരവധി സ്റ്റേജുകളിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അച്ഛൻ നീലകണ്ഠൻ നമ്പൂതിരിയാണ് ചാക്യാർകൂത്തിൽ ശ്രീപ്രസാദിന്റെ ഗുരു. നല്ലൊരു നാടകനടനും കൂടിയാണ് ശ്രീപ്രസാദ്. ജ്യോതിഷത്തിലും അദ്ദേഹത്തിന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. ശിവപ്രസാദിന്റെ സഹധർമിണി മീര വയലിൻ നന്നായി വായിക്കും.പുതുതലമുറയും കല കൈവിടാതെ സൂക്ഷിക്കുന്നു. ശിവപ്രസാദിന്റെ മൂത്തമകൾ കാർത്തിക കവയിത്രിയാണ്. കഴിഞ്ഞ 'സ്വസ്തി' യിൽ കാർത്തികയുടെ കവിതയുണ്ടായിരുന്നു. നല്ലൊരു പാട്ടുകാരിയുമാണ് കാർത്തിക. കൈരളി ചാനലിലെ മാമ്പഴം എന്ന പ്രോഗ്രാമിൽ കാർത്തിക പങ്കെടുത്തിട്ടുണ്ട്. ശ്രീപ്രസാദിന്റെ കുട്ടികളായ അളകയും കൃഷ്ണയും നന്നായി പാടും. ഹരിപ്രസാദിന്റെ ഏകമകനായ ഗൗതമും , നന്ദിതയും, കൃഷ്ണയും കഥകളി അഭ്യസിക്കുന്നുണ്ട്. ഗൗതമിന്റെയും നന്ദിതയുടെയും അരങ്ങേറ്റം ജനുവരിയിലായിരുന്നു. എല്ലാംകൊണ്ടും ഒരു കലാകുടുംബം തന്നെയാണ് പാലക്കാട്ടില്ലം.



*ശിവ-ശ്രീപ്രസാദുമാർ തായമ്പക കൊട്ടിക്കയറുന്നു*



# നമ്മൾ വിതയ്ക്കും, നമ്മൾ കൊയ്യും

**സ്വന്തം ലേഖിക**

കൃഷി നഷ്ടമാണോ..? എന്റെ ഈ ചോദ്യത്തിന് ഉച്ചക്കാവിലെ നമ്പൂതിരിമാരിലെ ചെറുപ്പക്കാരായ ശ്രീജു, ആനന്ദ്, രവീഷ് എന്നിവരിൽ നിന്ന് ''അല്ല'' എന്ന ഉറച്ച സ്വരമാണ് ഞാൻ കേട്ടത്..... ഒരുവേള അവിടുത്തെ നമ്പൂതിരിമാർ എല്ലാവരും ചിന്തിച്ചിരുന്നു കൃഷി നഷ്ടമെന്ന്... പക്ഷേ ആ ചിന്തയെ അവർ ഇന്ന് മാറ്റി എഴുതാൻ തയ്യാറായത് ഞാൻ കണ്ടു... അതിന് ഈ ചെറുപ്പക്കാർ കൂടി മുന്നിട്ടിറങ്ങിയിരുന്നു..

ഉച്ചക്കാവിലെ നമ്പൂതിരിമാരെല്ലാവരും എന്നും കൃഷിയെ നെഞ്ചേറ്റിയവരായിരുന്നു... ചെറുവക്കാട്ടും, ചുഴലിപ്പുറത്തും, നടുവിലേടത്തും ഏക്കറു കണക്കിന് വയൽ ഉണ്ടായിരുന്നു... എല്ലാവരുടെ പത്തായത്തിലും എന്നും നെല്ല് ഉണ്ടായിരുന്ന ഒരു കാലം ഉണ്ടായിരുന്നു... ഇന്ന് 25 വയസിന് മുകളിലുള്ള അവിടുത്തെ എല്ലാ ആളുകളും വയലിലെ ചെളിയിലിറങ്ങി കളിച്ച് വളർന്നവരാണ്... പക്ഷേ കുറച്ചു കാലമായി ഒരു വിധം എല്ലാവരും നെൽകൃഷി നിർത്തി..

പലരുടെയും വയൽ വിറ്റു...

പക്ഷേ ചെറുവക്കാട് കേശവൻ മാസ്റ്റർക്കും അനിയൻമാർക്കും വയൽ വിൽക്കാൻ മനസ്സു വന്നില്ല..

''എല്ലാവരും കൃഷി നിർത്തിയിട്ടും ഞങ്ങൾ കുറേകാലം പിന്നെയും മുന്നോട്ട് കൊണ്ട് പോയി.'' കേശവൻ മാസ്റ്ററുടെ വാക്കുകളിൽ അഭിമാനം...

പക്ഷേ മൂന്നു കൊല്ലത്തോളമായി അദ്ദേഹവും നെൽകൃഷി നിർത്തി... കാരണം പണിക്കാരെ കിട്ടാത്തതും വേണ്ടത്ര വിളവ് ലഭിക്കാത്തതും തന്നെ..

പക്ഷേ കഴിഞ്ഞ പുതുവർഷത്തിൽ ഉച്ചക്കാവ് ഉപസഭാംഗങ്ങൾ ഒന്നിച്ചു കൂടി വിശേഷങ്ങൾ പങ്കുവെക്കുന്ന വേളയിൽ



അവർ നല്ലൊരു തീരുമാനം എടുത്തു

''നമുക്ക് കേശവൻ മാഷുടെ പാടത്ത് കൃഷിയിറക്കാം ഇത്തവണ.'' മാഷുടെയും അനുജൻ വാസുണ്ണി മാഷുടെയും ഒരു ആഗ്രഹവും ആ തീരുമാനത്തിന് പിറകിലുണ്ടായിരുന്നു... 11 പേർ ഷെയർ എടുത്ത് കൃഷിയിറക്കാൻ തീരുമാനിച്ചു... ലാഭനഷ്ടങ്ങളെ കുറിച്ച് അപ്പോൾ അവർ വ്യാകുലപ്പെട്ടില്ല..

ചുഴലിപ്പുറത്തെ വേട്ടക്കരനും, നടുവിലേടത്തെ രക്തേശ്വരിക്കും, ചെറുവക്കാട്ടെ കരിങ്കാളിക്കും ശ്രീകൃഷ്ണപുരത്തപ്പനും വഴിപാട് നേർന്ന് അവർ നല്ല ദിവസം നോക്കി...

ചുഴലിപ്പുറത്തെ കുളത്തിൽ താഴ്ത്തിയിട്ട് മുളപ്പിച്ച വിത്ത് ചെറുവക്കാട്ടേ പാടത്ത് ചുഴലിപ്പുറവും നടുവിലേടവും ചെറുവക്കാടും ചേർന്ന് ഞാറിനായി എറിഞ്ഞു.. ഞാറ് പ്രതീക്ഷിച്ചതിലും കരുത്തോടെ വളർന്നു... ഞാറു പറിച്ചു നടൽ ശരിക്കും ഉത്സവമായി.. പണിക്കാരോടൊപ്പം നമ്പൂതിരിമാരും അന്തർജ്ജനങ്ങളും കുട്ടികളും ചേർന്നു.. മൂന്നു വയസ്സു മുതൽ അറുപത്തഞ്ച് വയസ്സുള്ള ആൾ വരെ ഞാറുനടാൻ ആവേശത്തോടെ ചെളിയിലേക്കിറങ്ങി...

ജോലിസംബന്ധമായി എറണാകുളത്ത് കുടുംബത്തോടൊപ്പം താമസിക്കുന്ന നടുവിലേടം ജനാർദ്ദനൻ നമ്പൂതിരിയും അദ്ദേഹത്തിന്റെ ഏട്ടന്റെ മകൻ കോഴിക്കോട് ചേവായൂരിൽ താമസിക്കുന്ന വിനോദും നെൽകൃഷിക്ക് വേണ്ടി നാട്ടിലുള്ളവരോടൊപ്പം ചേർന്നു. അവർക്കും മായം കലരാത്ത അരിയുടെ സ്വാദ് വീണ്ടും അറിയാൻ ആഗ്രഹം.

മൂന്നു വയസ്സുകാരൻ വസുദേവിനും നാലരവയസുകാരി വൈഗക്കും ഞാറു നടുന്ന അന്ന് സ്കൂളിൽ പോകാൻ മടി....അവർക്ക് പാടത്തിറങ്ങണം... അവരുടെ അമ്മ അനുവും ഇന്നുവരെ കൃഷിയിറക്കുന്നത് കണ്ടിട്ടില്ല..... അതിന്റെ ആവേശത്തിൽ ജീൻസും ടോപ്പുമിട്ട് അമ്മയും ചെരുപ്പിടാതെ മുറ്റത്തിറങ്ങാത്ത കുട്ടികളും ചെളിയിലേക്ക്.......ഞാറുനടാൻ.

പ്രായത്തിന്റെ അവശതകളെ മറന്ന് കൃഷിയുടെ ആവേശം അറുപത്തഞ്ച് പിന്നിട്ട ത്രിവിക്രമൻ നമ്പൂതിരിയിലും, വാസുദേവൻ നമ്പൂതിരിയിലും ഒക്കെ ഉണ്ടായിരുന്നു....നടാനും ഞാറ്റുകെട്ടിന്റെ തലപ്പുമുറിക്കാനും എല്ലാം ഇവർ ഒപ്പമുണ്ടായിരുന്നു... ഞാറ്റുപാട്ടിന്റെ ഈണം കേട്ടുകൊണ്ടാണ് എല്ലാവരും ഞാറു നട്ടത്...

പന്നിക്കോട് AUP സ്ക്കൂളിലെ കൊച്ചുകൂട്ടുകാർ ഇതിൽ പങ്കെടുത്തപ്പോൾ നെൽകൃഷിയിലെ അറിവ് പുതുതലമുറയിലേക്ക് പകർന്നു നൽകാൻ ഉപസഭയുടെ കൂട്ടായ്മ കൊണ്ട് കഴിഞ്ഞു...

അന്തർജനങ്ങൾ ഒരില്ലത്ത് ഒത്തുകൂടി ഈ ദിവസങ്ങളിലേക്കു വേണ്ട ഭക്ഷണം പാകം ചെയ്ത് കൂട്ടായ്മയുടെ മറ്റൊരു വശം നാട്ടിയിലും കൊയ്ത്തിലും കാണിച്ചു..

കിള പറിച്ചൊഴിവാക്കുവാനും എല്ലാവരുടെയും ഒരുമ ഉണ്ടായി...

വിളഞ്ഞ നെല്ല് കൊയ്തെടുക്കാനും ഇതേ ഉത്സാഹം അംഗങ്ങൾക്കിടയിൽ ഉണ്ടായി.. അറുപതു പിന്നിട്ട ഹൃഷികേശൻ നമ്പൂതിരിയും നാട്ടിയിലും കൊയ്ത്തിലും പണിക്കാർക്കൊപ്പം നിറഞ്ഞ സന്തോഷത്തോടെ ഉണ്ടായിരുന്നു....







പരദേവതമാരുടെ അനുഗ്രഹം ഉച്ചക്കാവുകാരുടെ കൂടെ ഉണ്ട് എന്ന് തെളിഞ്ഞു... മൂന്നു ഏക്കർ പാടത്തു നിന്ന് 540 പറ നെല്ല് ലഭിച്ചു.. മുൻപ് 300 പറയിൽ ഒതുങ്ങിയിരുന്നു വിളവ്..

''ശാസ്ത്രീയമായി, ശ്രദ്ധയോടെ എല്ലാ പരിചരണവും നൽകി കൃഷിയിറക്കിയതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് നല്ല വിളവ് ലഭിക്കുകയായിരുന്നു.'' വിളവിന്റെ രഹസ്യം വിഷ്ണു നമ്പൂതിരി പങ്കിട്ടു...

''വിളവു കിട്ടിയതിൽ ഒരു പങ്ക് ഞങ്ങൾ ശ്രീകൃഷ്ണപുരത്തപ്പന് സമർപ്പിച്ച് അനുഗ്രഹം വാങ്ങി...''

ഭഗവാനുള്ള സമർപ്പണത്തിലെ സന്തോഷം ഗോവിന്ദൻ നമ്പൂതിരിയുടെ മുഖത്ത് തെളിഞ്ഞിരുന്നു..

''കൃഷിയുടെ കാര്യത്തിൽ എല്ലാവരുടെയും ഉത്സാഹം കാണുമ്പോൾ നമ്മൾ പഴയ കാലത്തിലേക്കെത്തിയപോലെ... മനസ്സ് നിറയെ സന്തോഷം തോന്നുന്നു.'' ചെറുവക്കാട് ദിവാകരൻ നമ്പൂതിരി തന്റെ സന്തോഷം പങ്കിട്ടു.

ബാക്കി നെല്ല് ഷെയർ എടുത്തവർ ചേർന്ന് ഭാഗിച്ചെടുത്തു. കുറച്ചു നെല്ല് കൊണ്ട് അവൽ ഇടിച്ച് അതും ഭാഗിച്ചെടുത്തു... മായം കലരാത്ത ചോറ് എല്ലാവരുടേയും ഊൺമേശയിലെത്തി..

പശുവിനെ വളർത്തുന്നവർ അവർക്കു വേണ്ട വൈക്കോൽ വിലക്കു തന്നെ എടുത്ത് ബാക്കി പുറത്തു വിറ്റ് പണമാക്കി..

കൂട്ടായ്മയുടെ സുഖവും ലാഭവും അറിഞ്ഞ് കൃഷി മുന്നോട്ടുകൊണ്ടുപോവാൻ അവർ തീരുമാനിച്ചു. കൃഷിയിടത്തിൽ എള്ളും ഉഴുന്നും നട്ടു. വിളവ് എടുത്ത ശേഷം ഉഴുന്നു ചെടിയും എള്ളുചെടിയും അടുത്ത കൃഷിക്കുള്ള അടിവളമാണ്...

കൂട്ടായ്മയുടെ നിറവിൽ പച്ചക്കറി കൃഷിയിലുള്ള ഒരു പരീക്ഷണം കൂടി ഉച്ചക്കാവുകാർ നടത്തി. അതിലും മോശമല്ലാത്ത വിജയം നേടിയെന്നത് സന്തോഷകരമായ ഒരു കാര്യമായി. വെള്ളരി, പയർ, കയ്പ തുടങ്ങിയവയെല്ലാം സമൃദ്ധമായി ഓരോ ഇല്ലത്തെയും അടുക്കളയിലെത്തി.

പുതിയ കൃഷിയിറക്കാൻ അടുത്ത പുതുവർഷത്തിനായി കാത്തിരിക്കുകയാണ് ഉച്ചക്കാവുകാർ. ●



# കൊച്ചി പ്രജാസഭ വിസ്മയംകൊണ്ട ശബ്ദശക്തി

യോഗക്ഷേമസഭയെ വെല്ലുവിളിച്ചുകൊണ്ടുള്ള സമാന്തര പ്രവർത്തനമല്ല അവർ നടത്തിയത്. യോഗക്ഷേമസഭയുടെ നവീനാശയങ്ങൾ അകത്തളങ്ങളിൽ എത്തിക്കാൻ സഭയ്ക്കും പരിഷ്കരണ പ്രസ്ഥാനമായ നമ്പൂതിരി യുവജന സംഘത്തിനും പൂരകമായി പ്രവർത്തിച്ച് സമൂല പരിവർത്തനം സാദ്ധ്യമാക്കുകയായിരുന്നു ഉദ്ദേശ്യം.

അക്ഷര ജ്ഞാനത്തിനപ്പുറം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഏബീസീഡിയില്ലാത്ത നടവരമ്പ് നല്ലൂരില്ലത്തെ പാർവ്വതിപ്പെൺകിടാവ് ചേറ്റുപുഴ ഇല്ലത്തെ വാസുദേവൻ നമ്പൂതിരിയുടെ സഹധർമ്മിണിയായി കുടിവെയ്ക്കപ്പെടുമ്പോൾ വയസ്സ് പതിനാല് മാത്രം. എന്നാൽ അന്തർജ്ജനമായി അടുക്കളയിലും മറക്കുടയ്ക്ക് പിന്നിലും പുകഞ്ഞുതീരാനുള്ളതല്ല തന്റെ ജീവിതമെന്ന തിരിച്ചറിവ് പാർവ്വതിക്കുണ്ടായപ്പോൾ സമാന മനസ്കരായ അന്തർജ്ജനങ്ങളെ തന്റെ തറവാടായ നെന്മിനിമംഗലത്ത് വിളിച്ചുകൂട്ടി അന്തർജ്ജന സമാജത്തിന് അനൗപചാരികമായി രൂപംനൽകി.

യോഗക്ഷേമസഭയെ വെല്ലുവിളിച്ചുകൊണ്ടുള്ള സമാന്തര പ്രവർത്തനമല്ല അവർ നടത്തിയത്. യോഗക്ഷേമസഭയുടെ നവീനാശയങ്ങൾ അകത്തളങ്ങളിൽ എത്തിക്കാൻ സഭയ്ക്കും പരിഷ്കരണ പ്രസ്ഥാനമായ നമ്പൂതിരി യുവജന സംഘത്തിനും പൂരകമായി പ്രവർത്തിച്ച് സമൂല പരിവർത്തനം സാദ്ധ്യമാക്കുകയായിരുന്നു ഉദ്ദേശ്യം. യുവജനസംഘത്തിന്റെ ഗുരുവായൂർ വാർഷിക യോഗത്തിൽ പത്തോളം അന്തർജ്ജനങ്ങൾ ഒപ്പിട്ടവതരിപ്പിച്ച പ്രമേയം അദ്ധ്യക്ഷൻ വായിച്ചപ്പോഴാണ് 'പാർവ്വതി നെന്മിനിമംഗലം' എന്ന പേര് പലരും കേൾക്കുന്നതത്രേ. അന്തർജ്ജന സമാജം ഔദ്യോഗികമായി രൂപീകരിക്കാനുള്ള അനുമതിയും അതിന് സഭയുടെ പിന്തുണയുമാണ് അവർ അഭ്യർത്ഥിച്ചത്.

തുടർന്ന് നിരവധി ഇല്ലങ്ങളുടെ അകത്തളങ്ങളിൽ പാർവ്വതി നെന്മിനിമംഗലത്തിന്റെ നേതൃത്വത്തിൽ തുടർച്ചയായി അന്തർജ്ജനങ്ങളുടെ യോഗങ്ങൾ നടന്നു. 'മറക്കുട' ഉപേക്ഷിക്കുന്നതിനെയും കാതു മുറിച്ച് കമ്മലിടുന്നതിനെയും 'ഒന്നരയും ബ്ലൗസും' ധരിക്കുന്നതിനെയും കുട്ടികളെ സ്കൂളിലയച്ച് പഠിപ്പിക്കുന്നതിനെയും കുറിച്ചെല്ലാം ചർച്ചകൾ നടന്നു.

അടുക്കളയിൽ നിന്നും അരങ്ങത്തേക്കുള്ള നാടകം നേരത്തെ അരങ്ങേറിയിരുന്നുവെങ്കിലും നാടകകൃത്തായ വി.ടി.രാമൻ ഭട്ടതിരിപ്പാടിന്റെ സഹധർമ്മിണിയടക്കമുള്ള അന്തർജ്ജനങ്ങൾ 'രസികസദന'ത്തിന്റെ അകത്തളത്തിൽ നിന്നും മറക്കുടയില്ലാതെ പൂമുഖത്തേക്കും അവിടെനിന്ന് മേഴത്തൂരിലെ വായനശാലാ വാർഷികമാഘോഷിക്കുന്ന സ്കൂൾ പറമ്പിലേക്കും ആദ്യമായി മാർച്ച് ചെയ്തത് ശ്രീമതി പാർവ്വതി നെന്മിനിമംഗലത്തിന്റെയും ആര്യാപള്ളത്തിന്റെയും നേതൃത്വത്തിലായിരുന്നു. ആ രംഗം കണ്ട് സാക്ഷാൽ വി.ടി.പോലും ഞെട്ടിയത്രേ. അമ്പരപ്പിനു ശേഷമദ്ദേഹത്തിനുണ്ടായ സന്തോഷവും അവാച്യം തന്നെ.



*പാർവ്വതി നെന്മിനിമംഗലം*

പാർവ്വതി നെന്മിനിമംഗലത്തിന്റെ ഇരുപത്തൊന്നാമത്തെ വയസ്സിൽ യുവജന സംഘത്തിന്റെ പ്രസിഡന്റായി. തളിപ്പറമ്പിൽ നടന്ന വാർഷിക സമ്മേളനത്തിൽ വെച്ചായിരുന്നു ആ സ്ഥാനാരോഹണം. 1936–ൽ അവരുടെ 25–ാം വയസ്സിൽ യോഗക്ഷേമസഭയുടെ അദ്ധ്യക്ഷയുമായി. 1946–ൽ കുമരനല്ലൂരിൽ നടന്ന ശുകപുരം വാർഷികത്തിൽ വീണ്ടും അഭൂതപൂർവ്വമായ ഒരു സ്വീകരണം അവർക്ക് നൽകപ്പെട്ടു.

നമ്പൂതിരി ബില്ലിനു വേണ്ടി മലബാറിലും കൊച്ചിയിലും പ്രക്ഷോഭമാരംഭിച്ചിരുന്നു. പഴമക്കാരും രാജകുടുംബവും ഉദ്യോഗസ്ഥ മേധാവികളും ബില്ലിനെതിരായിരുന്നു.

യോഗക്ഷേമസഭയും നമ്പൂതിരി യുവജനസംഘവും കാലങ്ങളായി ഉന്നയിച്ചുകൊണ്ടിരുന്ന ആവശ്യങ്ങളടങ്ങിയതും ശ്രീ. പി.എസ്. കേശവൻ നമ്പൂതിരി അവതരിപ്പിച്ചതുമായ ഒരു ബില്ല് സമുദായഹിതമറിയാനായി ഒരു സെലക്ട് കമ്മിറ്റിയെ ഏല്പിച്ചു. ബില്ലിന്റെ കാര്യത്തിൽ ഉപദേശനിർദ്ദേശങ്ങൾ നൽകാനായി ശ്രീമതി പാർവ്വതി നെന്മിനിമംഗലത്തെയാണ് ഒരു വിദഗ്ധ മെമ്പറായി നിയമസഭയിലും സെലക്ട കമ്മിറ്റിയിലും എടുത്തത്.

സെലക്ട് കമ്മിറ്റിയിലും നിയമസഭയിലും നമ്പൂതിരി ബില്ലിനുവേണ്ടി ഓരോ ബ്രാഹ്മണ സങ്കേതങ്ങളിലും പോയി തെളിവെടുത്തു. പഴമക്കാരുടെ സംഘടിത എതിർപ്പുണ്ടായപ്പോൾ ചോദ്യങ്ങൾകൊണ്ടും മറുചോദ്യങ്ങൾകൊണ്ടും പരാജയപ്പെടുത്തി. ഏറെ ബുദ്ധിമുട്ടിയാണ് അനുകൂലമായ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഉണ്ടാക്കിയത്. അതു നിയമസഭയിൽ പാസാക്കിയെടുക്കൽ ദുഷ്കരമായിരുന്നു.




**ബിൽ നിയമസഭയിൽ മൂന്നാം വായനക്കെടുത്തു. എതിർകക്ഷികൾ എതിർക്കാൻ തയ്യാറായി. സന്ദർശക ഗാലറി നിറയെ ഉണ്ണി നമ്പൂതിരിമാർ സ്ഥലംപിടിച്ചിട്ടുണ്ട്. ബില്ലിനെ അവതരിപ്പിച്ചുകൊണ്ട് ബിൽ കർത്താവും മറ്റനുകൂലികളും സംസാരിച്ചു. ഒടുവിൽ പാർവ്വതി നെന്മിനിമംഗലവും എഴുന്നേറ്റുനിന്നു. നിയമസഭാ ഹാൾ പൂർവ്വാധികം നിശ്ശബ്ദമായി. സമുദായത്തിന്റെ പൊതുവിലുള്ള സ്ഥിതിയെയും അതിൽ അന്തർജ്ജനങ്ങൾ അനുഭവിക്കുന്ന പലതരത്തിലുള്ള ദുരന്ത ദുരിതങ്ങളെയും ബില്ലുകൊണ്ട് അവർക്ക് തെല്ലെങ്കിലും ഉണ്ടാകാവുന്ന ആശ്വാസങ്ങളെയും ഹൃദയസ്പൃക്കായി വിവരിച്ചുകൊണ്ട് അവർ സംസാരിച്ചു.**

**അവരുടെ പ്രസംഗം കഴിയുന്നതിനു മുമ്പുതന്നെ സദസ്സാകെ ബില്ലിനനുകൂലമായി മാറിക്കഴിഞ്ഞുവെന്ന് ഇടക്കിടെ ഉണ്ടായ കരഘോഷങ്ങൾ വ്യക്തമാക്കി. പിന്നെ ബില്ലിനെതിരായി ഒരു ശബ്ദം അവിടെ പൊന്തിയില്ല. യാതൊരു ഭേദഗതിയുമില്ലാതെ ബിൽ നിയമസഭയിൽ പാസ്സായി!**

## പുരുഷന്മാർക്കൊപ്പം സ്ത്രീകളും അദ്ധ്വാനിക്കണം

'സ്ത്രീത്വം' എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി പാർവ്വതി നെന്മിനിമംഗലം എം.എൽ.സി. ചെയ്ത പ്രസംഗത്തിന്റെ സംക്ഷിപ്തരൂപം ഇതായിരുന്നു–

''മഹാകവികൾക്ക് വർണ്ണിക്കുവാൻ ഉണ്ടാക്കിവെച്ച ഒരേർപ്പാട്. പുരുഷന്മാർക്ക് കൺകുളിർപ്പിക്കാൻ ഉണ്ടാക്കിത്തീർത്ത ഒരാകൃതി. വെറും കൃത്രിമം. സ്ത്രീത്വം എന്നാൽ അസ്വാതന്ത്ര്യത്തെ ആത്മാഭിമാനത്തോടുകൂടി ആരാധിക്കുന്ന ഒരു സത്യം.

ഞാൻ ചോദിക്കുന്നു. നമ്മളിന്നഭിമാനിക്കുന്നില്ലേ, നാം അബലകളാണ്, അസ്വതന്ത്രകളാണ്, ആഡംബരഭ്രമമുള്ളവരാണ്, പുരുഷന്മാർ പണിയെടുക്കണം, പണം സമ്പാദിക്കണം, പണ്ടങ്ങൾ പണിചെയ്യിച്ചുതരണം, ധൂളിമെത്തയുണ്ടാക്കിത്തരണം, വില്ലീസുജാക്കറ്റു തുന്നിച്ചുതരണം. നമ്മൾ അവയെല്ലാം അണിഞ്ഞ് അനങ്ങാതെ ധൂളിമെത്തയിൽ അങ്ങനെ കഴിയണം എന്നെല്ലാം. അതാണ് പുരുഷനിഷ്ടം, സ്ത്രീക്കഭിമാനം! ഒരു സ്ത്രീ വയലിൽ ഇറങ്ങി പണിയെടുത്താൽ അവൾ ചെറ്റയായി. ഒരു സ്ത്രീ വില്ലീസ് ജാക്കറ്റ് ധരിച്ചിട്ടില്ല, ആഭരണങ്ങൾ കഴുത്തുനിറയെ അണിഞ്ഞിട്ടില്ല, കസവുള്ള സാരി ഉടുത്തിട്ടില്ല എങ്കിൽ അവൾ പോരാത്തവളായി!! പിന്നെ എവിടെയാണ് നമുക്ക് സ്വാതന്ത്ര്യം.

നാം സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്ന് ഉച്ചത്തിൽ പറയുന്ന നാവുകൊണ്ടുതന്നെ ഭർത്താവിന്റെയടുക്കൽ കസവുസാരിക്കും സ്വർണാഭരണങ്ങൾക്കും അസ്വാതന്ത്ര്യത്തിനും അലട്ടുന്നു! പുരുഷന്മാരെ വശീകരിക്കാൻ വേണ്ടി മാത്രമല്ലയോ നാം ഇന്ന് ഇത്തരം വസ്ത്രധാരണം ചെയ്യുന്നതും ആഭരണങ്ങൾ അണിയുന്നതും. ദൈവം സൃഷ്ടിച്ചപ്പോൾ തന്നെ വേർതിരിച്ചിട്ടുണ്ട് സ്ത്രീയെന്നും പുരുഷനെന്നും. പിന്നെ എന്തിനു കൃത്രിമങ്ങളെക്കൊണ്ട് വീണ്ടും വേർതിരിക്കുന്നു? പരസ്പരം വഞ്ചിക്കുവാൻ മാത്രം.

നാം തലമുടി വളർത്തുന്നതിന്റെ ആവശ്യമെന്താണ്? വേറിടുക്കുവാനും ചീന്തിമിനുക്കുവാനുമായി ദിവസത്തിൽ മൂന്നു മണിക്കൂർ ദുർവ്യയം ചെയ്യാൻ മാത്രം. പന്തം ചുറ്റുന്നപോലെ ഇത്രയധികം തുണികൾ വെച്ചുകെട്ടുന്നതെന്തിന്? ദേഹം ഛാദനത്തിനല്ല. ബ്ലൗസിന് ഒരിഞ്ചിലധികം കയ്യിറക്കമരുത്. കഴുത്തിന് വിസ്താരം കുറയരുത്. എണ്ണത്തിന് രണ്ടോ മൂന്നോ ധരിക്കുന്നെങ്കിൽ കൂടി ദേഹം പകുതിയേ മറയാവൂ എന്നതിന്. അതാണത്രേ ഉത്തമമായ വസ്ത്രധാരണം!

കഴുത്തുനിറയെ സ്വർണാഭരണങ്ങൾ അണിയുന്നത് പണത്തിന്റെ പലിശമുടക്കുവാനും ആഭരണവ്യാപാരികൾക്ക് പണം സമ്പാദിക്കുവാനും കാതുകുത്തുന്നതും മൂക്കുകുത്തുന്നും രത്നഖചിതങ്ങളായ ആണികൾ ഇട്ടടയ്ക്കുവാൻ വേണ്ടി മാത്രം. ഇങ്ങനെ നോക്കിയാൽ ആഭാസങ്ങളും അനുയോജ്യങ്ങളുമല്ലാത്ത എന്തെല്ലാം കൃത്രിമങ്ങളിലാണ് നാം അഭിമാനത്തോടുകൂടി അടിമപ്പെട്ടിരിക്കുന്നത്. ഇവയെല്ലാം നശിപ്പിച്ചല്ലാതെ നമുക്ക് സ്വാതന്ത്ര്യമെവിടെ?

ഇത്തരം കൃത്രിമസമ്പ്രദായം പുരുഷന്മാർ നിയമമാക്കിത്തീർത്തതോ സ്ത്രീകൾ സ്വബുദ്ധികൊണ്ട് കണ്ടുപിടിച്ചതോ ഏതായിരുന്നാലും ഇതു പുരുഷന്മാരെ വശീകരിക്കുവാനല്ലാതെ മറ്റു യാതൊന്നിനും ഉപകരിക്കുന്നില്ല. നമുക്ക് പുരുഷന്മാരെ വശീകരിക്കേണ്ട ആവശ്യമില്ല. അതു നിന്ദ്യവും ആഭാസവുമാണ്. ഒരു സ്ത്രീ തന്റെ ഭർത്താവിനെ മാത്രം വശീകരിക്കണം. അതു കൃത്രിമ വേഷം കൊണ്ടല്ല. കൃത്രിമ വേഷംകൊണ്ട് മാത്രം വശീകൃതനായ പുരുഷനെ ഭർത്താവായി സ്വീകരിച്ചാൽ നാം വ്യസനിക്കേണ്ടിവരും. തീർച്ചയായും നമുക്കുറയ്ക്കാം നമ്മുടെ വേഷഭൂഷണങ്ങളിൽ അഴുക്കു തട്ടിയാൽ അയാൾ പിന്തിരിയുമെന്ന്. നിഷ്കളങ്കമായ സ്നേഹം– പ്രേമം കൊണ്ട് മാത്രമേ വശീകരിക്കേണ്ടതുള്ളൂ. ആ പരിശുദ്ധമായ പ്രേമം ഏതൊരു സ്ത്രീക്കും സ്വാധീനമുണ്ട്, അതൊന്നേ ഭർത്താവിനെ വശീകരിക്കാൻ ആവശ്യവുമുള്ളൂ.

ഞാൻ പറയുകയാണെങ്കിൽ, നാം അബലകളാവുക എന്ന സമ്പ്രദായം വലിച്ചെറിഞ്ഞെങ്കിൽ മാത്രമേ സ്വതന്ത്രകളാവൂ. നമ്മുടെ ഈ വേഷഭൂഷണങ്ങൾ തീരെ മാറ്റണം; ആച്ഛാദനം അത്യാവശ്യമാണ്. അത് ആഡംബരത്തിനാവരുത്. സ്ത്രീക്കും പുരുഷനും വസ്ത്രധാരണത്തിൽ വ്യത്യാസം ആവശ്യമേയില്ല.

വിദ്യാഭ്യാസം ഒഴിച്ചുകൂടാത്തതാണ്, സ്കൂളിൽ തന്നെ പഠിക്കണമെന്ന് നിർബന്ധമില്ല; ഗൃഹപരിപാലനം, ബാലപരിചരണം ഇതുകൾ സ്ത്രീകൾ പ്രത്യേകം അഭ്യസിച്ചിരിക്കേണ്ടതാണ്. പ്രവർത്തിയെടുക്കുന്നത് അപമാനമല്ല, അഭിമാനമാണ്. അവനവന് ഉപജീവനത്തിനുള്ള പണം അവനവൻ തന്നെ സമ്പാദിക്കുന്നതാണ് ഏതൊരു സ്ത്രീക്കും പുരുഷനും അഭിമാനം. ശരിയായി പുരുഷന്മാരോടൊപ്പം പ്രവർത്തിയെടുക്കണമെങ്കിൽ, അദ്ധ്വാനിച്ചെങ്കിൽ മാത്രമേ, സ്ത്രീകൾക്ക് യഥാർത്ഥമായ സ്വാതന്ത്ര്യവും സ്ത്രീത്വവും ഉണ്ടാവുകയുള്ളൂ.''

**അവലംബം: സ്ത്രീമാസിക 1108 എടവം 1933**

# ബ്രാഹ്മണമയം സർവം


Brahmin Welfare Corp.,
https://www.andhrabrahmin.ap.gov.in/ ▾
The following schemes of **AP Brahmin Welfare Corporation** are currently open for registration: All donation schemes (Sri Krishna – Sudama, Akshaya Brahmana ...

AP Brahmin Welfare Corporation
Schemes - Bharati Scheme - Know your status - Kashyapa Scheme

Know your status
Know your status ... can get the individual status of his / her ...

Schemes
ABC Schemes (2016-17). HOME; ABC Schemes. Gayathrifor ...

Notifications
Notifications. HOME; Notifications. S.No, Dates, Subject ...

Bharati Scheme
Bharati Scheme: Registration Bharati ... Know your status ...

Kashyapa for Food and Shelter
Kashyapa Scheme for Food & Shelter ... for meeting their ...

More results from ap.gov.in »

*ആന്ധ്രപ്രദേശ് ബ്രാഹ്മിൻ വെൽഫെയർ കോർപറേഷന്റെ  വെബ് സൈറ്റ്*

## സ്വന്തം ലേഖകൻ

**ബ്രാ**ഹ്മണർക്ക് മാത്രമായി ഒരു കോർപറേഷൻ!

അതും സർക്കാറിന്റെ വക.

അതിന് പത്തറുപത് കോടി രൂപ സർക്കാറിന്റെ വക ദക്ഷിണയും.

അത് നല്ല പോലെ നോക്കി നടത്താൻ ഐ.എ.എസുകാരനായ ഒരു ബ്രാഹ്മണനും. സ്വപ്നമല്ല. ഇന്ത്യയിലെത്തന്നെ ഒരു സംസ്ഥാനത്താണ് ഇത്. ആന്ധ്രയിൽ.

എ.ബി.സി എന്ന് ചുരുക്കപ്പേര്. ആന്ധ്രപ്രദേശ് ബ്രാഹ്മിൻ വെൽഫെയർ കോർപറേഷൻ.

കേട്ടിട്ട് വിശ്വാസം വരുന്നില്ലെങ്കിൽ കുറച്ചു കൂടി പറയാം.

ശ്രീകൃഷ്ണ സുദാമാ അക്ഷയക്ഷേമനിധി!

പഠനമികവിന് ഗായത്രി സഹായ പദ്ധതി!!

വീട് വയ്ക്കാൻ കാശ്യപ ഭവന പദ്ധതി!!!

വസിഷ്ഠ തൊഴിൽദാന പദ്ധതി!!!!

ചാണക്യ സ്വയം ഉപാധി പദ്ധതി!!!!!

ബ്രാഹ്മണന്മാർക്ക് വേണ്ടി സർക്കാരിനാൽ (ബ്രാഹ്മണന്മാരാലല്ല) നടത്തുന്ന ബ്രാഹ്മണന്മാരുടെ പദ്ധതികൾ . സർവം ബ്രഹ്മമയം!വൈ. ആർ.കൃഷ്ണറാവുവെന്ന ബ്രാഹ്മണനാണ് കോർപറേഷൻ ചെയർമാൻ. അവിടത്തെ മുൻ ചീഫ് സെക്രട്ടറി.

അമ്പട ചന്ദ്രബാബൂ. നിങ്ങൾ നായിഡുവല്ല, നായകനാണ്. നായിഡുലു! ബ്രാഹ്മണരെ ഇത്രകണ്ട് തൊട്ടറിഞ്ഞ് പദ്ധതികൾ ഉണ്ടാക്കിയ മറ്റൊരു മുഖ്യമന്ത്രി ഉണ്ടാവില്ല. കേരളത്തിലെ ബ്രാഹ്മണർക്ക് സ്വപ്നം കാണാൻ പോലും പറ്റാത്തതാണ് ഇതെല്ലാം.

ഇവിടെയാണെങ്കിൽ ഇതിന്റെ ആയിരത്തിലൊന്നു പോലും നടക്കില്ല. പേരിനെങ്കിലും ഇവിടെയൊന്നുള്ളത് സമുന്നതിയാണ്. അത് പക്ഷേ, ബ്രാഹ്മണർക്ക് മാത്രമുള്ള ഒന്നല്ല. മുന്നോക്കജാതിക്കാർക്കൊക്കെ കൂടിയുള്ളതാണ്. അതിലാണെങ്കിൽ മരുന്നിനെങ്കിലും ഒരു നമ്പൂതിരിയുണ്ടോ? സമുന്നതിയുടെ പോലും തലപ്പത്തുള്ളത് മറ്റു മതക്കാരാണ്. ഇവിടെ ഇതുപോലുള്ള കോർപറേഷൻ പോലും 'മതേതരത്വം' നടപ്പാക്കാനുള്ള ആപ്പീസാണ്.

ഈ സാഹചര്യത്തിൽ വേണം നായിഡുവിന്റെ പദ്ധതികൾ കാണേണ്ടത്.

ഗായത്രി, കാശ്യപ, വസിഷ്ഠ, ചാണക്യ എന്നൊക്കെ പേരിട്ട് ബ്രാഹ്മണരെ വെറുതെയങ്ങ് സുഖിപ്പിക്കുകയല്ല നായിഡു ചെയ്യുന്നത്. സാമാന്യം നല്ല ഫണ്ടും എ.ബി.സിക്കായി നീക്കി വച്ചിട്ടുണ്ട്. 2015–16 ൽ 35 കോടിയായിരുന്നെങ്കിൽ 2016–17 ൽ 65 കോടി രൂപയുണ്ട്.

**മൂന്ന് ലക്ഷത്തിൽ താഴെ വാർഷികവരുമാനമുള്ള ഒരാളുടെ കുട്ടിയ്ക്ക് ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ 5000 രൂപ വാർഷിക സ്കോളർഷിപ്പ് കിട്ടും! ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ 10000 രൂപയുടെ വാർഷിക സ്കോളർഷിപ്പും!!**

പാവപ്പെട്ട ബ്രാഹ്മണരെ സാമ്പത്തികമായി സഹായിക്കാനുള്ള പദ്ധതിയ്ക്ക് ശ്രീകൃഷ്ണ സുദാമാ അക്ഷയക്ഷേമനിധിയെന്ന് പേരിടാൻ തക്ക ഔചിത്യവും ആന്ധ്രയിലെ ഭരണാധികാരികൾക്കുണ്ട്.

തീർന്നില്ല, എ.ബി.സിയുടെ വിശേഷങ്ങൾ.

അവരുടെ വെബ് സൈറ്റ് നോക്കൂ.


യോഗക്ഷേമസഭയുടെ കലണ്ടർ പോലെ സാക്ഷാൽ ശങ്കരാചാര്യർ. അദ്ദേഹമാണ് പ്രൊഫൈൽ പിക്ചർ!

അവരുടെ മോട്ടോ കേൾക്കണോ?

മന്ത്രത്തിന് ഛന്ദസ്സ് എന്ന പോലെ മൂർദ്ധാവിൽ തൊടുന്ന ഒരു മുദ്രാവാക്യം .

ഗുരുരഗ്നിർ ദ്വിജാതീനാം!!

അഗ്നിയാണ് ബ്രാഹ്മണർക്ക് ഗുരുവെന്ന്. ഇമ്മാതിരി നാലക്ഷരം സംസ്കൃതം ഏതിന്റെയെങ്കിലും മോട്ടോ ആയി എംബ്ലത്തിനു




*ബ്രാഹ്മണന്റെ ഭൂമി സംരക്ഷിക്കാനുള്ള ലാൻഡ് പ്രൊട്ടക്ഷൻ സെൽ*

ചുറ്റും എഴുതിവയ്ക്കാൻ കേരളത്തിൽ ഒരു ഭരണാധികാരികൾക്കും ധൈര്യം കാണില്ല. മനുസ്മൃതിയെന്നൊക്കെയാവും ആക്ഷേപം. ഇവിടെ അഗ്നി പോയിട്ട് ഒരു നിലവിളക്ക് കൊളുത്താനുള്ള ധൈര്യം ഒരാൾക്കുമില്ല.

പക്ഷേ, എല്ലാ സംസ്ഥാനവും ഇങ്ങനെയല്ല.

വിദ്യാർത്ഥികൾ, ചെറുപ്പക്കാർ. തൊഴിൽരഹിതർ, അശരണർ, വൃദ്ധർ, ഗർഭിണികൾ, സ്ത്രീകൾ തുടങ്ങി വിവിധ വിഭാഗത്തിൽപ്പെടുന്ന ബ്രാഹ്മണർക്ക് പ്രത്യേകം പ്രത്യേകം പദ്ധതികളുണ്ട് ആന്ധ്രയിൽ.

വയസ്സുകാലത്ത് ഒറ്റപ്പെട്ടു പോവുന്ന ബ്രാഹ്മണർക്ക് കാശ്യപ പദ്ധതി പ്രകാരം മാസം 3000 രൂപ സഹായം. തൊഴിൽ പരിശീലനത്തിന് ദ്രോണാചാര്യ പദ്ധതി. സ്വയം തൊഴിൽ കണ്ടെത്താൻ ചാണക്യ പദ്ധതി, ബ്രാഹ്മണ ഭൂമി സംരക്ഷണത്തിന് ഭാർഗ്ഗവ ഭൂപദ്ധതി. എന്തിന്! പ്രസവിക്കാൻ പോലും ഫണ്ടും പദ്ധതിയും. ചുരുക്കത്തിൽ സർവാംഗബ്രാഹ്മണമയമാണ് ആന്ധ്രയിലെ എ.ബി.സി.

അക്ഷയബ്രഹ്മനിധി!

പേരുപോലെ തന്നെ ബ്രഹ്മമയം. ബ്രാഹ്മണരെ സഹായിക്കാനുള്ള ഒരു നിധി.

ബ്രാഹ്മണസഹായാർത്ഥം ദാനം ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് ഇതിലേക്ക് ദാനം ചെയ്യാം. 5 ലക്ഷമോ അതിൽ കൂടുതലോ തുക സംഭാവന ചെയ്യാം. സർക്കാർ ഫണ്ടിന് പുറമെ പണം കണ്ടെത്താനാണ് ഇത്. അത് എൻഡോവ്മെന്റ് ഫണ്ടായി കിടക്കും.പലിശ പ്രയോജനപ്പെടുത്തി പാവപ്പെട്ടവർക്ക് പദ്ധതികൾ നടപ്പാക്കും.

വെറുതെ കാശ് കൊടുത്ത് വിടുക മാത്രമല്ല കോർപറേഷൻ ചെയ്യുന്നത്. മോട്ടിവേഷൻ ലക്ചർ ക്ളാസുകൾ, ഓറിയന്റേഷൻ. ട്രെയിനിംഗ്, എ.ബി.സി. ഇ ലൈറ്റ് പ്രോഗ്രാം, അങ്ങനെ വേറെയും പല പല കാര്യങ്ങൾ.

ബ്രാഹ്മണന്റെ ഭൂമി മറ്റുള്ളവർ കയ്യേറുന്ന പ്രവണത എല്ലായിടത്തുമുണ്ട്.അങ്ങനെ ഭൂമി കയ്യേറുകയോ അന്യാധീനപ്പെടുകയോ ചെയ്താൽ തിരിച്ച് പിടിച്ച് ബ്രാഹ്മണനെ ഏല്പിക്കാനും ബോർഡിന് സംവിധാനമുണ്ട്. അതാണ് ലാൻഡ് പ്രൊട്ടക്ഷൻ സെൽ.

കേരളത്തിലെ നമ്പൂരാർ ലാൻഡ് ട്രിബ്യൂണലിൽ കയറിയിറങ്ങി 12 രൂപ 45 പൈസ നിലവാരത്തിൽ നഷ്ടപരിഹാരം കൈപ്പറ്റി ജന്മം തീരാധാരത്തിന് ഭൂമി എഴുതിക്കൊടുക്കേണ്ടി വരുമ്പോഴാണ് 'മധുരമനോഹര മനോജ്ഞ ആന്ധ്ര'യിൽ (ആയ കാലത്ത് ചൈനയെക്കുറിച്ച് കമ്മ്യൂണിസ്റ്റുകാർ പാടിപ്പുകഴ്ത്തിയ സൂക്തം) ഇമ്മാതിരി നല്ല ഉശിരുള്ള കാര്യങ്ങൾ നടക്കുന്നത്. റാവു ആവാനും നായിഡുവിന്റെ പേരിൽ നാമാർച്ചന നടത്താനും തോന്നിപ്പോവുന്ന അവസ്ഥ.

അവിടെയും തീർന്നില്ല കാര്യങ്ങൾ.

അരുന്ധതി പദ്ധതി. പാവപ്പെട്ട ബ്രാഹ്മണ സ്ത്രീകൾക്കായി പ്രത്യേക പാക്കേജ്. നടപ്പാക്കുന്നത് ആന്ധ്രപ്രദേശ് ബ്രാഹ്മിൻ ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി. ഇതും സർക്കാറിന്റെ കീഴിലുള്ള ഒന്നാണ്. അല്ലാതെ ബ്രാഹ്മണർ പിരിവിട്ട് തട്ടിക്കൂട്ടിയ സൊസൈറ്റിയല്ല. ഫണ്ട് നൽകുന്നത് സർക്കാരാണ്. സർക്കാർ നൽകിയ 20 കോടി പ്രാരംഭമൂലധനവുമായാണ് 2015 ൽ സൊസൈറ്റി തുടങ്ങിയത്.

അവസാനമായി ഒന്നു കൂടി.


ബ്രാഹ്മണൻ എന്നാൽ ആരെന്നു കൂടി പറയുന്നു ആന്ധ്രയുടെ വെബ് സൈറ്റ്.

BRAHMIN Stands for:
Big Thinking

Resource Leveraging
Attitude (+ve)
Hard Work
Modesty
Integrtiy… and
Neo Thinking. ചന്ദ്രബാബു നായിഡുവിനെപ്പോലെയുള്ള ഒരു മുഖ്യമന്ത്രിക്കു മാത്രമേ ഇങ്ങനെയെല്ലാം ചെയ്യാനാവൂ.

ഇനിയും വല്ല നമ്പൂരിശ്ശങ്കയും ശേഷിക്കുന്നുണ്ടെങ്കിൽ ഇതിൽ ക്ളിക്കിയാൽ മതി. വിവരമറിയാം. ഇതാണ് സൈറ്റിന്റെ ലിങ്ക്.

https://www.andhrabrahmin.ap.gov.in
e-mail id: apbrahmin@gmail.com




*ആന്ധ്രപ്രദേശ് ബ്രാഹ്മിൻ വെൽഫെയർ കോർപറേഷന്റെ വെബ് സൈറ്റിലെ മുഖച്ചിത്രത്തിൽ ശങ്കരാചാര്യർ*

Toll Free Number: 1800 102 3579
Appointment with Chairman : +91 7416219848
For Technical issues, please write to brahmin.technicalteam@hotmail.com
For Grievances related, please write to apbrahmin@gmail.com ●



# ഭൂസുരർക്ക് അസുരവാദ്യവും വഴങ്ങും

കഥകളിഭ്രമം, മേളകമ്പം തുടങ്ങിയവ നമ്പൂതിരിമാരുടെ രക്തത്തിൽ പണ്ടേ അലിഞ്ഞു ചേർന്നതാണ്... ഇന്നും ഒരുപാടു പേർ ആ ഭ്രമങ്ങൾ നിലനിർത്തുന്നു...

അല്പം മേളഭ്രമം രാമല്ലൂരിലെ നമ്പൂതിരിമാർക്കും ഉണ്ട്. ആ ഭ്രമം അവിടെ ഒരു മേള സംഘം രൂപികരിക്കാൻ നിമിത്തമായി. ഒൻപത് വയസ്സു മുതൽ 56 വയസ്സുവരെ ഉള്ളവർ ഒന്നിച്ച് ചെണ്ടമേളത്തിന് അരങ്ങേറ്റം കുറിച്ചു.. ചേളന്നൂർ മഹാശിവക്ഷേത്രത്തിൽ വച്ച്...

ഈ മേളത്തിന് പ്രത്യേകതകൾ ഏറെ.. ഏറ്റവും ഇളയ കലാകാരൻ നാലാം ക്ലാസുകാരൻ ശ്രീമംഗലത്ത് ശ്രീഹരിയും ഏറ്റവും മുതിർന്ന കലാകാരൻ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വിരമിക്കുന്ന ചേക്രക്കൽ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുമാണ്.. ഇവരുടെ പ്രായത്തിലുള്ള അന്തരം മേളത്തിന്റെ മാറ്റ് കുറച്ചില്ല...

ഗുരുനാഥനായ കലാമണ്ഡലം ശിവദാസമാരാരുടെ കീഴിൽ കലാകാരൻമാരുടെ പതിനാലുമാസത്തെ കഠിനാധ്വാനത്തിന് ഫലം കാണുകയായിരുന്നു രണ്ടായിരത്തി പതിനേഴ് ജനുവരി രണ്ടാം തിയ്യതിയിലെ സന്ധ്യയിൽ..

ശ്രീഹരിക്കും ഉണ്ണി കൃഷ്ണൻ നമ്പൂതിരിക്കുമിടയിൽ തെഞ്ചേരി ശ്രീഹരി, മുഡുവമ്പ്രം അഭയ് വാസുദേവ്, ഗോപീകൃഷ്ണൻ ചെമ്പാഴി , കരിപ്പം അർജ്ജുൻ, തെഞ്ചേരി ഹരിനാരായണൻ നമ്പൂതിരി , മുഡുവമ്പ്രം ശ്രീകുമാർ നമ്പൂതിരി, ശ്രീമംഗലത്തില്ലം കേശവൻ നമ്പി, ചേക്രക്കൽ വേണു നമ്പൂതിരി, തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവരടങ്ങിയ പതിനൊന്ന് പേരാണ് അരങ്ങേറ്റത്തിനുണ്ടായത്....

ഈ കലാകാരൻമാരിൽ മൂന്ന് അച്ഛൻമാരും അവരുടെ മക്കളും ഒന്നിച്ചാണ് അരങ്ങേറിയത് എന്നത് ഈ മേളത്തിന്റെ മറ്റൊരു പ്രത്യേകത...

തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ മകനാണ് തെഞ്ചേരി ശ്രീഹരി, ശ്രീമംഗലത്തില്ലം കേശവൻ നമ്പിയുടെ മകനാണ് ശ്രീമംഗലം ശ്രീഹരി, മുഡുവമ്പ്രം ശ്രീകുമാരൻ നമ്പൂതിരിയുടെ മകനാണ് മുഡുവമ്പ്രം അഭയ് വാസുദേവ്...

അച്ഛൻമാരും മക്കളും മത്സരബുദ്ധിയോടെ തന്നെ മേളത്തിൽ പരിശീലനം നടത്തി...

ചേക്രക്കൽ ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ചേക്രക്കൽ വേണു നമ്പൂതിരിയും സഹോദരങ്ങളാണ് എന്നത് മറ്റൊരു പ്രത്യേകത...

കുട്ടികൾക്കും ചെറുപ്പക്കാർക്കും ഒപ്പം തങ്ങൾക്ക് കൈവഴക്കം കിട്ടുമോ എന്ന് മുതിർന്നവർ സംശയിച്ചില്ല... വർഷങ്ങളായിട്ടുള്ള അവരുടെ ആഗ്രഹപൂർത്തീകരണത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു അവർ...

കുട്ടികൾ സ്ക്കൂളിലും മുതിർന്നവർ ജോലിക്കും പോയി വന്നശേഷം രാത്രി സമയങ്ങളിലും ഒഴിവു ദിവസങ്ങളിലുമാണ് ഇവർ പരിശീലനത്തിന് സമയം കണ്ടെത്തിയത്..

''അരങ്ങേറ്റമാകുമ്പോഴേക്ക് ഞങ്ങൾക്ക് ഏതാണ്ട് 90 ക്ലാസുകളെങ്കിലും കിട്ടേണ്ടതായിരുന്നു.. പക്ഷേ 68 ക്ലാസുകളാണ് കിട്ടിയത് ... എങ്കിലും മേളം ഞങ്ങൾ നന്നായി ചെയ്യാൻ ശ്രമിച്ചു..'' പരിശീലനത്തിന് സമയ കുറവ് ഉണ്ടായി എന്ന വിഷമം ഉണ്ടെങ്കിലും നന്നായി ചെയ്യാൻ പറ്റിയതിലുള്ള സന്തോഷം തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ വാക്കുകളിൽ ഉണ്ടായിരുന്നു..

അരങ്ങേറ്റ ദിവസം കലാകാരൻമാർ രാമല്ലൂർ ശ്രീരാമ സ്വാമിയുടെ അനുഗ്രഹത്തിനായി അവിൽ നിവേദിക്കുകയും കൂട്ടപ്രാർത്ഥന നടത്തുകയും ചെയ്തു.. ചേളന്നൂരപ്പന്റെ അനുഗ്രഹത്തിന് ഗണപതിഹോമം, ത്രികാലപൂജ, വൈകുന്നേരം ചുറ്റുവിളക്ക് എന്നിവ നടത്തി...

രാമല്ലൂരിലെ മറ്റൊരു ബ്രാഹ്മണകൂട്ടായ്മയായ സമന്വയിലെ അംഗങ്ങളാണ് ഈ കലാകാരൻമാർ എല്ലാവരും... യോഗക്ഷേമസഭയക്കു പുറമേ 'സമന്വയ' എന്ന ഈ കൂട്ടായ്മയും രാമല്ലൂരിൽ നന്നായി പ്രവർത്തിക്കുന്നു എന്നതിന്



തെളിവാണ് ഈ അരങ്ങേറ്റം...

അരങ്ങേറ്റത്തിനു മുൻപ് കലാകാരൻമാരെല്ലാവരും ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ മേൽപ്പള്ളി ഉണ്ണികൃഷ്ണൻ അടിതിരിപ്പാട്, ചാത്തനാട്ട് മഹേന്ദ്രൻ നമ്പൂതിരിപ്പാട്, ഇരു ക്ഷേത്രത്തിലേയും മേൽശാന്തിമാർ എന്നിവർക്ക് ദക്ഷിണ നൽകി നമസ്ക്കരിച്ചു..

കോടിയും ദക്ഷിണയും നൽകി ഗുരുനാഥൻ കലാമണ്ഡലം ശിവദാസമാരാരുടെ അനുഗ്രഹം വാങ്ങി അദ്ദേഹത്തിൽ നിന്ന് ചെണ്ടക്കോൽ സ്വീകരിച്ചു... ഈ സമയത്ത് തെഞ്ചേരി കൃഷ്ണൻ നമ്പൂതിരി ചൊല്ലിയ 'ശിവപൂജ' എന്ന് തുടങ്ങിയ പ്രാർത്ഥന ശ്രദ്ധേയമായി..

കുട്ടികളായ ശ്രീഹരി തെഞ്ചേരി, ഗോപീകൃഷ്ണൻ അഴിഞ്ഞിലത്ത് ചെമ്പാഴി, ശ്രീഹരി ശ്രീമംഗലത്തില്ലം എന്നിവരുടെ തായമ്പകയാണ് ആദ്യം അരങ്ങേറിയത്.. ഒരു മണിക്കൂറിലേറെ നീണ്ട തായമ്പക ഏറെ മികച്ചതും, കൗതുകപരവും, ശ്രദ്ധേയവുമായി..



*ശിവദാസമാരാരെ രാമല്ലൂർ ഉപസഭാ പ്രസിഡന്റ് തെഞ്ചേരി ശ്രീധരൻ നമ്പൂതിരി പൊന്നാട ചാർത്തുന്നു*

നിറഞ്ഞ സദസ്സും സമന്വയ കുടുംബാംഗങ്ങളും കുട്ടികളായ കലാകാരൻമാർക്ക് പ്രോത്സാഹനം നൽകി ...

''കുട്ടികളുടെ കഴിവിന്റെ പരമാവധി അവർ ചെയ്തിട്ടുണ്ട്.'' ശിവദാസമാരാരുടെ വാക്കുകളിൽ അഭിമാനവും സന്തോഷവും...

പിന്നീടായിരുന്നു മേളം അരങ്ങേറ്റം... ഗുരുവിന്റെ പ്രമാണത്തിൽ പതിനൊന്ന് കലാകാരൻമാർ അദ്ദേഹത്തിന് ഇരുവശവുമായി നിന്നു... കുഴൽ വിളിയോടെ ചെണ്ടപ്പുറത്ത് കോൽ വീണ് നാദവിസ്മയത്തിന് തുടക്കമായി.. പഞ്ചാരിമേളത്തിലെ മൂന്നാം കാലത്തിൽ മേളം കൊട്ടി തുടങ്ങി.

നാലാം കാലത്തിലേക്ക് കയറി അഞ്ചാം കാലവും കൊട്ടി മേളം കാണികൾക്ക് ആവേശമായി... കൊമ്പും കുഴലും ഇലത്താളവുമെല്ലാം അരങ്ങേറ്റത്തിന്റെ മാറ്റ് കൂട്ടി.. ചേളന്നൂരപ്പന്റെ തിരുമുൻപിൽ നിറഞ്ഞ സദസ്സിനെ കലാകാരന്മാർ തൃപ്തിപ്പെടുത്തി... താളം മുറുകി മേളത്തിന്റെ അവസാനത്തിൽ എത്തിയപ്പോൾ കാണികൾ കയ്യടിയോടെ കലാകാരൻമാർക്ക് അഭിനന്ദനവർഷം ചൊരിഞ്ഞു..

പഞ്ചാരിക്കു ശേഷം പാണ്ടിമേളത്തിന്റെ പരിശീലനം തുടങ്ങി കഴിഞ്ഞു ഉത്സാഹികളായ ഈ നമ്പൂതിരിമാർ..

പുതിയ വേദികൾ മേളത്തിനായി ഈ കലാകാരൻമാരെ കാത്തിരിക്കുകയാണ്... ●

# തുടിപ്പുകൾ



**വിജയാ രാജീവൻ**

**ജ**ലമർമ്മരങ്ങൾതൻ ശ്രുതിയേറ്റുപാടുന്ന
ഹരിതാഭമാമെന്റെ മലയാളമേ
അടരുവാനാവാതെ നിൽക്കുന്നു ഞാൻ
രമണീയമാകുമീ ഹരിതഭൂവിൽ

ചൊല്ലിപ്പതിഞ്ഞൊരു പാട്ടുപോലെ
ചിരിതൂകി നിന്നിടും പൂവുകളിൽ
തുള്ളിക്കളിച്ചെന്റെ അങ്കണത്തിൽ
കരിവണ്ടുമൂളിപ്പറന്നിടുന്നു

മുക്കുറ്റിപ്പൂക്കളം തീർത്തോരുഷസ്സിന്റെ
നിർമ്മാല്യദർശനം കാണുവാനായ്
പീലിക്കൈ നീട്ടിയെൻ ചേലാഞ്ചലം തൊടും
വീണ്ടുമീ പുത്തനാം സൂര്യോദയം

വയലേല മൊഴിയുന്ന മന്ത്രണം കേൾക്കവേ
ഒരു നവസൂനം വിരിഞ്ഞിടുമ്പോൾ
കൊതിയോടെയാശകൾ പെരുകുന്നിതെന്നിലും
പിന്നിട്ടൊരാ ബാല്യ കുതുകമോടെ



# അനുമോദനം




**ഉണ്ണിമായ പുല്ലങ്കോട്ടില്ലം**
D/o മുരളീധരൻ & അജിത, പുല്ലങ്കോട്ടില്ലം
സംസ്ഥാന കലോത്സവത്തിൽ മോണോ ആക്ടിൽ ഒന്നാംസ്ഥാനവും നങ്ങ്യാർക്കൂത്തിൽ എ ഗ്രേഡും കരസ്ഥമാക്കി.



**അനിരുദ്ധ് പരമേശ്വരൻ വി.**
S/o ഡോ. വി.പരമേശ്വരൻ, സുഖദം, വീട്ടിക്കാട്ട് ഇല്ലം, കണ്ണിപറമ്പ്.
സംസ്ഥാന കലോത്സവത്തിൽ ഹയർ സെക്കന്ററി വിഭാഗം ചാക്യാർകൂത്തിൽ എ ഗ്രേഡ് നേടി.



**ശ്രീജിത്ത് പി.ഇ.**
S/o പി.ഇ.വാസുദേവൻ നമ്പൂതിരി & പാർവ്വതി അന്തർജനം, പുറവണ്ണൂർ എടക്കാട്ടില്ലം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബോട്ടണിയിൽ പി.എച്ച്.ഡി. നേടി.



**ശ്രീഹരി എ.**
S/o ശശീന്ദ്രൻ നമ്പൂതിരി, ആയമഠത്തില്ലം, കൊയിലാണ്ടി. സംസ്ഥാന കലോത്സവത്തിൽ ഭരതനാട്യത്തിലും കുച്ചുപ്പുടിയിലും എ ഗ്രേഡ്



**ആർദ്ര നമ്പൂതിരി**
D/o വിഷ്ണു നമ്പൂതിരി, തിരുമംഗലം, സംസ്ഥാന കലോത്സവത്തിൽ ഒപ്പനയിലും ദേശഭക്തിഗാനത്തിലും എ ഗ്രേഡ്



**ദേവിക**
D/o പള്ളിക്കാപറമ്പ് മോഹന കൃഷ്ണൻ നമ്പൂതിരി & ദീപ്തി. വിദ്യാനികേതൻ സംസ്ഥാനതല ഭരതനാട്യത്തിൽ മൂന്നാം സ്ഥാനം.



**ശ്രുതി കൊടക്കാട്ടില്ലം**
സംസ്ഥാന കലോത്സവത്തിൽ അക്ഷരശ്ലോകത്തിൽ എ ഗ്രേഡ്.



**ഭദ്ര കെ.എം.പി.**
സംസ്ഥാന കലോത്സവത്തിൽ കഥകളി സംഗീതത്തിൽ എ ഗ്രേഡ് നേടി.

**എല്ലാ പ്രതിഭകൾക്കും 'സ്വസ്തി'യുടെ അഭിനന്ദനങ്ങൾ**



# ഉറങ്ങുമ്പോഴുറങ്ങാത്തത്

**ജ്യോതിനാരായണൻ**

**ഉ**റക്കം, മൗനത്തിന്റെ പടച്ചട്ടയണിഞ്ഞ്
മോക്ഷത്തിന്റെ വാതായനങ്ങൾ
തള്ളിത്തുറക്കുന്ന വരദാനം...
ജീർണ്ണബന്ധങ്ങളുടെ നിഴൽക്കൂത്തരങ്ങിലെ
വേദനസംഹാരി...
ഉറക്കം, വക്കുപൊട്ടിയ വിചാരശീലങ്ങൾ
വീണുമയങ്ങും താഴ്വാരം...
പ്രണയ വിരഹപാപങ്ങൾക്ക്
നീറിയൊടുങ്ങാനൊരു ഹോമകുണ്ഡം

ഉറക്കം സ്വപ്നങ്ങളുടെ
മഴപ്പാറ്റകളെ ഗർഭത്തിലൊളിപ്പിച്ച
മൺകൂനകൾ
കാട്ടുതീക്കനലുകൾക്കൊരു കുടം ജലം
പിന്നെ, ഒരു പകൽക്കാറ്റിനപ്പുറം
നുറുങ്ങുവെട്ടങ്ങളിടറുമിടവഴികളിൽ
ചതുപ്പിൽ, വേരുറയ്ക്കാതലറും
വിചാരങ്ങൾക്കൊരു നിമിഷ മരണം
കടുംനിറങ്ങളഹംബോധത്തിൽ നിന്നു-
രുകിയൊലിക്കുമൊരഗ്നി സ്നാനം
ഉറക്കം- നഷ്ടബോധങ്ങളുടെ ശ്മശാനം

ഉറക്കമുണരുന്ന രാത്രിക്ക്
നിലാവിന്റെ നിറം
ശവംനാറിപ്പൂവിന്റെ ഗന്ധം
ഫീനിക്സ് പക്ഷിയുടെ രൂപം
എങ്കിലുമുറക്കം
മുഖമില്ലാത്ത കൂട്ടുകാരൻ
കടംകൊണ്ട കണ്ണാടി

കിനാക്കാഴ്ചകൾ ചോർന്നൊലിക്കുന്ന
വക്കുപൊട്ടിയ നക്ഷത്രക്കിണ്ണം...
വലിയ മരണത്തിന്റെ
വികൃതിസന്താനങ്ങൾ
സമയനിഷ്ഠകളിൽ പുനർജ്ജനിക്കുന്ന
പൗരാണികസത്യം!

ഉറക്കത്തിൽ
നിനക്കുമെനിക്കു-
മവൾക്കുമവനുമൊരേ മുഖം!
ഉറക്കത്തിന്നടിയിലിഴയും
വഴിയിലൂടൊരു യാത്ര
കോർക്കാം കൈകൾ
സ്വപ്നാടനങ്ങളിൽ
വഴിപിരിയുംമുമ്പ്

മറക്കാം ഹൃദയനോവുകൾ
മറക്കാതെ കാക്കാം
രാത്രിമൗനം പോലൊരു
നിശ്ശബ്ദ സൗഹൃദം

ഇടറിയുണരുന്ന ബോധ
മൊരു ചതുപ്പിലിനിയും മുങ്ങി-
യൊടുങ്ങും മുമ്പുറങ്ങി
ഉണർവ്വിന്റെ അകംപൊരുൾ
തേടിയലയാം, ഒരുവേള,
വെയിലും മഴയുമുറങ്ങി
നാമുണരാതിരുന്നാലോ...?



# കൈയ്യെത്തും ദൂരത്ത്

**വി.ഡി. ശാംഭവിമൂസത്**

''രണ്ടാഴ്ച കൂടുമ്പോഴെങ്കിലും ഒന്നു വന്നൂടെ കുട്ടി നിനക്ക്. രണ്ടീസം ഒഴിവാണല്ലോ'' മുത്തശ്ശി ഇടക്കിടെ പറയും. കേൾക്കുമ്പോഴൊക്കെ രമ ചിരിച്ചുകൊണ്ട് മുത്തശ്ശിയോട് ചേർന്നിരിക്കും ''മുത്തശ്ശി പറയുന്നത് ശരിയാ. വരണമെന്ന് എനിക്കും മോഹമുണ്ട്. നേരിട്ട് ബസ് കുറവാണ്. തന്നെയല്ല അഞ്ചുമണിക്കു മുൻപ് ഓഫീസിൽ നിന്നിറങ്ങാനും പ്രയാസമുണ്ട്. അത്യാവശ്യമാണെങ്കിൽ അനുവാദം വാങ്ങാം. അത് എപ്പോഴും സാധിക്കില്ലല്ലോ.''

ജോലിയായിട്ട് രണ്ട് കൊല്ലമായി. വീട്ടിൽ ചില ആലോചനകളൊക്കെ നടക്കുന്നുണ്ടെന്നറിയാം. രമക്കെതിർപ്പില്ല. ഈയിടെയായി ഒരു കുടുംബത്തെക്കുറിച്ച് താനും സ്വപ്നം കാണാൻ തുടങ്ങിയിട്ടുണ്ട്. വീട്ടുകാരുടെ തെരഞ്ഞെടുപ്പിനെ രമ വിശ്വസിക്കുന്നു. തന്റെ അപക്വമായ മനസ്സിനേക്കാൾ അവരുടെ ലോകപരിചയത്തെ രമ മാനിക്കുന്നു.

ഒരു ദിവസം അച്ഛന്റെ ഫോൺ. ''ഈ ആഴ്ച കുട്ടി നിർബന്ധമായും വരണം'' എന്താണോ എന്തോ? മനസ്സ് തുടികൊട്ടാൻ തുടങ്ങി! കണ്ണന്റെ വിശദീകരണം വന്നു. വെള്ളിയാഴ്ച ചിലരൊക്കെ വീട്ടിൽ വരുന്നുണ്ടല്ലോ. അടുത്തു തന്നെ ചേച്ചിക്ക് നാടുവിടേണ്ടി വരും. ശേഷം സ്ക്രീനിൽ'' അവൻ ഫോൺ വച്ചു.

ഉച്ചയ്ക്കു ശേഷം ലീവെഴുതി കൊടുത്തു. മൂന്നരയ്ക്കുള്ള ബസ്സ് കിട്ടും. സ്റ്റോപ്പിലിറങ്ങി മുക്കാൽ മണിക്കൂറു നടക്കുകയും വേണം. എന്തായാലും സന്ധ്യക്കു മുൻപ് വീട്ടിലെത്താം.

കഷ്ടകാലത്തിന് നേരിട്ടുള്ള ബസ് അന്നില്ല. അടുത്ത ബസ് വന്നപ്പോഴേക്കും പൂരത്തിന്റെ തിരക്കും. എങ്ങനെയൊക്കെയോ കയറിപറ്റി. നിൽക്കാൻ തന്നെ സ്ഥലമില്ല. ഉന്തും തള്ളുമായുള്ള യാത്രയിൽ സ്വപ്നങ്ങളൊക്കെ മുറിഞ്ഞു. ''പള്ളിപ്പടി, പള്ളിപ്പടി''വേഗം ഇറങ്ങണം. അടുത്തുള്ളവരൊക്കെ ഇറങ്ങിക്കോളൂ. കിളിയുടെ ആജ്ഞ! കയറിയതിനേക്കാൾ പ്രയാസം ഇറങ്ങാൻ. ചുരിദാറിന്റെ ഷോളു പോയെന്ന് കരുതിയതാ. ഭാഗ്യത്തിന് കിട്ടി. ഇറങ്ങിയപ്പോഴാണപകടം മനസ്സിലായത്. നല്ല ഇരുട്ട്. ഉള്ളിൽ ഭീതി ഉടലെടുത്തു. അത് കണ്ണിലും മുഖത്തും പടർന്നു. നടക്കാൻ തുടങ്ങി. ലേശം കഴിഞ്ഞപ്പോൾ ഒരു തലേക്കെട്ടുകാരൻ ഒപ്പം കൂടി. ഭയം ഇരട്ടിച്ചു. ''എവിടെയ്ക്കാ? നെല്ലികാല'' മറുപടിയിൽ വിറയൽ കലർന്നിരുന്നു.

അപ്പോഴേയ്ക്ക് നാലഞ്ചു ചെറു

പ്പക്കാർ മുന്നിൽ വന്നു പെട്ടു.

ഏതാടാ ആ പെണ്ണ്? ഒന്നു മുട്ടി നോക്കിയാലോ അപരൻ. സപ്തനാഡികളും തളർന്നു. ധൈര്യം സംഭരിക്കാൻ ശ്രമിച്ചു. ''അർജ്ജുനാ, ഫൽഗുനാ'' പ്രാർത്ഥിക്കാൻ തുടങ്ങി. അർജ്ജുനപ്പത്തും ഓർമ്മ കിട്ടുന്നില്ല. തലേകെട്ടുകാരൻ തന്നോട് ചേർന്ന് നടക്കാൻ തുടങ്ങി. ഈ കാപാലികരിൽ ആരുടെ ദംഷ്ട്രകളാണ് തന്നിലാദ്യം പതിക്കുക. മുട്ടിടിച്ചിട്ട് നടക്കാനും കഴിയുന്നില്ല.

അതിനാളുണ്ടെടാ. തെമ്മാടിക്കൂട്ടങ്ങൾ പലവഴിക്ക് ചിതറിപ്പോയി. എന്താണുണ്ടായത്? ''നിൽക്കെടാ പട്ടീ''. പിന്നിൽ നിന്നൊരാക്രോശം. ഞെട്ടിപ്പോയി. വിറച്ചുകൊണ്ട് താൻ താഴെ വീണുപോകുകയാണേ എന്നു പോലും സംശയിച്ചു. ആരൊക്കെയോ പാഞ്ഞുവരുന്നു. തലേക്കെട്ടുകാരൻ തന്നെ പിടിച്ചു വലിച്ച് റോഡരികിലുള്ള മതിലിനോട് ചേർത്തു നിർത്തി. കഴിഞ്ഞു എല്ലാം കഴിഞ്ഞു. രമ വെറും ഓർമ്മയായി.

ഒരു നായ കിതച്ചുകൊണ്ടു തൊട്ടുതൊട്ടില്ല എന്ന മട്ടിൽ പാഞ്ഞുപോയി. പിന്നാലെ കമ്പും കല്ലുമായി കുറേ പേരും. ആവൂ അതായിരുന്നോ കാര്യം! ശ്വാസം നേരെ വീണു. കിട്ടിയ ശക്തി സംഭരിച്ച് തലേകെട്ടുകാരനെ തള്ളിമാറ്റി ഓടാൻ തുടങ്ങി. ദൂരെയായി ഒരു ബൾബുമുനിഞ്ഞു കത്തുന്നു. തൊട്ടടുത്തായി ഒരു കുഞ്ഞുഗേറ്റും. ''ദൈവമേ വീടെത്തിയോ? ഒരു ശക്തമായ കൈ തന്റെ കൈകളിൽ അമർന്നു തലേകെട്ടുകാരൻ! കൈയ്യെത്തും ദൂരത്ത് തന്റെ ജീവിതം നഷ്ടപ്പെടുമോ?''

''അത് കുട്ടീടെ വീടാണോ?''

''അതെ''

എങ്കിൽ പൊയ്ക്കോളൂ!

അയാൾ തലേക്കെട്ടെടുത്തു. ''ഞാനൊരു റൗഡിയൊന്നുമല്ല. ഞാൻ കുട്ടീടെ കണ്ണുകളിലെ ഭീതി കണ്ട് അടുത്തുകൂടിയതാ. രക്ഷിക്കാൻ മാത്രം. ഈ തലേകെട്ട് ധൈര്യത്തിനാ'' രമ മുഖമുയർത്തി നോക്കി. ഒരു തറവാടിയുടെ ലക്ഷണം. ശാന്തവും സൗമ്യവുമായ ഭാവം. സമൂഹത്തിന്റെ മറ്റൊരു മുഖം രമ കണ്ടു.


''ആരാ വരുന്നത്? അച്ഛനാ.

കുട്ടി പൊയ്ക്കോളൂ.

ഓടിചെന്ന് അച്ഛനെ കെട്ടിപ്പിടിച്ചു. തിരിഞ്ഞു നോക്കിയപ്പോൾ തലേക്കെട്ടുകാരൻ ദൂരെയെത്തിയിരുന്നു.

●


# ആദരാഞ്ജലികൾ



*പെരുമണ്ണ ഉപസഭയിലെ പാടേരി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിപ്പാട്*



*കണ്ണിപറമ്പ് ഉപസഭയിലെ നടുവിലേടത്ത് ഇല്ലത്ത് നങ്ങേലി (ലീല) അന്തർജ്ജനം*



*ഫറോക്ക് ഉപസഭയിലെ കരുമകൻ കാവ് മുല്ലപ്പള്ളി ഇല്ലത്ത് സുബ്രഹ്മണ്യൻ (കുഞ്ഞുണ്ണി) നമ്പൂതിരി*

***പരേതർക്ക് സ്വസ്തിയുടെ ആദരാഞ്ജലികൾ***


സ്വസ്തിയിലേക്കുള്ള രചനകളും പ്രതികരണങ്ങളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയക്കുക.


**കെ.എം.പരമേശ്വരൻ**

ചീഫ് എഡിറ്റർ

ആര്യശ്രീ, പി.ഒ. അരക്കിണർ, കോഴിക്കോട്-673028,

ഫോൺ: 8089441634, Email: swasthithrimonthly@gmail.com

സ്വസ്തിയുടെ കോപ്പികൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9447468956, 9496164912



# വേനലവധിക്കാലം... മാങ്ങാക്കാലം



ഉമശ്രീ

വൈകുന്നേരം തൊടിയിലൂടെ വെറുതെ ഒന്നു നടക്കാനിറങ്ങി.

"നീയെങ്ങടാ" അമ്മ പിറകിൽ നിന്ന്.

"ഒന്നൂല്യ അമ്മേ. വെറുതെയൊന്ന് നടക്കാൻ."

"എന്നാ വാസൂനേം കൂടി കൂട്ടിക്കോ. കുറേ നേരായി കമ്പ്യൂട്ടറിന്റെ മുന്നിലിരുന്ന് സിനിമ കാണുന്നു. കണ്ണിൽ ഭൂതക്കണ്ണാടി വെക്കുമ്പം വിവരമറിയും. പുറത്തേക്കിറങ്ങേ വേണ്ട... പുലിമുരുകനെ കാണാനാത്രേ ഇഷ്ടം. എത്ര കണ്ടാലും മത്യാവില്യാച്ചാ എന്താ ചെയ്യാ?" അമ്മേടെ മുറുമുറുപ്പ്

"വാസൂട്ടാ തൊടീൽക്ക് പോരുണുണ്ടോ?"

"ഞാൻ ല്യാ നിക്ക് പുലിമുരുകൻ നീം കാണണം."

"എന്നാ ഇര്ന്ന് കാണ്. ഞാൻ പോവാ.."

ഞാൻ തൊടിയിലേക്കിറങ്ങി.പടിഞ്ഞാറെ പറമ്പിൽ എത്തിയപ്പോൾ പണ്ട് ഒട്ടുമാവ് നിന്നിരുന്ന സ്ഥലത്ത് അല്പനേരം നിന്നു. ചെറിയൊരു കാറ്റടിച്ചു.

കാറ്റിലിളകുന്ന ഇലകളുടെ മർമ്മരം. "കുട്ടികളേ മാങ്ങ തിന്നോളൂ." അതിനിടക്ക് മാവ് പറഞ്ഞുവോ... മാമ്പഴം വീഴുന്ന ശബ്ദം കേട്ടുവോ... ചെവിയോർത്തു. ഒട്ടുമാവിന്റെ ആത്മാവ് മന്ത്രിച്ചതാവാം.

ഇപ്പോ അവിടെ വലിയ മരങ്ങളൊന്നുമില്ല. ഒരു ചെറിയ പ്ലാവ് വളർന്നുവരുന്നുണ്ട്.

രാവിലെ കുട്ടൻ മാംഗോ ഫ്രൂട്ടിക്ക് വേണ്ടി ഉണ്ണിയേട്ടനോട് വാശിപിടിച്ചത് ഓർമ്മിച്ചു. ഇന്ന് കുട്ടികൾ മാങ്ങ ഈമ്പി കുടിക്കുന്നതിന് പകരം ഫ്രൂട്ടിയാണ് ഈമ്പുന്നത്. മാങ്ങയുടെ മൂട് മരത്തിലുരച്ച് ചുണ കളഞ്ഞ് അത് ഷമ്മീസിലോ ട്രൗസറിലോ തുടച്ച് ഈമ്പിയീമ്പി കുടിക്കാൻ ഇന്നത്തെ കുട്ടികൾക്കറിയാമോ?

ഞങ്ങൾ കുട്ടികൾ അവധിക്കാലത്തിന്റെ ഭൂരിഭാഗവും മാവിൻ ചുവട്ടിലാണ് കഴിഞ്ഞിരുന്നത്.

മാങ്ങ ചുണ പരന്ന് വെള്ള ഷമ്മീസ് പുള്ളി ഷമ്മീസായി മാറിയിരുന്ന വേനലവധിക്കാലം. പരീക്ഷ എന്ന ഭാരത്തെ ഇറക്കിവെച്ച്, ഒരു വർഷത്തെ പിന്നിലുപേക്ഷിച്ച് തൊടിയിലേക്കിറങ്ങിയോടുന്ന വേനലവധിക്കാലം. പുതുതലമുറയിൽ പലർക്കും കിട്ടാതെ പോയ ഒരു കാലമാണത്. പുളിച്ചിമാവും, ഒട്ടുമാവും, ഒളോർ മാവും, സുന്ദരിമാവുമെല്ലാം അവരുടെ ഫലങ്ങൾ ഞങ്ങൾ കുട്ടികൾക്കായി കാത്തുവെക്കുന്ന കാലം.

പുളിച്ചി മാവാണ് വീടിന്റെ അതിർവരമ്പിലുള്ളത്. മറ്റുള്ളവയെല്ലാം പറമ്പിൽ അല്പം ദൂരെയാണ്. പഴുത്തു തുടങ്ങിയാലും തുടക്കത്തിൽ പുളിമാങ്ങകളാണ് പുളിച്ചിമാവിൽ നിന്ന് വീഴുക. പുളിച്ചി മാവെന്ന് ഞങ്ങൾ വിളിക്കാൻ കാരണം അതാണ്. ദിവസങ്ങൾ ചെന്നു കഴിഞ്ഞാലേ മാങ്ങയ്ക്ക് മധുരം വെക്കൂ. എന്നാലും പുളിച്ചി മാവിനോട് ഞങ്ങൾക്ക് വലിയ സ്നേഹമാണ്. പിന്നെ ഒട്ടുമാവിനോടും. അവയുടെ രണ്ടിന്റെയും ചുവട്ടിലാണ് ഞങ്ങളുടെ കളികൾ മിക്കവാറും.

ഒട്ടുമാവിനെ വല്ലാതെ സ്നേഹിച്ചിരുന്നു അന്ന്. അതിന് തിരിച്ചു ഞങ്ങളോടും സ്നേഹമായിരുന്നു. വെയിൽ കൊള്ളാതെ ഞങ്ങൾക്ക് കളിക്കാനുള്ളത്രയും സ്ഥലം ഒട്ടുമാവ് തന്റെ ചുവട്ടിൽ ഒരുക്കിയിരുന്നു. അതിന്റെ മുകളിൽ കുറച്ച് ഉയരം കയറാനും പറ്റും. ഞങ്ങൾ തന്നെ ഊഞ്ഞാൽ കെട്ടുന്നത് ഒട്ടുമാവിലാണ്. ഒരിക്കൽ ഊഞ്ഞാൽ കെട്ടാൻ കയറിയത് ആകെ അബദ്ധമായത് ഇപ്പോഴും ഓർക്കുന്നു. മാവിൻ കൊമ്പിൽ വലിഞ്ഞുകയറാൻ മിടുക്കാണ്. കയറി ഊഞ്ഞാൽ കെട്ടേണ്ട കൊമ്പിൽ കമിഴ്ന്നുകിടന്ന് കൂട്ടുകാരുടെ സഹായത്തോടെ ഊഞ്ഞാൽ കെട്ടി. അപ്പോഴാണ് ഉടുപ്പിൽ കയറിക്കൂടിയ പുളിയുറുമ്പുകൾ പണി തുടങ്ങിയത്. ഇറങ്ങാൻ പറ്റാത്തപോലെ. ഉറുമ്പ് കടിച്ചിട്ടു വയ്യ. കൊമ്പിൽനിന്ന് പിടുത്തം വിട്ടു. എങ്ങനെയോ ഊഞ്ഞാൽ കയറിൽ പിടുത്തം കിട്ടി. പക്ഷേ, കയർ കെട്ടിയത് മുറുകിയിരുന്നില്ല. അഴിഞ്ഞു.

"പ്ഠോ."

അതാ കിടക്കുന്നു താഴെ. അധികം ഉയരമില്ലാത്ത കൊമ്പിൽനിന്നായതുകൊണ്ട്




സ്വസ്തി ത്രൈമാസികക്ക് ആശംസകൾ

**തായാട്ട് ഇല്ലം**

ചേവരമ്പലം, കോഴിക്കോട് –17



തൊലി ചിരകിപ്പൊളിഞ്ഞതിലും അല്പം വേദനയിലും മാത്രമൊതുങ്ങി. അച്ഛന്റെയും അമ്മയുടെയും വഴക്ക് അത്യാവശ്യം കേമമായിത്തന്നെ ലഭിച്ചു.

ഞങ്ങൾ ഓടിച്ചെല്ലുമ്പോൾ മാങ്ങകൾ നിറഞ്ഞ കൊമ്പുകൾ ഞങ്ങൾക്കായി താഴ്ത്തി തന്നതാണ് എന്ന് തോന്നുമായിരുന്നു ഒട്ടുമാവിൻ ചുവട്ടിൽ.

പുളിച്ചിമാവിന്റെ ചുവട്ടിൽ കയറാൻ പറ്റില്ല ഞങ്ങൾ കുട്ടികൾക്ക്. അതിന് ഒരുപാട് ഉയരമുണ്ട്. താഴേ ഭാഗത്ത് കൊമ്പുകളുമില്ല. മാങ്ങ എറിഞ്ഞു വീഴ്ത്തണം. വടികൊണ്ട് മാങ്ങയുടെ കടക്കൽ എറിഞ്ഞു വീഴ്ത്താൻ ശ്രമിക്കും. ഏറ് ലക്ഷ്യസ്ഥാനത്തെത്താൻ നന്നേ പരിശ്രമിക്കണം. പിന്നെ ഒരു വിദ്യ മാങ്ങയണ്ടി ഇലയിൽ പൊതിഞ്ഞ് മാവിനു ചുറ്റും മൂന്നു പ്രാവശ്യം ചുറ്റി പ്രാർത്ഥിക്കുക. എന്നിട്ട് മാവിന്റെ ചുവട്ടിൽ എവിടെയെങ്കിലും ആ മാങ്ങയണ്ടി ഇടുക... എങ്കിൽ അതിനടുത്ത് മാങ്ങ വീഴുമത്രേ. ഞങ്ങൾ കൂട്ടുകാരിൽ മൂത്തവളായ ബിന്ദു പറഞ്ഞുതന്ന വഴിയാണ്. പ്രാർത്ഥനയുടെ ശക്തിയാണോ മാവിന്റെ ഔദാര്യമാണോ, എന്തോ ഇലയിൽ പൊതിഞ്ഞ മാങ്ങണ്ടി ഇട്ട സ്ഥലത്തല്ലെങ്കിലും മാങ്ങ കിട്ടാറുണ്ട് ഞങ്ങൾക്ക്. ഈമ്പിക്കുടിക്കാൻ പറ്റുന്ന മാങ്ങയായതുകൊണ്ടും ധാരാളം മാങ്ങ തരുന്നതുകൊണ്ടും പുളിച്ചിമാവ് ഞങ്ങളുടെ പ്രിയ തോഴനാണ്.

തന്റെ മാങ്ങകൾ ചുവന്നു തുടുത്ത് സുന്ദരിമാരാണ് എന്ന ഭാവം സുന്ദരിമാവിന് ഉണ്ടായിരുന്നു എന്ന് തോന്നും. മാങ്ങകൾ തരാൻ അല്പം മടിയാണ്. പൊട്ടിച്ചെടുക്കണം മാവിൽ നിന്ന്. മാങ്ങകൾക്ക് നല്ല സ്വാദുമാണ്. അണ്ണാൻമാരും കിളികളും ഞങ്ങളേക്കാൾ വിരുതന്മാരാണ്. അവരാണ് മാങ്ങയുടെ സ്വാദ് ആദ്യം നോക്കുക. അവരോട് ജയിക്കാനായി ഞങ്ങൾ മാവിൽ കയറിയും വടികൊണ്ട് എറിഞ്ഞും തോട്ടികൊണ്ട് അടിച്ചോടിച്ചും മാങ്ങ നേടും.

ഒളോർ മാവിന് ഗമ കുറച്ച് കൂടുതലാണ്. മാങ്ങകളിൽ കേമമാണ് തന്റെ മാങ്ങകൾ എന്ന നാട്യം. ഒളോർ മാവിന്റെ ചുവട്ടിലേക്ക് പോയിട്ട് അധികം കാര്യമുണ്ടാവാറില്ല. ചിലപ്പോൾ പുളിയുറുമ്പുകളും കാണും. അതുകൊണ്ട് അച്ഛൻ പണിക്കാരെക്കൊണ്ട് പൊട്ടിച്ചെടുത്ത് പഴുപ്പിക്കുമ്പോൾ പൂളി തിന്നുകയേ പതിവുള്ളൂ.

അങ്ങനെ ഒരുപാട് വേനലവധിക്കാലങ്ങൾ... മാങ്ങാ കാലങ്ങൾ. ഇന്ന് അവധി ആ മാങ്ങാ കാലങ്ങൾക്കാണ്. മാങ്ങാ കാലങ്ങൾക്ക് അവധി നൽകാൻ അന്ന് ട്യൂഷൻ ക്ലാസ്സുകളോ കമ്പ്യൂട്ടർ ക്ലാസ്സുകളോ, ഇംഗ്ലീഷ് സംസാരിപ്പിക്കുന്ന ക്ലാസ്സുകളോ ഉണ്ടായിരുന്നില്ല.


എനിക്ക് പറമ്പ് മുഴുവൻ നടക്കണമെന്ന് തോന്നി. ഒട്ടുമാവും പുളിച്ചിമാവും സുന്ദരിമാവും ഒളോർ മാവും എല്ലാം നിന്നിരുന്ന സ്ഥലത്തെല്ലാം പോകണമെന്ന് തോന്നി. എന്റെ ഓർമ്മകളിലെ തിളക്കമേറിയ ആ കാലം ഇന്ന് എന്റെ മകന് നഷ്ടപ്പെടുത്തിയ, കാലത്തിന്റെ മാറ്റത്തെ ഞാൻ ശപിച്ചു. എന്റെ ഇഷ്ടമാവുകളുടെ കടക്കൽ മൂർച്ചയേറിയ മഴു വെച്ച കറുത്തു തടിച്ച് ഉരുണ്ട കണ്ണുകളുണ്ടായിരുന്ന ആ മനുഷ്യ രൂപത്തിന്റെ ഓർമ്മ എന്നെ വിഷമിപ്പിച്ചു.

അപ്പോഴേക്ക് നടന്നു നടന്ന് ഞാൻ പുളിച്ചി മാവ് നിന്നിരുന്ന സ്ഥലത്ത് എത്തിയിരുന്നു. തൊട്ടടുത്ത വരമ്പിൽ ഞാൻ ഇരുന്നു. അവിടെ ഒരു കൊച്ചുമാവ് വളരുന്നുണ്ടായിരുന്നു. മാങ്ങ ഈമ്പിക്കുടിക്കുന്നത് വീണ്ടും ഞാൻ മനസ്സിൽ കണ്ടു.

''അത് പുളിച്ചിമാവിന്റെ കുട്ടിയാ...''

എന്റെ മനസ്സ് കണ്ടറിഞ്ഞപോലെ അച്ഛൻ അപ്പുറത്തുനിന്ന് വിളിച്ചുപറഞ്ഞു. എന്റെ കണ്ണുകൾ ഒന്നു തിളങ്ങി... മനസ്സും.

●



## ജില്ലാ റിപ്പോർട്ട്

# ദിശാബോധത്തോടെ പ്രവർത്തിക്കുക

പ്രിയ സഭാ പ്രവർത്തകർക്കും സ്വസ്തി വായനക്കാർക്കും യോഗക്ഷേമസഭയുടെ വിഷു ആശംസകൾ!

2017 ജനുവരി 22 ന് കോഴിക്കോട് 'ശിക്ഷക് സദന'ത്തിൽ ജില്ലാ പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ യോഗക്ഷേമസഭയുടെ



*ജില്ലാ കൗൺസിൽ ഉദ്ഘാടനസഭയിൽ മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി സംസാരിക്കുന്നു*

ജില്ലാ കൗൺസിൽ യോഗം ചേർന്നപ്പോൾ 'സ്വസ്തി' സൂക്തം ആലപിച്ചുകൊണ്ട് മുൻ സംസ്ഥാന സെക്രട്ടറി മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി അനുഗ്രഹിക്കുകയും മുൻ സംസ്ഥാന നിർവ്വാഹക സമിതിയംഗം കൊയ്ത്തടി ചെറുമുക്ക് പരമേശ്വരൻ നമ്പൂതിരി ഭദ്രദീപം കൊളുത്തുകയുമുണ്ടായി. നിലവിലുള്ള 16 ഉപസഭകളെ പ്രതിനിധീകരിച്ച്



*സ്വസ്തി പ്രകാശനം. ഇടത്ത് സി.കൃഷ്ണൻ മൂസ്സ്. വലത്തേ അറ്റം ഡോ. സി.കൃഷ്ണൻ നമ്പൂതിരി*

150-ൽപരം സഭാ പ്രവർത്തകർ ആദ്യന്തം അതിൽ പങ്കെടുത്തു. വനിതാ യുവജന സഭാ ഭാരവാഹികൾ ആശംസകൾ നേർന്നു. ഉച്ചവരെ ചർച്ചകളും കൗൺസിൽ യോഗ നടപടികളുമായിരുന്നു. സെക്രട്ടറി അവതരിപ്പിച്ച അർദ്ധ വാർഷിക റിപ്പോർട്ടും രമേശൻ പുൽപ്പറമ്പിൽ അവതരിപ്പിച്ച വരവുചെലവ് കണക്കും ചർച്ച ചെയ്തു പാസ്സാക്കി.

ഉച്ചക്കുശേഷം പ്രധാനമായും രണ്ടു ചടങ്ങുകൾ കൗൺസിൽ യോഗത്തോടനുബന്ധിച്ച് നടന്നു. യോഗക്ഷേമ സഭാ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ത്രൈമാസികയായ 'സ്വസ്തി'യുടെ പ്രകാശനമായിരുന്നു ആദ്യത്തേത്. മുൻ സംസ്ഥാന പ്രസിഡന്റ് സി. കൃഷ്ണൻ മൂസ്സ്, ഭാരതീയ ശാസ്ത്ര ഗവേഷകനും ഗ്രന്ഥകാരനുമായ ഡോ. സി. കൃഷ്ണൻ നമ്പൂതിരിക്ക് 'സ്വസ്തി'യുടെ ആദ്യലക്കം നൽകി പ്രകാശനം നിർവ്വഹിച്ച ചടങ്ങിൽ മാനേജിംഗ് എഡിറ്റർ ഉമശ്രീ കിഴക്കുമ്പാട് സ്വാഗതം പറഞ്ഞു. പത്രാധിപർ കെ.എം. പരമേശ്വരൻ അദ്ധ്യക്ഷത വഹിക്കുകയും ജില്ലാ-സ്വസ്തി പ്രവർത്തകർ വേദിയിൽ ഉപവിഷ്ടരാവുകയും ചെയ്തു. കൗൺസിൽ യോഗത്തിനെത്തിയവർക്കെല്ലാം 'സ്വസ്തി'യുടെ ആദ്യലക്കം സമ്മാനിക്കുകയും നിരവധി പേർ അവിടെവെച്ചുതന്നെ വരിക്കാരാവുകയും ചെയ്തു.

യോഗക്ഷേമസഭയുടെ ഉത്തരമേഖലാ ആസ്ഥാന നിർമ്മാണമെന്ന ചിരകാലാഭിലാഷത്തിന് ചിറകു മുളച്ചിരിക്കുന്നു. മുൻ സംസ്ഥാന ഉപാദ്ധ്യക്ഷൻ പാറക്കോട് ശങ്കരൻ നമ്പൂതിരി അദ്ധ്യക്ഷനായിക്കൊണ്ടുള്ള 15 അംഗ കമ്മിറ്റിക്കും കൗൺസിൽ യോഗം രൂപംകൊടുത്തിട്ടുണ്ട്. ആർക്കിടെക്ട് നിലീന മംഗലശ്ശേരിയും വാസ്തുശാസ്ത്ര വിദഗ്ധൻ ചെറുവള്ളി നാരായണൻ നമ്പൂതിരിയും കോവൂരിലെ ആസ്ഥാനഭൂമി സന്ദർശിച്ച് കോർപ്പറേഷൻ കെട്ടിട നിർമ്മാണ നിയമപരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഒരു രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കമ്മിറ്റിയുടെ ഒരു യോഗം ചേവായൂരിൽ കൺവീനർ ബാലകൃഷ്ണൻ മൂസ്സിന്റെ ഭവനത്തിൽ വെച്ച് ചേരുകയും ഭാവിപ്രവർത്തനം ആസൂത്രണം ചെയ്യുകയുമുണ്ടായി.

2017 മാർച്ച് ഒന്നിന് ഉപസഭകളിൽ യോഗക്ഷേമസഭാ സ്ഥാപന ദിനാചരണം വൈവിദ്ധ്യമാർന്ന പരിപാടികളോടെ നടന്നതായി വാർത്തകൾ കിട്ടിയിട്ടുണ്ട്. 2017-2018 ലെ അംഗത്വ പ്രവർത്തനങ്ങൾ മാർച്ച് 31 ന് സമാപിച്ചിരിക്കുകയാണ്. 16 ഉപസഭയും 2300 അംഗങ്ങളും എന്ന അവസ്ഥയിൽ നിന്ന് തീർച്ചയായും നമുക്കു മുന്നോട്ടു പോകണം. വടകര താലൂക്കിൽ തന്നെ നാലോ അഞ്ചോ ഉപസഭകൾ രൂപീകരിക്കാനുള്ള സമ്പർക്ക പ്രവർത്തനം ജില്ലാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കി മൂന്നു താലൂക്കുകളിലുമായി, പഴയ ഉപസഭകൾ പുനരുജ്ജീവിപ്പിച്ചാൽ തന്നെ 20 ഉപസഭകൾ അത്ര അസാദ്ധ്യലക്ഷ്യമല്ല. നീലേശ്വരവും കൂഴക്കോടും അത്തോളിയും പേരാമ്പ്രയും കോടഞ്ചേരിയും നമ്മുടെ തൊട്ടടുത്ത പ്രദേശങ്ങളാണ്. ജില്ലാ ഭാരവാഹികളുടെ നേതൃത്വത്തിൽ അയൽ ഉപസഭകളുടെ കാർമ്മികത്വത്തിൽ പുനരുജ്ജീവനം നടക്കണം. ചാത്തമംഗലം ഉപസഭ കൂഴക്കോടിനെ ദത്തെടുക്കുക, മുക്കം ഉപസഭ നീലേശ്വരത്തെ, കൊയിലാണ്ടി ഉപസഭ പേരാമ്പ്രയെ, ബാലുശ്ശേരി ഉപസഭ അത്തോളിയെ, താമരശ്ശേരി ഉപസഭ കോടഞ്ചേരിയെ. വടകര ലോകനാർകാവിലോ മറ്റോ വെച്ച് നമ്മുടെ സംസ്ഥാന പ്രസിഡന്റ് വൈക്കം പി.എൻ. നമ്പൂതിരിയെയും സംസ്ഥാന ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള താലൂക്ക് കുടുംബ സംഗമം ജില്ലാ കുടുംബസംഗമമായി വിപുലമായി സംഘടിപ്പിക്കുകയാണെങ്കിൽ ജില്ലയിലെ യോഗക്ഷേമസഭാ പ്രവർത്തനത്തിനു വേണ്ട ഊർജ്ജം ലഭിക്കുമെന്നുറപ്പാണ്. ഈ മദ്ധ്യവേനലവധി നമ്മുടെയെല്ലാം സംഘടിത കർമ്മവീര്യത്താൽ, സഭാപ്രവർത്തനത്താൽ, സഫലമാവട്ടെ.

ജയ് ജയ് യോഗക്ഷേമസഭ
സ്നേഹാദരങ്ങളോടെ
ജില്ലാ സെക്രട്ടറി,
**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**

## ദീർഘസുമംഗലീഭവഃ

വരൻ:

**രാഹുൽ**

S/o രവീന്ദ്രൻ ടി, ലില്ലി (സാവിത്രി)

തേണ്ടമ്പലത്തില്ലം

നരിക്കുനി

വധു:

**അപർണ**

D/o ഹരിദാസൻ, മിനി

ശ്രീവത്സം, മലാപ്പറമ്പ്

ആശംസകളോടെ...

രാമല്ലൂർ ഉപസഭ,

സമന്വയ രാമല്ലൂർ



വരൻ:

**രവീഷ്**

S/o നടുവിലേടത്ത്

വിഷ്ണു നമ്പൂതിരി,

രത്നകുമാരി അന്തർജനം

വധു:

**അഞ്ജലി**

രാമവർമ്മപുരം

മഹിളാമന്ദിരം,

തൃശൂർ

ആശംസകളോടെ...

രാജേഷ്,

ഉച്ചക്കാവ് ഉപസഭ




രത്നം പി.
പാറക്കോട് ഇല്ലം
പെരുമണ്ണ, കോഴിക്കോട്
രത്നം.പി
ഫോൺ: 0495 -2432510
9995470962
പെരുമണ്ണ, കോഴിക്കോട്
• തുന്നൽ
• എംബ്രോയ്ഡറി
• ഫ്ളവർ മേക്കിങ്ങ്
• ടോയ്സ് വർക്ക്
• ഗ്ലാസ്, സാരി, നിബ്ബ് പെയ്ന്റിങ്ങ്
• പോട്ട് വർക്ക്
• റിബ്ബൺ വീവിങ്ങ്
• അജന്തകന്യക
• മത്സ്യകന്യക
• മയിൽ, വീണ ത്രഡ് വർക്ക്
• പേൾ, മണ്ണ്, പേപ്പർ, റൊട്ടി, ജൂട്ട് – ജ്വല്ലറി
• ടെക്സ്റ്റൈൽ പ്രിന്റിങ്ങ്
• ബ്യൂട്ടീഷൻ വർക്ക്
• ഡെക്കറേഷൻ വർക്ക്
• ബുക്ക് ബൈന്റിങ്ങ്
• ബാഗ് നിർമ്മാണം
• പേപ്പർ കവർ നിർമ്മാണം
• പാഴ് വസ്തു നിർമ്മാണം
• റൂളൽ വർക്ക്
• കുട നിർമ്മാണം
• മെഴുക് തിരി
• സോപ്പ് നിർമ്മാണം


Pulse Oximeters / Pulse Oximeters with NIBP & ECG
Multiparameter Monitors
Syringe Infusion Pumps / Infusion Pumps
Fetal / Vascular Dopplers
Fetal Monitors
Capnograph
Entonox (Painless Delivery System)
Surgical Diathermy Units
Suction Irrigation Pumps
Infant Warmers/ Phototherapy Units
Medical Gas pipeline project works
Accessories for all medical equipments
Authorised Dealer
24h
Ph: +91-495 2702928
E-mail:info@biocarecalicut.com
www.biocarecalicut.com
Channel Partner:
EMCO MEDITEK PRIVATE LIMITED
SPARK MEDITECH
BOC
Biocare
Medical Systems
16/797 A, 2ND FLOOR, JUMANA BUILDING,
Railway Station Road, Calicut-2
CONTACT PERSONS
LINESH THAMARAKKULAM
+91-9847009640
PRAVEEN KAMBALATH
+91-9947145406

# പാണിഗ്രഹണം

പേര് : ശ്രീകാന്ത് കെ, വിശ്വാമിത്ര ഗോത്രം, ജനന ത്തീയതി : 1988 മാർച്ച് 15 (1163 മീനം 2), നക്ഷത്രം: തിരുവോണം. ജനനസമയം : 12.12. പകൽ, ഉയരം : 175 സെ.മീ. വിദ്യാഭ്യാസ യോഗ്യത : ബി.ടെക് (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ), ജോലി : സീനിയർ എഞ്ചിനീയർ (Tata Elxsi, Bangalore), അച്ഛൻ : വാസുദേവൻ നമ്പൂതിരി, അമ്മ : ഉഷ അന്തർജനം, മാരാമിറ്റത്ത് മന, സഹോദരൻ : ശ്രീനാഥ് (എം.എസ്.സി, ബി.എഡ്.- അവിവാഹിതൻ). അഡ്രസ് : കളശ്ശേരി ഇല്ലം (മൊളേരി മന), പയ്യോളി പി.ഒ., കോഴിക്കോട് - 673522, ഫോൺ: 0496 2601503, മൊബൈൽ: 9846621936, ഇ-മെയിൽ: sreekanth.kc@gmail.com

| | | | |
|---|---|---|---|
| ര | ഗു ശു | | ല മാ |
| ബു സ | ഗ്രഹസ്ഥിതി | | |
| ച | | | ശി |
| കു മ | | | |

| | | | |
|---|---|---|---|
| | മാ | | ഗു മ സ |
| | അംശകം | | ര ച |
| | | | ശു |
| ശി | ബു | ല കു | |

ചന്ദ്രശിഷ്ടദശ : 1-0-0

---

പേര്: വിഷ്ണുനാരായണൻ, മേപ്പള്ളി ഇല്ലം (മഠം), വിളയിൽ ഗോത്രം : കാശ്യപഗോത്രം. ജനനത്തീയതി: 13-5-1985. സമയം: 4.28 pm, ഉയരം: 165 cm, ജോലി: ദേഹണ്ഡം, പരികർമ്മം, മുട്ടുശാന്തി. അച്ഛൻ: ഉണ്ണികൃഷ്ണൻ നമ്പൂതിരി, അമ്മ: വാസന്തി. അനിയൻ - 1, അനിയത്തി- 1 (married), Phone: 9496525584

| | | | |
|---|---|---|---|
| | സ | മാ | ല |
| ച | ഗ്രഹസ്ഥിതി | | |
| ഗു | | | |
| ര ബു ശു | മ | ക ശി | |

| | | | |
|---|---|---|---|
| | | കു | മാ |
| | അംശകം | | സ |
| ശി | | | |
| ച ര | | മ | ബു ഗു |

16-6-25

---

പേര്: ഗിരീഷ് വി.എം., ഗോത്രം : അംഗിരസ്. ജനനത്തീയതി: 04-12-1986. സമയം: 8.15 am, നക്ഷത്രം : പൂരാടം, ഉയരം: 156 cm, Complexion- Good. Qualification: Plus Two, Diploma in Electronics & Communication, Diploma in Civil Engineering, Still working in construction field. Address: Madhavan Namboothiri, Vakkattu Mana, Nannamukku (P.O.), Changaramkulam - Malappuram. Contact: 9846416117.

| | | | |
|---|---|---|---|
| സ | | | |
| ഗു കു | ഗ്രഹസ്ഥിതി | | |
| മാ | | | |
| ച ല | മ ര | ബു ശു | ശി |

| | | | |
|---|---|---|---|
| | | ഗു മാ | ബു |
| സ | അംശകം | | ല |
| കു ശു | | | ശി |
| ര മ | | ച | |

ശിഷ്ടദശ : 06-07-06-0

---

Name : Arjun P.. Gothram : Viswamithra Gothram, Date of Birth : 07.06.1989, 6.55 pm, Star: Pooyam, Education : M-Tech Structural Engineering, Job: Assistant Engineer at Kerala State Pollution Control Board, Height: 168 cm, Father : Rajendran Embrandiri, Phone: 9745013042, 9447417738, Address: Saikripa (Puthumana), Kanniparamba (P.O.), Mavoor (Via), Kozhikode, Pin- 673661

| | | | |
|---|---|---|---|
| | | ര ബു ഗു മ | ശു |
| സ | ഗ്രഹസ്ഥിതി | | ച കു |
| | | | ശി |
| മ | ലഗ്നം | | |

| | | | |
|---|---|---|---|
| | ശി | | |
| | നവാംശകം | | ര കു |
| ല മാ ബു | | | ഗു |
| ശു | | ച സ | മ |

ജന്മ ശിഷ്ടദശ : 9-0-9 മന്ദഃ ശിഷ്ടദശ

# പാണിഗ്രഹണം

പേര് : ദിലീപ് ശങ്കർ കെ.ടി., ഗോത്രം: ഭാർഗ്ഗവ ഗോത്രം, ജനനത്തീയതി : 11.07.1984, നക്ഷത്രം: മൂലം. ജനനസമയം : രാത്രി 10 മണി 20 മിനിട്ട്, ഉയരം : 155 സെ.മീ., ജോലി : കോട്ടക്കൽ ആര്യവൈദ്യശാല, കോഴിക്കോട് ബ്രാഞ്ച്, Contact: ശങ്കരൻ നമ്പൂതിരി, കോടി തലപ്പണ ഇല്ലം, P.O. കണ്ണിപറമ്പ്, (Via) മാവൂർ, കോഴിക്കോട് ജില്ല, Pin- 673661, Ph: 9446948027

| | | | |
|---|---|---|---|
| | | സ | ര മാ |
| ല | ഗ്രഹസ്ഥിതി | | ബു ശ |
| | | | |
| ച ഗു | ശി | കു മ | |

| | | | |
|---|---|---|---|
| ര | കു | സ | ച |
| മ ല | അംശകം | | ഗു ശു |
| മാ | | | |
| | ബു ശി | | |

ശിഷ്ടദശ : 2-1-29 കേതുശിഷ്ടം

---

പേര് : പ്രസാദ് പെരുമനത്ത് മന, ശ്രീകൃഷ്ണപുരം. ജോലി- എയിഡഡ് സ്കൂൾ ഓഫീസ് അസിസ്റ്റന്റ്, യോഗ്യത- പ്ലസ് ടു, മൊബൈൽ: 9562546048. ജനനത്തീയതി: 1157 തുലാമാസം 17-ാം തിയ്യതി തിങ്കളാഴ്ച ഉദയാൽ പൂർവ്വം 8 നാഴിക 45 വിനാഴിക. പൂരാടം നക്ഷത്രം.

| | | | |
|---|---|---|---|
| | | മാ | |
| | ഗ്രഹസ്ഥിതി | | സ |
| ശി | | | ല കു |
| ച ഭൃ | | ര ഗു | ബു മ |

| | | | |
|---|---|---|---|
| ര | | ഭൃ | |
| | അംശകം | | മ സ |
| ശി | | | കു മാ |
| | ല | ച ഗു | ബു |

ശിഷ്ടദശ : 8-8-12 ശുക്രദശ

---

| | | | |
|---|---|---|---|
| | | കു | |
| | ഗ്രഹസ്ഥിതി | | ഗു ശി |
| സ ര മ ശു | | | മാ |
| ച ബു | | | ല |

| | | | |
|---|---|---|---|
| | | ബു മാ | ശു |
| സ കു മ | അംശകം | | |
| ല ര | | | |
| ഗു | | | |

ശിഷ്ടദശ : 15-8-2-15 ശുക്രദശ

1166 ധനു 30 (14-01-1991) തിങ്കളാഴ്ച രാത്രി 10.35 ന് പൂരാടം നക്ഷത്രത്തിൽ പുരുഷജനനം. കശ്യപഗോത്രം
Qualification - BAMS
Job- Working in a Pvt. Hospital, Guruvayur Keezhshanthi
Hight - 165 cm, Preference: Well educated
Address: Vasudevan Namboothiri, Kizhiyedath mana, West Nada, Guruvayur- 680101, Phone: 0487 2556394

---

1169 വൃശ്ചിക മാസം 14ന് സോമവാരം പകൽ / രാത്രി 0 നാഴിക 71/2 വിനാഴികയും ചെന്നപ്പോൾ ഉദയാദി 0.72/2 നാഴികക്ക് ഭൃംഗമധ്യ ദ്രേക്കാണ ലഗ്നത്തിൽ ജനിച്ചു. സ്ത്രീ. ജനനസ്ഥലം - പയ്യന്നൂർ, നക്ഷത്രം രോഹിണി. പ്രഥമപാദം, ഇടവക്കൂറ്, ശുക്ലപക്ഷ പൗർണ്ണമി തിഥിയിൽ സിംഹക്കരണം നക്ഷത്രദശ ജനനം മുതൽ 9 കൊല്ലം 7 മാസം 19 ദിവസം വരെ ചന്ദ്രശിഷ്ടദശ.

| | | | |
|---|---|---|---|
| | | ചന്ദ്രഃ ശിഖി | |
| മന്ദ | ഗ്രഹചക്രം | | |
| | | | |
| | ലഗ്നം രവി കുജ ശുക്ര സർപ്പ | ബുധ ഗുരു | |

| | | | |
|---|---|---|---|
| ശി | ച | ഗു | |
| മാ | നവാംശകം | | ശു |
| കു ഗു | | | |
| | | ര മ ല | സർപ്പ |

പേര്: വരദ
വിദ്യാഭ്യാസയോഗ്യത : ബി.ഡി.എസ്.
ജനനത്തീയതി: 29-11-1993 (സമയം: രാവിലെ 6.30ന്)
അച്ഛൻ: ഈശ്വരൻ നമ്പൂതിരി എം., യു.എൻ. ഹൗസ്, പി.ഒ. അന്നൂർ, പയ്യന്നൂർ- 670307
Email: mangalamun@gmail.com, Ph: 9446016620, Preference: MBBS/MDS/College Lecturer / Professor/ Govt. Employee/ Bank



# നമ്മുടെ മനോഭാവം മാറണം: അജിത കെ.സി.ടി.പി.

ഓരോ ഉപസഭകളിലേക്കും ഇറങ്ങിച്ചെന്നു വനിതാ അംഗങ്ങൾക്ക് സഭയോടുള്ള താല്പര്യം വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ജില്ലാവനിതാ വിഭാഗം ലക്ഷ്യമിടുന്നത്. ഏപ്രിൽ മാസത്തിലെ ജില്ലായോഗത്തിൽ സ്റ്റേറ്റ് വനിതാസെക്രട്ടറി ശ്രീമതി അജിത ടീച്ചർ പങ്കെടുത്തു. നമ്പൂതിരി സമുദായത്തിന്റെ ഇന്നത്തെ മനോഭാവം മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും നമ്മുടെ സമുദായ ഉന്നമനത്തോടൊപ്പം സമൂഹത്തിലേക്ക് കുറച്ചുകൂടി ഇറങ്ങിച്ചെല്ലുകയും വേണ്ടിയിരിക്കുന്നുവെന്ന് ടീച്ചർ പറഞ്ഞു. നമ്മുടെ കുട്ടികൾ വഴിതെറ്റിപ്പോകുന്ന സാഹചര്യം കൂടിയിട്ടുണ്ടെന്നും അതു തടയേണ്ടതിന് നമ്മളുടെ, പ്രത്യേകിച്ച് അമ്മമാരുടെ, ശ്രദ്ധ കൂടുതൽ ആവശ്യമായിരിക്കുന്നുവെന്നും അജിതടീച്ചർ കൂട്ടിച്ചേർത്തു.. ശ്രീമതി അജിത ടീച്ചറെ പൊന്നാട അണിയിക്കുകയും അവർക്ക് ഉപഹാരം നൽകുകയും ചെയ്തു..

**ഉമശ്രീ കിഴക്കുമ്പാട്** , ജില്ലാ വനിതാ സഭാ സെക്രട്ടറി

---

# വനിതാ സഭാ രൂപീകരണവും തിരുവാതിരാഘോഷവും

കൈമോശം വന്നുകൊണ്ടിരിക്കുന്ന സാമുദായിക കൂട്ടായ്മകളുടെ മഹത്വം പുതിയ തലമുറക്ക് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെ ഫറോക്ക് ഉപസഭ ഒരു തീർത്ഥാടന യാത്ര നടത്തി.

തുടർന്ന് ഉപസഭയുടെ വനിതാസഭ രൂപീകരിച്ച് തിരുവാതിര ആഘോഷം മികച്ച രീതിയിൽ നടത്തി. അതുവഴി ഒത്തൊരുമയുടെ ഭാവിചൈതന്യത്തിന് തിരിതെളിയുകയും ഇത് ഉപസഭയുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാറുകയും ചെയ്തു.

തിരുവാതിര പോലുള്ള ആചാരാനുഷ്ഠാനങ്ങളുടെ അറിവ് കുടുംബാംഗങ്ങൾക്ക് പകർന്നുനൽകുവാനും ആഘോഷങ്ങളുടെയും കൂട്ടായ്മയുടെയും പ്രസക്തി ഒട്ടും ചോരാതിരിക്കാനും ഇത്തരം ആഘോഷങ്ങൾ ഉപകരിക്കുമെന്ന് ബോദ്ധ്യമായി.

**കീഴൂർ ഇല്ലത്ത് വിനോദ്കുമാർ**
ഉപസഭാ സെക്രട്ടറി

---

# കുടുംബസംഗമം

മുക്കം ഉപസഭയുടെ കുടുംബസംഗമം വിപുലമായ പരിപാടികളോടെ നടന്നു. സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനച്ചടങ്ങിനു ശേഷം അംഗങ്ങളെ നാലു ഗ്രൂപ്പുകളായി തിരിച്ച് ഉപസഭാ പ്രവർത്തനത്തിനു വേണ്ട പുതിയ ആശയങ്ങൾ രൂപീകരിച്ചു. കുടുംബസംഗമത്തിൽ അടുത്തുള്ള ചാത്തമംഗലം, കണ്ണിപറമ്പ്, ഉച്ചക്കാവ്, നീലേശ്വരം എന്നീ ഉപസഭകളിൽ നിന്ന് പ്രതിനിധികളെ പങ്കെടുപ്പിച്ചു.

അവരുടെ പ്രവർത്തന രീതികൾ ഉപസഭാംഗങ്ങളുമായി പങ്കുവെച്ചു. താമരക്കുളം, സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിലായിരുന്നു ഭക്ഷണം പാകം ചെയ്തത്. അവരുടെ ഉൽപ്പന്നങ്ങളായ സോപ്പ്, സോപ്പുപൊടി, ദോശപ്പൊടി, കേസരി, അരിപപ്പടം മുതലായവ വിൽപ്പനക്കും വെച്ചിരുന്നു. ഉച്ചക്കുശേഷം വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു.

**കൊല്ലോറ്റ ഉണ്ണികൃഷ്ണൻ നമ്പൂതിരി**
മുക്കം ഉപസഭാ സെക്രട്ടറി

---

# പരിസ്ഥിതിയെ സ്നേഹിച്ചുകൊണ്ട്

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് യുവജന സഭ ബാലുശ്ശേരി ഉപസഭ പരിസ്ഥിതി സന്ദേശ യാത്രയ്ക്ക് വൃക്ഷത്തെ നട്ട് തുടക്കം കുറിച്ചു. ശേഷം ഇല്ലങ്ങളിലേക്ക് വൃക്ഷത്തൈ വിതരണം നടത്തി. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുവാൻ വേണ്ടി 3 ഘട്ടങ്ങളിലായി ഉപസഭയിൽ തുണി സഞ്ചി വിതരണം നടത്തി. യുവജനവാരാഘോഷത്തോടനുബന്ധിച്ച് പ്ലാസ്റ്റിക് നിർമ്മാർജനം ബോധവത്കരണ ക്ലാസ് നടത്തി.

പ്ലാസ്റ്റിക് വിമുക്ത സന്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സന്ദേശവൃക്ഷം നിർമ്മിച്ചു. ക്യാംപിൽ അത് പ്രദർശനത്തിനു വച്ചു. ഓൺലൈൻ പരിസ്ഥിതി സന്ദേശ യജ്ഞം ആരംഭിച്ചു. ആഴ്ചയിൽ ഒരുദിവസം പരിസ്ഥിതി സംരക്ഷണ സന്ദേശം ഓൺലൈൻ വഴി ആളുകളിൽ ബോധവത്കരണം.

ചൂടിന്റെ കാഠിന്യം. സഹജീവികളുടെ സംരക്ഷണത്തിനായി 'നൽകാം ഒരു കുമ്പിൾ ദാഹജലം' പദ്ധതി യുവജന സഭ നടപ്പിലാക്കി.സഹജീവികൾക്ക് ഇല്ലങ്ങളിൽ ഒരു പാത്രത്തിലോ ചിരട്ടയിലോ ജലം നിറച്ച് കൊടുക്കുന്നുണ്ട്.

**അർജുൻ കളത്തില്ലം**
ബാലുശ്ശേരി ഉപസഭ

# നവതിയിലും കണ്ണട വേണ്ട!



*ഉപസഭാ പ്രസിഡന്റ് ശ്രീമതി പങ്കജം കക്കാട് മൂസ്സദ് മാഷെ ഷാളണിയിച്ച് ആദരിച്ചപ്പോൾ*

യോഗക്ഷേമ സഭയുടെ (83/76) മുൻ പ്രസിഡന്റുമാരിൽ കേരളത്തിൽ തന്നെ കാരണവസ്ഥാനമുള്ള കോഴിക്കോട്ടെ ശ്രീ. സി.കൃഷ്ണൻ മൂസ്സദിനെ ആദരിച്ചുകൊണ്ട് സിറ്റി ഉപസഭ മാർച്ച് ഒന്ന് (സംസ്ഥാപന ദിനം) അനുഗൃഹീതമാക്കി. 1926-ൽ എടവ മാസത്തിലെ ചോതിനാളിൽ മലപ്പുറം പൊന്മളയിലെ ചണ്ണഴി ഇല്ലത്ത് ഭൂജാതനായ അദ്ദേഹം ഏഴു പതിറ്റാണ്ടിന്റെ ചരിത്രമുള്ള 'എം.ബി.' ട്യൂട്ടോറിയൽ കോളേജടക്കമുള്ള മൂസ്സദ് സഹോദരന്മാരുടെ ബിസിനസ് സ്ഥാപനങ്ങളുടെ അധിപനായി കേരള സംസ്ഥാന രൂപീകരണ നാൾ മുതൽ കോഴിക്കോട്ട് സ്ഥിരതാമസക്കാരനാണ്. 2017 മാർച്ച് ഒന്നിന് മലാപ്പറമ്പിലെ 'തുളസി'യിൽ ഉപസഭാ ഭാരവാഹികൾ എത്തുന്നതിന് അല്പം മുമ്പു മാത്രമാണ് തലശ്ശേരിയിലെ സ്ഥാപനം സന്ദർശിച്ച് അദ്ദേഹം മടങ്ങിയെത്തിയിരുന്നത്.

ഉപസഭാ പ്രസിഡന്റ് ശ്രീമതി പങ്കജം കക്കാട് മൂസ്സദ് മാഷെ ഷാളണിയിച്ചും ഡബിൾ നൽകിയും ആദരിച്ചശേഷം 'തുളസി'യിലെ സ്വീകരണ മുറിയിൽ പത്തോളം വരുന്ന സഭാ പ്രവർത്തകരോടൊപ്പമിരുന്ന് അദ്ദേഹവും സഹധർമ്മിണി പാർവ്വതി ഓപ്പോളും കുശലം പറഞ്ഞു.

ശ്രീമതി പാർവ്വതി മൂസ്സദിന്റെ അമ്മാത്തെ മുത്തശ്ശൻ മട്ടന്നൂർ മധുസൂദനൻ തങ്ങൾ കാറൽമണ്ണയിൽ 1933-ൽ നടന്ന നമ്പൂതിരി യോഗക്ഷേമ മഹാസഭയുടെ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ച ചരിത്ര പുരുഷനത്രേ. കല്ലൂർ കണ്ണമ്പത്തേക്ക് വിവാഹം ചെയ്ത മധുസൂദനൻ തങ്ങളുടെ മകൾ ശ്രീദേവി അന്തർജ്ജനത്തിന്റെ മകളാണ് ശ്രീമതി പാർവ്വതി കൃഷ്ണൻ മൂസ്സദ്. ഇവരുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി കഴിഞ്ഞിട്ട് എട്ടു വർഷമായി.

പ്രഭാതത്തിൽ അഞ്ചു മണിക്ക് ഉണരുകയും ധ്യാനവും യോഗയും നടത്തവും, ആഹാരചിട്ടകളും പാലിച്ച് ഗാന്ധിയൻ പ്രകൃതിജീവനം പിന്തുടരുന്നതാണ് ആരോഗ്യ രഹസ്യമെന്ന് സഭാ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായി അദ്ദേഹം പറഞ്ഞു. നവതി പിന്നിട്ടിട്ടും ജീവിതത്തിൽ കണ്ണട ഉപയോഗിക്കാത്ത വ്യക്തിയാണ്. കണ്ണുകൾക്ക് വേണ്ടി നടത്തുന്ന സവിശേഷ കണ്ണുസാധകം കാട്ടിത്തരികയുമുണ്ടായി.

മകൻ സുരേഷിന്റെ പത്നി ഗായത്രിയുടെ ഇല്ലം തളിപ്പറമ്പ് എളേടത്ത് കോളശ്ശേരിയാണ്. പൗത്രൻ ആനന്ദ് മലാപ്പറമ്പ് വേദവ്യാസ ഹയർ സെക്കൻഡറി സ്കൂളിൽ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്.

ജ്യോതി രാജേന്ദ്രനും ഇന്ദിര വി.എസ്.എസ്. നമ്പൂതിരിയും മൂസ്സദ് ദമ്പതികളുടെ മറ്റു രണ്ടു മക്കളാണ്. സഞ്ജയും ശ്രുതിയും ഇന്ദിരയുടെ കുട്ടികളും.

**കോഴിക്കോട് സിറ്റി**
**ഉപസഭാ സെക്രട്ടറി**

---

## സംസ്ഥാന സമിതി ഭാരവാഹികൾ

വൈക്കം പി.എൻ. നമ്പൂതിരി (പ്രസിഡന്റ്)
ഫോൺ: 0482 9225758

നാരായണൻ നമ്പൂതിരി പി.എസ്. (വൈസ് പ്രസിഡന്റ്)
ഫോൺ: 9447988730

കൃഷ്ണൻ നമ്പൂതിരി കാരക്കാട് (ജനറൽ സെക്രട്ടറി)
ഫോൺ: 9446033490

വിജയൻ നമ്പൂതിരി എൻ. (സെക്രട്ടറി)
ഫോൺ: 9447358828

നാരായണ ഭട്ടതിരി കരുവാട്ടുമന (ട്രഷറർ)
ഫോൺ: 9961893934

പി.ഡി. നാരായണൻ നമ്പൂതിരി
പാലാഞ്ചേരി ഇല്ലം (കോഴിക്കോട് നിന്നുള്ള സംസ്ഥാന പ്രതിനിധി)
ഫോൺ: 9645627982

### വനിതാ വിഭാഗം

സി.എൻ.സോയ (പ്രസിഡന്റ്)
ഫോൺ: 9447568132


അജിത കെ.സി.ടി.പി. (സെക്രട്ടറി)
ഫോൺ: 9446217308

### യുവജന വിഭാഗം

കൃഷ്ണൻ നമ്പൂതിരി (പ്രസിഡന്റ്)
ഫോൺ: 9847710972

ജിഷ്ണു നാരായണൻ നമ്പൂതിരി (സെക്രട്ടറി)
ഫോൺ: 9995692798

നീലകണ്ഠ ഭരദ്വാജ് (ട്രഷറർ)
ഫോൺ: 9943405776




DAMODARAN NAMBOOTHIRI.C.C

PHOTOGRAPHY | VIDEOGRAPHY | ALBUMS
ONLINE SERVICES | ALLIED SERVICES
& EVENTS

niharika
colors of festivals

Call: +91 944 713 8939 | 808 690 5696

www.niharikafestivals.com

Follow: niharikafestivals /



ഭീമ ഗോൾഡ് ട്രീ
സ്വർണ്ണ സ്വപ്നങ്ങൾ സത്യമാക്കൂ,
ലളിതമായ കരുതിവെയ്പ്പുകളിലൂടെ
ഞങ്ങളുടെ ഷോറൂമുകൾ എല്ലാ ഞായറാഴ്ച്ചയും തുറന്ന് പ്രവർത്തിക്കുന്നതാണ്.
KOZHIKODE. T: 0495 415 0000
KANNUR. T: 0497 270 3333
SULTHAN BATHERY. T: 04936 223400
BHIMA SILVER: SPACE MALL, JAFFER KHAN COLONY RD. T: 0495 4044028
BHIMA SILVER
BHIMA
GOLD • DIAMONDS • SILVER • PLATINUM
INDIA • UAE
SINCE 1925